# സുന്നി അഫ്കാർ

2011 ജൂൺ 29 | 26 റജബ് 1432 | പുസ്തകം 01 ലക്കം 41

19/അസ്‌ലം ഇരിങ്ങാട്ടിരി
ദൈവിക ചിന്തയിലേക്ക് ഉതിർന്നുവീഴുന്ന മഴനാരുകൾ

23/സി എച്ച് സ്വാലിഹ്
സിഎച്ച് കുഞ്ഞീൻ മുസ്‌ലിയാർ കാലം മറക്കാത്ത കർമയോഗി

## യാത്രകളിലെ പെണ്ണിരകൾ മുഖ്യധാരയുടെ പരിഹാരമെന്താണ്?

08



അബ്ദുൽ നാസർ എം മാളിയേക്കൽ

## മുസ്‌ലിമിന്റെ യാത്ര ഇസ്‌ലാം ഇടപെടുന്നു



11

എം എ ജലീൽ സഖാഫി പുല്ലാര

## കെ കെ ഹസ്റത്തിന്റെ വസ്വിയ്യത്ത്

16



മുഹമ്മദ് റാശിദ് പുതുപ്പള്ളി
മുഹമ്മദ് ആരിഫ് പുതുപ്പള്ളി

27/മഹ്മൂദ് പനങ്ങാങ്ങര
ആയിരത്തി തൊള്ളായിരത്തി ഇരുപത്തി ഒന്ന്

31/പിണങ്ങോട് അബൂബക്കർ
ജാവക്കൽ മഖാം അന്നദാനത്തിലെ ഉന്നത മാതൃക

വായനക്കാരുടെ എഴുത്തുകൾ
ഒറ്റൊന്ന്
വാർത്ത
വിചാരപഥം

**വില 5 രൂപ**
സമസ്താലയം, ചേളാരി
തേഞ്ഞിപ്പലം - 673 636
മലപ്പുറം ജില്ല, കേരള
ഫോൺ: 0494 2400938
sunniafkar@gmail.com

**മാനേജിങ് ഡയറക്ടർ : പാണക്കാട് സയ്യിദ് ഹൈദറലി ശിഹാബ് തങ്ങൾ**

**ചീഫ് എഡിറ്റർ**
പ്രൊഫ. കെ ആലിക്കുട്ടി മുസ്‌ലിയാർ
**എക്സിക്യൂട്ടീവ് എഡിറ്റർ**
പിപി മുഹമ്മദ് ഫൈസി
**എഡിറ്റർ**
വേങ്ങൂർ സ്വലാഹുദ്ദീൻ റഹ്മാനി

**എക്സിക്യൂട്ടീവ് ഡയറക്ടർ**
ഹാജി കെ മമ്മദ് ഫൈസി
**ജനറൽ മാനേജർ**
അബ്ദുസ്സമദ് പൂക്കോട്ടൂർ
**പബ്ലിഷർ**
എംപിഎം അസ്സൻ ശരീഫ് കുരിക്കൾ

**സർക്കുലേഷൻ**
സിപി ഇഖ്ബാൽ
**കവർ**
ശംസീർ
**ലേ-ഔട്ട്**
ഹമീദ് മേൽമുറി

കത്തുകൾ ഇ-മെയിലും ചെയ്യാം: editorsunniafkar@gmail.com



# മഹല്ല് കമ്മിറ്റികൾ ഇടപെടുക തന്നെ വേണം

**പിഎം ഖാസിം അൻവരി**
വാടനാംകുർശി, ഷൊർണൂർ

**കേ**രളീയ ഇസ്‌ലാമിക സമൂഹത്തിന്റെ കെട്ടുറപ്പിന്റെയും ഐക്യത്തിന്റെയും നാനാവിധ പുരോഗതികളുടെയും അണിയറശിൽപികളും സൂത്രകാരൻമാരുമാണു മഹല്ല് കമ്മിറ്റികൾ. സമൂഹത്തിന്റെ നാഡിമിഡിപ്പുകൾ സസൂക്ഷ്മം നിരീക്ഷിച്ചു പോരായ്മകൾ പരിഹരിച്ചു വ്യക്തിയിലും കുടുംബത്തിലും ഒരുപോലെ ഇടപെട്ടു മത സാമൂഹ്യ സാംസ്കാരിക വിദ്യാഭ്യാസ മേഖലകളിൽ പുരോഗമനാത്മകമായ പദ്ധതികളാവിഷ്കരിച്ചു നടപ്പിലാക്കാനുള്ള ഭൗതിക ചുറ്റുപാടുകളുടെ അനുകൂലാവസ്ഥയിലാണ് ഇന്നത്തെ ഭൂരിഭാഗം മഹല്ല് ഭരണസാരഥികളുമുള്ളത്. മാനിക്കേണ്ടവരെ മാനിച്ചും കുട്ടികളെ നന്മയിലേക്കു വഴിതിരിച്ചുവിട്ടും യുവസമൂഹത്തിനു ദിശാബോധം നൽകിയതും അർഹരായവർക്ക് അർഹമായ സ്ഥാനമാനങ്ങൾ വകവച്ചു കൊടുത്തും അഭിപ്രായങ്ങൾ മുഖവിലയ്ക്കെടുത്തും ജീവിതവിശുദ്ധിയിലും സ്വഭാവത്തിലും ധിഷണയിലും മികവു പുലർത്തുന്ന പ്രത്യുൽപ്പന്നമതികളായ മാതൃകയോഗ്യരും അർപ്പണമനോഭാവവും ആത്മാർത്ഥതയുമുള്ളവരെ തെരഞ്ഞെടുത്ത് ആ സ്ഥാനങ്ങളിൽ അവരോധിക്കുകയും പണ്ഡിതനേതൃത്വ കൂട്ടായ്മയിലൂടെ യോജിച്ചു പ്രവർത്തനം നടത്തുകയുമാണെങ്കിൽ ഓരോ പ്രദേശവും നന്മയുടെയും സദാചാരത്തിന്റെയും സ്വസ്ഥതയുടെയും സമൃദ്ധ ഭൂമിയാവുമെന്നതിൽ സംശയമില്ല. ഒരേസമയം ഭരണാധികാരികളും നീതിനിർവഹണ സഭകളും നവോത്ഥാന നായകരുമായി വർത്തിക്കാനവർക്കു കഴിയും. പൂർവികർ അവരുടെ സമ്പത്തിന്റെ നല്ലൊരു ഭാഗം പള്ളികൾക്കും മറ്റു ദനീസ്ഥാപനങ്ങൾക്കും നീക്കിവച്ചു കാരണം കൂടുതൽ മസ്ജിദുകളും അനുബന്ധ സ്ഥാപനങ്ങളും ഇന്നു സ്വയംപര്യാപ്തമാണ്. അവരുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾക്കനുസരിച്ച്

അതു വിനിയോഗിക്കുകയും ഇസ്ലാമിക ദഅ്‌വ പ്രവർത്തനങ്ങൾ നടത്തുകയുമാണ് ഉത്തരവാദിത്തം.
വർത്തമാനകാല സമൂഹത്തിലെ മഹല്ലു കമ്മിറ്റികളെ ഈ അടിസ്ഥാനത്തിൽ വിലയിരുത്തുകയും അതിനു വഴിയൊരുക്കലും സമുദായ സ്നേഹികളുടെയും ഉത്ബുദ്ധ മനസ്സുകളുടെയും ബാധ്യതയാണ്.
മഹല്ല് കമ്മിറ്റി തെരഞ്ഞെടുപ്പ് മുതൽ ഭരണ നിർവഹണം, ധനവിനിയോഗം വരെ വ്യക്തമായി നിരൂപണവിധേയമാക്കിയാൽ സകല സീമകളുടെയും തത്വങ്ങളുടെയും ലംഘനമാണു ദൃശ്യമാവുക. ഇതിന്നപവാദമായി മാതൃകാപരമായ പ്രവർത്തനങ്ങൾ കാഴ്ചവക്കുന്ന, വിരലിലെണ്ണാവുന്ന കമ്മിറ്റികളുണ്ടെന്ന യാഥാർത്ഥ്യം വിസ്മരിക്കുന്നില്ല. മതപരമായ വിഷയങ്ങളിൽ അവഗാഹവും ജീവിതവിശുദ്ധിയുമുള്ള മാതൃകാപരമായ വ്യക്തികളാണു കമ്മിറ്റിയിലേക്കു തെരഞ്ഞെടുക്കപ്പെടേണ്ടത് എന്ന് എല്ലാ മഹല്ല് കമ്മിറ്റികളുടെയും നിയമാവലിയിൽ കാണാം. എന്നാൽ, പണവും സ്വാധീനവും രാഷ്ട്രീയ പിൻബലവുമുള്ള ഏത് അധികാരമോഹിക്കും മതപരമോ മറ്റോ ആയ യാതൊരു യോഗ്യതയുമില്ലാതെ കടന്നുവരാനുള്ള ഒരു മേഖലയായി മഹല്ല് ഭരണം മാറിയിരിക്കുന്നു. ഇത്തരക്കാർ അവരുടെ സ്വാർത്ഥ താൽപര്യങ്ങൾ അനുസരിച്ചാണ് ഭരണചക്രം കറക്കികൊണ്ടിരിക്കുന്നത്. മതപ്രചാരണമോ സമൂഹത്തിന്റെ നവോത്ഥാനമോ അവരുടെ അജണ്ടയിൽ ഇല്ലതന്നെ. സാധുസഹായം, വിവാഹ ധനസഹായം, ജീവകാരുണ്യ പ്രവർത്തനങ്ങൾ ഇവർക്കു തീർത്തും അന്യമാണ്. പണ്ഡിതൻമാരെയും ഭാവിയുടെ പ്രതീക്ഷകളായ യുവസമൂഹത്തെയും ഭരണത്തിന്റെ ഏഴയലത്തു പോലും അടുപ്പിക്കുന്നില്ല. പണ്ഡിതൻമാരെ അകറ്റിയത് അനിസ്ലാമിക തീരുമാനങ്ങൾക്കും അധികാര ദുർവിനിയോഗത്തിനും യുവസമൂഹത്തെ അവഗണിച്ചത് അച്ചടക്കലംഘനത്തിനും അരുതായ്മകൾക്കും കാരണമായി. പണ്ഡിതന്മാരെയും ചെറുപ്പക്കാരെയും കമ്മിറ്റിയിലെടുക്കരുതെന്ന അലിഖിത നിയമം പലയിടത്തുമുണ്ട്. ഉദ്ദേശ്യലക്ഷ്യങ്ങളിൽ പ്രധാനമായും പറയുന്നത് മഹല്ലിലെ ഇസ്ലാമിക പ്രചരണ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുക, ഭൗതിക വിദ്യാഭ്യാസത്തിനു പ്രോത്സാഹനം നല്കുക, ഐക്യവും സ്നേഹവും നില നിർത്തുന്നതിനു സഹായകമായ പ്രവർത്തനങ്ങൾ നടത്തുക എന്നിവയാണ്. ആധുനിക ഭരണകർത്താക്കൾ ഇവ ഗൗരവത്തിൽ എടുക്കുന്നില്ല എന്നതാണു വാസ്തവം.
നികാഹ് നടത്തികൊടുക്കുക, വിവാഹ സർട്ടിഫിക്കറ്റ് നൽകുക, ത്വലാക്കിന്റെ ലെറ്റർ സ്വീകരിക്കുക, പള്ളിയിൽ ഖത്വീബ്, മുഅദ്ദിൻ എന്നിവരെ നിയമിക്കുക, തുച്ഛമായ വേതനം നൽകുക, അവരോട് അതൃപ്തി വരുമ്പോൾ പിരിച്ചുവിടുക, വല്ലപ്പോഴും മെയിന്റനൻസിന് അൽപം പണം ചെലവഴിക്കുക. ഇവ മാത്രമാണ് അവരുടെ ദൃഷ്ടിയിൽ മഹല്ല് ഭരണം. ദീനീ ദഅ്‌വത്തിന് പ്രാപ്തനായ ഒരു ഇമാം പള്ളിയിൽ ഉണ്ടായിരിക്കേണ്ടതു നിർബന്ധമായ കാര്യമാണ്. അധിക മസ്ജിദുകളിലും കഴിവും പ്രതിഭാധനത്വവുമുള്ള പണ്ഡിതൻമാർ സേവനം ചെയ്യുന്നുണ്ടെങ്കിലും സ്വാർത്ഥംഭരികളായ കമ്മിറ്റിക്കാരുടെ ശക്തമായ ബന്ധനത്തിൽ വരിഞ്ഞു മുറുക്കപ്പെട്ട നിലയിലാണു മിക്ക പേരും. യുവസമൂഹത്തെ സംഘടിപ്പിച്ചു മതപഠന ക്ലാസുകൾ ഒരുക്കിയും മറ്റും മുന്നേറ്റത്തിന് ഇമാം മുന്നോട്ടുവന്നാൽ തന്നെ അധികാരം നഷ്ടമാവുമോ, സ്ഥാനചലനം സംഭവിക്കുമോ എന്ന സങ്കുചിത ചിന്തയാണ് അവരെ അലട്ടുന്നത്. ഈ ഭയം പദ്ധതിക്കു തുരങ്കം വയ്ക്കുന്നതിലേക്കും ഇമാമിനെ നാടുകടത്തുന്നതിലേക്കുമാണ് ചെന്നത്തുക. ഇമാമുമാരുടെയും മദ്റസാ അധ്യാപകരുടെയും വേതനവും ഇവിടെ ചർച്ച ചെയ്യേണ്ട പ്രധാന വിഷയമാണ്. അവർക്കും ഒരു കുടുംബവും ബാധ്യതകളുമുണ്ട് എന്ന കാര്യം കമ്മിറ്റികൾ ഓർക്കുന്നേയില്ല. മതാധ്യാപകർക്ക് അർഹമായ വേതനം നൽകുന്നതിൽ കമ്മിറ്റികൾ പ്രത്യേകിച്ചും സമൂഹം പൊതുവിലും ആക്ഷേപാർഹമായ ലുബ്ധതയാണു പ്രകടിപ്പിക്കുന്നത്. അധികാരികളുടെ നിരുത്തരവാദപരമായ ധാരാളം പേർ ഈ രംഗം വിട്ടുകൊണ്ടിരിക്കുകയാണ്. മതപഠന രംഗത്തേക്ക് കടന്നുവരുന്നവർ ഗണ്യമായി കുറഞ്ഞുവരികയും ചെയ്യുന്നു. വരും കാലങ്ങളിൽ മതാധ്യാപനത്തിനും പള്ളി ഇമാമുമായും ആളെ കിട്ടിയില്ലെങ്കിൽ അതിന്റെ പാപഭാരം ചുമയ്ക്കേണ്ടിവരിക ഇത്തരം ഭരണകർത്താക്കളായിരിക്കും. ഇമാമുമാരെ കേവലം നിസ്കാരത്തൊഴിലാളികളായി മാത്രം കണക്കാക്കുന്നവരും കൂട്ടത്തിലുണ്ട്.
പ്രാഥമിക മതപഠന ശാലകളായ മദ്റസകൾ പല കമ്മിറ്റികളും നടത്തുന്നുണ്ടെന്നതു പ്രശംസനീയമാണെങ്കിലും പഠനത്തിനുള്ള ഭൗതിക സൗകര്യങ്ങൾ പരിമിതാവസ്ഥയിലായിരിക്കും കൂടുതൽ സ്ഥാപനങ്ങളിലും. ആവശ്യത്തിനു ക്ലാസ് മുറികളും അധ്യാപകർക്ക് ലൈറ്റ്, ഫാൻ, ടോയ്ലെറ്റ് സൗകര്യം ഇവയൊന്നും ഇല്ലാതെ വീർപ്പുമുട്ടുന്ന ധാരാളം മദ്റസകൾ നമുക്ക് മുന്നിലുണ്ട്. ഇത്യാതി കാര്യങ്ങൾ ബന്ധപ്പെട്ടവർ കമ്മിറ്റിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നാലും ഇവ അധികച്ചെലവാണെന്ന ധാരണയിൽ അവഗണിക്കലാണ് അധിക കമ്മിറ്റികളും.
വികസനാത്മകവും പുരോഗമനാത്മക്വുമായ പദ്ധതികൾ ഉസ്താദുമാർ കമ്മിറ്റികൾക്കു മുന്നിൽ സമർപ്പിക്കുമ്പോൾ അതിനെക്കുറിച്ച് പഠിക്കുകയോ ദീർഘവീക്ഷണം നടത്തുകയോ ചെയ്യാതെ, അതിൽ അവർക്ക് എന്തെങ്കിലും താൽപര്യങ്ങളുണ്ടായിരിക്കുമെന്ന വിചാരവും സ്ഥാനം ഇടിയുമോ എന്ന ഭയവും അവരെ പിൻവലിയാൻ പ്രേരിപ്പിക്കുന്നു.
ഇന്നുള്ള കമ്മിറ്റികളുടെ ഇസ്ലാമിക പ്രവർത്തനമായി നാം കാണുന്നത് മദ്രസ നടത്തിപ്പു മാത്രമാണ്. അതു തന്നെ ഈ രൂപത്തിലും.
വരുമാന മാർഗങ്ങളും സാമ്പത്തിക ഭദ്രതയുമില്ലാത്ത മത സ്ഥാപനങ്ങളുടെ അനാഥത്വം ഇന്നു നേർക്കാഴ്ചയാണ്. മദ്യസ്ഥതയിൽ പക്ഷം പിടിക്കലും തീരുമാനങ്ങളിൽ വ്യക്തി വൈരാഗ്യം തീർക്കലും പല കമ്മിറ്റികളെയും ജനങ്ങളിൽ നിന്നു ബഹുദൂരം അകറ്റിയിരിക്കുന്നു. ഇഷ്ടം പോലെ പണം പിരിക്കുക, അത്യാവശ്യത്തിനുപോലും ചെലവാക്കാതെ ബാലൻസ് കനപ്പിക്കുക തുടങ്ങിയവ ചിലർ വലിയ കാര്യമായി കണക്കാക്കുന്നു.

## വായനക്കാരുടെ എഴുത്തുകൾ

കത്തുകൾ ഇ-മെയിലും ചെയ്യാം: editorsunniafkar@gmail.com

# എന്തും ചെയ്യാം എന്ന തോന്നൽ അപകടമാണ്

**അബ്ദുറഊഫ് സി മാണിയൂർ**
കെകെഎച്ച്എം ഇസ്‌ലാമിക് ആന്റ് ആർട്സ് കോളേജ്, വളാഞ്ചേരി

അല്ലാഹുവിനെ ആരാധിച്ച്, അവനു വഴിപ്പെട്ട്, അവൻ കൽപ്പിച്ചത് അനുസരിച്ച് അവൻ വിരോധിച്ചത് ഒഴിവാക്കി ജീവിച്ചാൽ മാത്രമേ പരലോക വിജയം നേടാൻ സാധിക്കുകയുള്ളൂ എന്നു നമുക്കറിയാം. എന്നാൽ, ഭൗതികമായ ചില കാര്യലാഭങ്ങൾക്കു വേണ്ടി മുസ്‌ലിം സമൂഹത്തിൽ പെട്ടവർ മതം അനുവദിക്കാത്ത കാര്യങ്ങൾ ചെയ്തുകൂട്ടുന്നത് ദൗർഭാഗ്യകരമാണ്. ചില നൈമിഷിക സുഖങ്ങൾക്കു വേണ്ടി സ്വയം മറന്നു മുസ്‌ലിം സമൂഹം പലതും കാട്ടിക്കൂട്ടുന്നു. മറ്റുള്ളവരുടെ മുമ്പിൽ വലിയ ആളാവാൻ വേണ്ടി, അല്ലെങ്കിൽ അഹങ്കാരം നടിക്കാൻ വേണ്ടി ചിലപ്പോൾ സ്വന്തം സഹോദരനെ ഇകഴ്ത്തുന്നു. ചെറിയചെറിയ തെറ്റുകൾ സ്ഥിരമായി ചെയ്തുകൂട്ടി സ്വന്തം ശരീരത്തെ വൻ അപകടത്തിലേക്കു തള്ളിയിടുകയാണവർ ചെയ്യുന്നത്.

'നീ ചെയ്യുന്നത് തെറ്റാണെ'ന്ന് അവരോട് പറഞ്ഞാൽ അവർ പറയും, 'അതെ എനിക്കറിയാം അത് തെറ്റാണെന്ന്, ഞാൻ അല്ലാഹുവിൽ യാതൊരു പങ്കുകാരെയും ചേർത്തിട്ടില്ല, ചെയ്ത തെറ്റുകൾക്ക് പശ്ചാത്താപം നടത്തും' എന്നൊക്കെ. ഇങ്ങിനെയൊക്കെ ഉണ്ടാകുമെന്നും, അങ്ങിനെയൊരു സമൂഹം ഉണ്ടായാൽ അന്ത്യനാളിനെ നിങ്ങൾ പ്രതീക്ഷിച്ചു കൊള്ളുക എന്നും തിരു ഹദീസുകളിൽ വന്നിട്ടുള്ളതാണ്. ഓർക്കുക,

> സ്വന്തം സഹോദരനെ കുറിച്ച് അവനിഷ്ടമില്ലാത്ത കാര്യങ്ങൾ പറഞ്ഞു പ്രചരിപ്പിക്കുക എന്നത് ഇന്നത്തെ സമൂഹത്തിന്റെ ഒരു ശീലമായി മാറിയില്ലേ? വ്യഭിചാരത്തേക്കാളും കൊലയെക്കാളും വലിയ കുറ്റമായിട്ടാണു നബി(സ്വ) ഗീബത്തിനെയും നമീമത്തിനെയും എണ്ണിയിരിക്കുന്നത്. മനുഷ്യന്റെ അഹങ്കാരമാണ് അവനെ തെറ്റു ചെയ്യാൻ പ്രേരിപ്പിക്കുന്നത്. എന്തും ചെയ്യാൻ അധികാരമുണ്ട് എന്ന തോന്നൽ ഇങ്ങനെ പോയാൽ വൻ നാശത്തിലേക്കാണു ചെന്നെത്തുക എന്നതിൽ യാതൊരു സംശയവുമില്ല

ഒരു വലിയ കുറ്റം ചെയ്തു കൊണ്ടിരിക്കുമ്പോഴാണ് റൂഹ് പിടികൂടുന്നതെങ്കിൽ പിന്നെ നമുക്ക് യാതൊരു രക്ഷയും ഉണ്ടാവില്ല.

കള്ള് കുടിക്കൽ ഹറാമാണെന്നും വ്യഭിചാരം ഏറ്റവും വലിയ കുറ്റമാണെന്നും നിസ്കാരം ഒഴിവാക്കിയാലുള്ള ശിക്ഷയും അന്യന്റെ മുതൽ അപഹരിക്കാൻ പാടില്ലാത്തതാണെന്നും ഏതു മുസ്‌ലിമിനാണു അറിയാത്തത്? പിന്നെന്തേ നാം തെറ്റുകളിൽ മുഴുകി ജീവിക്കുന്നു?

സ്വന്തം സഹോദരനെ കുറിച്ച് അവനിഷ്ടമില്ലാത്ത കാര്യങ്ങൾ പറഞ്ഞു പ്രചരിപ്പിക്കുക എന്നത് ഇന്നത്തെ സമൂഹത്തിന്റെ ഒരു ശീലമായി മാറിയില്ലേ? വ്യഭിചാരത്തേക്കാളും കൊലയെക്കാളും വലിയ കുറ്റമായിട്ടാണു നബി(സ്വ) ഗീബത്തിനെയും നമീമത്തിനെയും എണ്ണിയിരിക്കുന്നത്. മനുഷ്യന്റെ അഹങ്കാരമാണ് അവനെ തെറ്റു ചെയ്യാൻ പ്രേരിപ്പിക്കുന്നത്. എന്തും ചെയ്യാൻ അധികാരമുണ്ട് എന്ന തോന്നൽ ഇങ്ങനെ പോയാൽ വൻ നാശത്തിലേക്കാണു ചെന്നെത്തുക എന്നതിൽ യാതൊരു സംശയവുമില്ല.

മനുഷ്യരിൽ തെറ്റുകൾ സംഭവിക്കുക എന്നതു സ്വാഭാവികമാണ്. എത്രയും പെട്ടെന്ന് ഖേദിച്ചു മടങ്ങുകയാണു വേണ്ടത്. ഒരടിമ എത്ര നന്ദികേടു കാണിച്ചാലും അവനെ അപകടങ്ങളിൽനിന്നു കാത്തുരക്ഷിക്കുന്ന അല്ലാഹു പൊറുത്തു തരാൻ തയ്യാറാണ്. ചെയ്തുപോയ പാപങ്ങൾ ഏറ്റുപറഞ്ഞു അല്ലാഹുവിനോടു പാപമോചനം തേടിയാൽ അല്ലാഹു പൊറുത്തുതരാതിരിക്കില്ല.

ഒറ്റൊന്ന്

• പാണക്കാട് സയ്യിദ് ബശീറലി ശിഹാബ് തങ്ങൾ
*basheeralithangal@gmail.com*

# അനുഗ്രഹപ്പെയ്ത്ത്

മഴ മനുഷ്യ മസ്തിഷ്കത്തിന്റെ നെരിപ്പോടുകൾക്ക് എന്നും കുളിരാണ്. ചുട്ടുപഴുത്ത പ്രകൃതിയുടെ പച്ചക്കുടക്കുമേൽ ആശ്വാസമായി അതു പെയ്തൊഴിയുന്നു. അത്ഭുതകരമായ ഒട്ടനേകം പ്രതിഭാസങ്ങളുടെ പ്രതീകമാണത്. നിരവധി ചരിത്രസംഭവങ്ങളുടെ ദാതാവ്, ഒട്ടനവധി സാഹിത്യ സൃഷ്ടികളുടെ ഇര... അങ്ങനെ മഴയുടെ മേൽവിലാസം അനന്തമായി നീളുന്നു, മനുഷ്യനുള്ള കാലത്തോളം.

അതിലുപരി, അതിശക്തമായ പാഠങ്ങളുടെയും ചിന്തോദ്ദീപകമായ അധ്യായങ്ങളുടെയും ഉറവിടം കൂടിയാണു മഴ. ജീവിതത്തിലുടനീളം അന്വേഷണാത്മക വിദ്യാഭ്യാസത്തിന്റെ പതാകവാഹകനായ മുസ്‌ലിമിനു മഴ അവസാനിക്കാത്ത അധ്യായമാണ്. മഹാനായ റസൂൽ(സ്വ)യുടെ ഓരോ ചലനങ്ങളും ചിന്തയും അന്വേഷണവുമായിരുന്നുവെന്ന് ഇമാം ബുഖാരി(റ).

പ്രാഥമികമായി മഴ, അല്ലാഹുവിന്റെ അനുഗ്രഹത്തിന്റെ അനുസ്യൂത പ്രവാഹമാണ്. അതോടൊപ്പം, ജീവജാലങ്ങളുടെ അതിജീവനത്തിന്റെ സൂത്രവാക്യവും അതിശക്തമായ കടമ നിർവഹണത്തിന്റെ വിളംബരവുമാണ്. “നിങ്ങൾക്കു വേണ്ടി ഭൂമിയെ മെത്തയും ആകാശത്തെ മേൽപുരയുമാക്കിത്തരികയും ആകാശത്തുനിന്നു വെള്ളം ചൊരിഞ്ഞുതന്നിട്ടു അതുവഴി നിങ്ങൾക്ക് കായ്ക്കനികൾ ഉത്പാദിപ്പിച്ചു തരികയും ചെയ്തവനാണവൻ. അതിനാൽ ഇതെല്ലാം അറിഞ്ഞുക്കൊണ്ട് നിങ്ങൾ അവനു സമൻമാരെ ഉണ്ടാക്കരുത്.” (വി.ഖു: 2/22)

പ്രപഞ്ചത്തിന്റെ സർവ പ്രതിഭാസത്തിലും മനുഷ്യർക്ക് ഗുണപാഠമുണ്ടെന്നു വിശുദ്ധ ഖുർആനിൽ (2:164) കാണാം. ഉപ്പുജലം നിറഞ്ഞതും ഉപയോഗശൂന്യവുമായ സമുദ്രോപരിതല ജലത്തിൽ നിന്നു അനുഗ്രഹത്തിന്റെ ബാഷ്പ കണങ്ങൾ ഉയർന്നുയർന്നു ഘനീഭവിച്ചു ടൺകണക്കിനു ഭാരമുള്ള ഐസുകട്ടകൾ പഞ്ഞിക്കെട്ടുപോലെ കാറ്റിന്റെ വികൃതിക്കനുസരിച്ച് ഒഴുകിനടക്കുന്നതും അവസാനം തിരിമുറിയാത്ത ഞാറ്റുവേലയായി പെയ്തിറങ്ങി സർവതല ഉപയോഗപൂർണമായ ശുദ്ധവും ശീതളവുമായ ജലമായിത്തീരുന്നതും എത്രമാത്രം അത്ഭുതകരമാണ്!

ഈ അനുഗ്രഹത്തിനു യഥാവിധി നന്ദി ചെയ്യാൻ ശക്തമായ ആഹ്വാനം ചെയ്യുകയാണു സൂറത്ത് വാഖിഅയിലൂടെ അല്ലാഹു. “നിങ്ങൾ പാനം ചെയ്യുന്ന ജീവജലം കാണുന്നില്ലേ? നാമുദ്ദേശിക്കുന്ന പക്ഷം അതിനെ ഉപയോഗ ശൂന്യമായ ഉപ്പുജലമാക്കുമായിരുന്നു. എന്നിരിക്കെ നിങ്ങളെന്താണു നന്ദി കാണിക്കാത്തത്?” (അൽ വാഖിഅ)

നിശ്ചിത അളവിൽ, നിശ്ചിത സ്ഥലത്ത് അല്ലാഹുവിന്റെ കൃത്യമായ കണക്കുകൂട്ടലുകൾക്കു വിധേയമായാണു മഴയെന്ന പ്രതിഭാസമെന്ന് അല്ലാഹു ഉദ്ഘോഷിക്കുന്നു. “ആകാശത്തു നിന്ന് നാം ഒരു നിശ്ചിത അളവിൽ വെള്ളം ചൊരിയുകയും എന്നിട്ട് നാം അതിനെ ഭൂമിയിൽ നിലനിർത്തുകയും ചെയ്തിരിക്കുന്നു. അതു വറ്റിച്ചുകളയാൻ നാം കഴിവുള്ളവനാവുന്നു.”(അൽ മുഅ്മിനൂൻ: 18)

മഴയുടെ സർഗാത്മക സംഗീത സാന്ദ്രതയ്ക്കപ്പുറം, അതിന്റെ രൗദ്രത നമ്മെ ഭയപ്പെടുത്തുന്നു. ചരിത്രത്തിലെ ഏറ്റവും വലിയ ശിക്ഷാനടപടി അല്ലാഹു സ്വീകരിച്ചതു മഴയിലൂടെയായിരുന്നു. മഹാനായ നൂഹ് നബിയുടെ സമൂഹത്തെ ഒന്നടങ്കം പ്രളയത്തിൽ മുക്കിക്കൊല്ലാൻ വേണ്ടി അല്ലാഹു ആദ്യമായി കൽപ്പിച്ചത് ആകാശത്തോടു മഴ വർഷിക്കാനായിരുന്നു. “അപ്പോൾ കുത്തിച്ചൊരിയുന്ന മഴയാൽ ആകാശത്തിന്റെ വാതിലുകൾ നാം മലർക്കെ തുറന്നു.” (വി.ഖു: 54/11)

അനുഗ്രഹ-നിഗ്രഹങ്ങളുടെ പ്രതീകമായ മഴയിൽ ചിന്തിക്കാനൊരുപാടുണ്ട്. ഇത്തരം പ്രകൃതി പ്രതിഭാസങ്ങളിലൂടെ അല്ലാഹുവിനെ കണ്ടെത്തുന്നവരാണു ബുദ്ധിമാൻമാർ, അവരാണു സത്യവിശ്വാസികൾ.

# യാത്രകളിലെ പെണ്ണിരകൾ മുഖ്യധാരയുടെ പരിഹാരമെന്താണ്?

പ്രധാന സ്റ്റോറി

• **അബ്ദുൽ നാസർ എം മാളിയേക്കൽ**

*പൊട്ടിത്തെറിക്കുന്ന പാചക വാതക-*
*കുറ്റിയിലെ പാമ്പ് തീ തുപ്പി നേർക്കവേ*
*കത്തിയെരിയുന്ന വെറുമൊരു വാർത്ത*
*യായ്*
*കെട്ടടങ്ങുന്നവൾ, യാത്രയ്ക്കിടയിലായ്*
*ആരാന്റെ ദാഹം ശമിപ്പിക്കുവാൻ ചുടു-*
*ചായ പകർന്നിട്ടെറിഞ്ഞുടയ്ക്കാൻ*
*മാത്ര-*
*മാരോ മെനഞ്ഞ മൺ പാത്രമാകുന്ന*
*വൾ*

**പെങ്ങൾ-ഒ എൻ വി**

**യാ**ത്രയിലെ സ്ത്രീ എന്നും വാർത്തയും വിവാദവുമാണ്. ഷൊർണൂർ സംഭവമടക്കമുള്ള പല സമീപകാല സംഭവ വികാസങ്ങളുടെയും പശ്ചാത്തലത്തിൽ ഒഎൻവി കവിതയിലെ ദാഹം ശമിപ്പിക്കലും മൺപാത്രമുടയലും പുതിയ വീണ്ടുവിചാരങ്ങളിലേക്കു കേരള പരിസരത്തെ കൊണ്ടെത്തിച്ചിട്ടുണ്ട്. അകത്തും പുറത്തും സ്ത്രീത്വം അവമതിക്കപ്പെടുമ്പോൾ അതിന്റെ കാര്യകാരണങ്ങൾ നേരാംവണ്ണം വിലമതിക്കാൻ പലരും അമ്പേ പരാജയപ്പെടു



ന്നു. യാത്രക്കാരായ സ്ത്രീകൾ പീഡി പ്പിക്കപ്പെടുന്നതിനെ കുറിച്ചു പ്രമുഖ എഴുത്തുകാരി സാറാ ജോസഫിനെ പോലുള്ള സ്ത്രീവാദികൾ നെഞ്ചിടി പ്പോടെ പ്രതികരിക്കുമ്പോൾ, 'സ്ത്രീ' ഒറ്റയ്ക്ക് യാത്ര ചെയ്യുന്നതിന്റെ/ ചെയ്തതിന്റെ ന്യായാന്യായങ്ങൾ വിഷയീഭവിക്കേണ്ടതുണ്ട്.

മക്കൾ നഷ്ടപ്പെട്ട അമ്മമാരുടെ കണ്ണീരിന്റെ ചൂടു തട്ടി കൊച്ചു കേരളം നെടുവീർപ്പിടുകയാണ്. സ്ത്രീപീഡനത്തിന് ഒരുപാട് മാതൃക കൾ ഈ കേരളത്തിൽ തപിക്കുന്ന മനസോടെ നമ്മൾ വായിച്ചുതള്ളി. പീഡനത്തിനിരയായ പെൺകുട്ടി കൾക്ക് ചങ്കുപൊട്ടുമാർ മുദ്രാവാക്യം വിളിച്ച് ഐക്യദാർഢ്യം പ്രഖ്യാപി ക്കുന്ന അഭിനവ ഫെമിനിസ്റ്റ് വാദി

**ആഗോളവത്ക്കരണത്തിന്റെ കടന്നുകയറ്റത്തോടെ ലോകം ചുരുങ്ങു കയും ഉത്പന്നങ്ങളോടൊപ്പം സംസ്കാരങ്ങളും പരസ്പര കൈമാറ പ്പെട്ടു. ഇതിന്റെ അനന്തരഫലങ്ങൾ എല്ലായിടത്തുമെന്ന പോലെ കൊച്ചു കേരളത്തിലും അലയടിച്ചു. പാശ്ചാത്യന്റെ വസ്ത്രരീതി അന്ധ മായി അനുകരിക്കാൻ നമ്മുടെ യുവസമൂഹം തയ്യാറായി. ഒരു വൻനാശത്തിന്റെ ആരംഭമായിരുന്നു ഇത്. ഇക്കിളിപ്പെടുത്തുന്നതും പാതിമറഞ്ഞതും അംഗവടിവ് വ്യക്തമാക്കുന്നതുമായ ഉടയാടകള ണിഞ്ഞു നമ്മുടെ മങ്കമാർ നിരത്തിലിറങ്ങിയതോടെ പീഡനങ്ങൾ തുടർക്കഥയായി മാറി. ഫെമിനിസ്റ്റുകൾ അപ്പോഴും സ്ത്രീ സമത്വത്തിനു തെരുവിൽ മുദ്രാവാക്യം വിളിച്ചു**



കൾ കാടടച്ചു വെടി വയ്ക്കുകയാണ്.

സ്ത്രീ സമത്വത്തിനും തുല്യാവ കാശത്തിനും നിയമസഭയുടെ നടു ത്തളത്തിൽ വിപ്ലവം തീർക്കുന്നവർ സ്ത്രീയെ കുറിച്ച് ഇനിയും ഒരുപാട് മനസ്സിലാക്കാനുണ്ട്. സ്ത്രീക്ക് അവ ളർഹിക്കുന്ന വേഷവും രീതികളുമു ണ്ട്. അതിൽ നിന്നു അവൾ തെറ്റിനട ക്കുമ്പോൾ പീഡനങ്ങൾ തുടർക്കഥ യായി മാറും.

നമ്മുടെ മഹിളാ രത്നങ്ങൾ വീട്ടി നുള്ളിൽ കഴിഞ്ഞുകൂടുകയും കുടുംബ ഭരണത്തിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്തിരുന്ന ഒരു മഹത്തായ പാരമ്പര്യം നമുക്കു ണ്ടായിരുന്നു. പാശ്ചാത്യൻ സംസ്കാ രവും അഭിനിവേശങ്ങളും നമ്മെ കീഴടക്കിയപ്പോൾ നമുക്കത് നഷ്ടമാ യി. യൂറോപ്യനിൽ നിന്നു സ്വീകരിച്ച യുക്തിരഹിതമായ ഫെമിനിസ്റ്റ് ചിന്ത കളുമായി ഒരുപറ്റം ആളുകൾ രംഗപ്രവേശം ചെയ്തപ്പോൾ നമ്മുടെ മഹിളകൾക്ക് അവർ അനുഭവിച്ചി രുന്ന സുരക്ഷിതബോധത്തിന് ഭംഗം വന്നു തുടങ്ങി.

പ്രകൃതിപരമായി തന്നെ സ്ത്രീകൾക്ക് വളരെയേറെ പരിമിതി കളുണ്ട്; അതിനനുസരിച്ചു പരിധിക ളും. ആ പരിധികൾക്കു വിഘാതം സൃഷ്ടിക്കുമ്പോൾ അവളുടെ നില നിൽപ്പിനു ശക്തമായ ഭീഷണി നേരി ടുന്നു. അവൾ പുറത്തിറങ്ങുന്ന തിലും അന്യരുമായി ഇടപാടു നട ത്തുന്നതിലും വ്യക്തമായ നിബന്ധ നകളും നിർദേശങ്ങളുമുണ്ട്.

ആഗോളവത്ക്കരണത്തിന്റെ കട ന്നുകയറ്റത്തോടെ ലോകം ചുരുങ്ങു കയും ഉത്പന്നങ്ങളോടൊപ്പം സംസ്കാരങ്ങളും പരസ്പര കൈമാറ പ്പെട്ടു. ഇതിന്റെ അനന്തരഫലങ്ങൾ എല്ലായിടത്തുമെന്ന പോലെ കൊച്ചു കേരളത്തിലും അലയടിച്ചു. പാശ്ചാ ത്യന്റെ വസ്ത്രരീതി അന്ധമായി അനുകരിക്കാൻ നമ്മുടെ യുവസ മൂഹം തയ്യാറായി. ഒരു വൻനാശ ത്തിന്റെ ആരംഭമായിരുന്നു ഇത്. ഇക്കിളിപ്പെടുത്തുന്നതും പാതിമറ ഞ്ഞതും അംഗവടിവ് വ്യക്തമാക്കുന്ന തുമായ ഉടയാടകളണിഞ്ഞു നമ്മുടെ മങ്കമാർ നിരത്തിലിറങ്ങിയതോടെ പീഡനങ്ങൾ തുടർക്കഥയായി മാറി. ഫെമിനിസ്റ്റുകൾ അപ്പോഴും സ്ത്രീ സമത്വത്തിനു തെരുവിൽ മുദ്രാ വാക്യം വിളിച്ചു.

സ്ത്രീകൾ നഗരത്തിലിറങ്ങി പ്രചാരണം നടത്തുന്നതും സ്റ്റേജ് കെട്ടി വനിതാ സമ്മേളനങ്ങൾ സംഘടിപ്പിക്കുന്നതും ഇത്തരം പീഡ നസംഭവങ്ങൾക്കു വെള്ളവും വളവും നൽകലായിരിക്കും. സ്ത്രീ സംരക്ഷണമാണു ഫെമിനിസ്റ്റുക ളുടെ ലക്ഷ്യമെങ്കിൽ അവർ ഒരു പുനർവിചിന്തനം നടത്തേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ഇനിയും സൗമ്യമാർക്കും ശാരിക മാർക്കും വിലപ്പെട്ട ജീവൻ നഷ്ടപ്പെ ടാതിരിക്കാൻ ഈ പരിതസ്ഥിതിയിൽ നിന്നു ഒരു മാറ്റം അത്യന്താപേ ക്ഷിതമാണ്. സംഭവത്തിൽ പ്രതിയാ ക്കപ്പെട്ടവരെ അറസ്റ്റ് ചെയ്തതു കൊണ്ടോ കേസ് ഫയൽ ചെയ്തതു കൊണ്ടോ ഇത്തരം പ്രശ്നങ്ങൾക്ക് അറുതിയാവില്ല.

യാത്രയ്ക്ക് ഇസ്ലാം വളരെ യേറെ മുൻകരുതലുകൾ നിശ്ചയി ക്കുന്നതോടൊപ്പം യാത്രക്കാരന്/ യാത്രക്കാരിക്ക് സാമൂഹിക സുരക്ഷി തത്വവും ഇസ്ലാം ഉറപ്പു നൽകുന്നു.

ഇസ്ലാം നിർദേശിക്കുന്ന യാത്ര യിലുള്ള നിബന്ധനകളും നിർദേശ ങ്ങളും സ്ത്രീ സംവരണത്തിനു വേണ്ടി വാചാടോപം നടത്തുന്നവർ




ശ്രദ്ധിക്കുന്നത് നന്നായിരിക്കും. ഏക നായി യാത്ര പുറപ്പെടുന്നതിനെ പരിശുദ്ധ ഇസ്‌ലാം അൽപം പോലും പ്രോത്സാഹിപ്പിക്കുന്നില്ല. യാത്ര പുറപ്പെടുമ്പോൾ ഒരു സംഘമായി യാത്ര തിരിക്കാനും കൂട്ടത്തിൽ ഒരാളെ നേതാവാക്കാനും പരിശുദ്ധ മതം നിർദേശിക്കുന്നു.

പക്ഷേ, സ്ത്രീ പുറത്തിറങ്ങുമ്പോൾ ശക്തമായ മാനദണ്ഡങ്ങൾ തന്നെ ഇസ്‌ലാം നിർദേശിക്കുന്നുണ്ട്. അവളുടെ ബലഹീനതയെ മറികടയ്ക്കാൻ മാത്രം പ്രാപ്തിയുള്ളവയാണവ. വസ്ത്രം, ശരീരത്തിൽ നിന്നു കാണാൻ പാടില്ലാത്തതു മറയ്ക്കാനുള്ള ഒരു ഉപാധിയാണ്. ശരീഅത്തിന്റെ ദൃഷ്ടിയിൽ അന്യപുരുഷന്റെ സാന്നിധ്യത്തിൽ അവളുടെ ശരീരമാസകലം കാണാൻ പാടില്ലാത്തതാണ്. അതിനാൽ, സമ്പൂർണമായ വസ്ത്രധാരണം ചെയ്തു മാത്രമേ സ്ത്രീ പുറത്തിറങ്ങാവൂ. അംഗലാവണ്യം വ്യക്തമാക്കുന്ന തരത്തിലുള്ള വസ്ത്രധാരണം അവളുടെ സുഗമമായ യാത്രയ്ക്ക് ഭംഗം സൃഷ്ടിക്കുമെന്നതിൽ രണ്ടഭിപ്രായമില്ല. ഇതിനെ വാസ്തവീകരിക്കുന്ന സംഭവങ്ങളാണ് അടുത്ത കാലങ്ങളിൽ നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്.

എല്ലാറ്റിലുമുപരി സ്ത്രീ പുറത്തിറങ്ങുമ്പോൾ 'മഹ്റമായ' മുതിർന്നവരെ കൂടെ കൂട്ടണമെന്നു

**സ്ത്രീത്വം ലോകമാസകലം ചൂഷണത്തിനിരയാവുന്നത് നഗ്നസത്യമാണ്. അവളുടെ സൗന്ദര്യം ചൂഷണം ചെയ്യുന്നതിൽ പരസ്യ-ചാനലുകൾ കടുത്ത മത്സരത്തിലാണ്. ഈ ചൂഷണത്തിൽ നിന്നു രക്ഷ നേടാനുള്ള മാർഗമാണ് സമ്പൂർണ വസ്ത്രരീതി. അതിനവൾ മുന്നോട്ടുവരണം. ഒരു പുരുഷനായിത്തീരുക എന്നതല്ലല്ലോ ഒരു സ്ത്രീയുടെ ലക്ഷ്യം, ഒരു സ്ത്രീയായി നിലനിൽക്കുക എന്നു തന്നെയല്ലേ?**

പരിശുദ്ധ ദീൻ ഗൗരവമായി നിർദേശിക്കുന്നു. വിശുദ്ധ ഹജ്ജ്കർമത്തിനു പോലും മഹ്റമിനോടു കൂടെയല്ലാതെ പുറപ്പെടരുതെന്നു സ്ത്രീയോട് കൽപിക്കുന്നു. അല്ലാത്തപക്ഷം അവളുടെ ചാരിത്ര്യവും ശരീരവും പൂർണ സുരക്ഷിതത്വത്തിലാവില്ല.

'പെൺകുട്ടികൾ നിരന്തരം പീഡിപ്പിക്കപ്പെടുന്നുവെങ്കിലും കുറ്റക്കാർ രക്ഷപ്പെടുന്നു. പെൺകുട്ടികൾക്ക് സുരക്ഷിതത്വമില്ലായ്മ ആപത്കരമാണ്.' -സാറാജോസഫ് രോഷം കൊള്ളുമ്പോൾ നമ്മുടെ സ്ത്രീകളുടെ സുരക്ഷിതത്വത്തിന് എന്നു മുതലാണു ഭംഗം വന്നു തുടങ്ങിയതെന്ന ആലോചന നാം സൗകര്യപൂർവം മറന്നുപോകുന്നു.

ഇസ്‌ലാം സ്ത്രീയെ പുരുഷ മേധാവിത്വത്തിൽ തളച്ചിടുകയല്ല, മറിച്ച് അവൾക്ക് സമ്പൂർണമായ സുരക്ഷിതത്വം ഉറപ്പു വരുത്തുകയാണു ചെയ്യുന്നത്. പെൺകുട്ടികളെ കുഴിച്ചു മൂടുക ഇസ്‌ലാമിനു മുമ്പുള്ള അറബികളുടെ ശീലമായിരുന്നു. ഹൃദയം നടുക്കുന്ന ഈ സാഹചര്യത്തിൽ നിന്നും അവർക്കു മോചനം നൽകിയതു പരിശുദ്ധ ഇസ്‌ലാമിന്റെ ആഗമനമായിരുന്നു.

സ്ത്രീത്വം ലോകമാസകലം ചൂഷണത്തിനിരയാവുന്നത് നഗ്നസത്യമാണ്. അവളുടെ സൗന്ദര്യം ചൂഷണം ചെയ്യുന്നതിൽ പരസ്യ-ചാനലുകൾ കടുത്ത മത്സരത്തിലാണ്. ഈ ചൂഷണത്തിൽ നിന്നു രക്ഷ നേടാനുള്ള മാർഗമാണ് സമ്പൂർണ വസ്ത്രരീതി. അതിനവൾ മുന്നോട്ടുവരണം. ഒരു പുരുഷനായിത്തീരുക എന്നതല്ലല്ലോ ഒരു സ്ത്രീയുടെ ലക്ഷ്യം, ഒരു സ്ത്രീയായി നിലനിൽക്കുക എന്നു തന്നെയല്ലേ?

# മുസ്‌ലിമിന്റെ യാത്ര ഇസ്‌ലാം ഇടപെടുന്നു

പ്രധാന സ്റ്റോറി

• എംഎ ജലീൽ സഖാഫി പുല്ലാര

യാത്ര പുണ്യം നിറഞ്ഞതാവാൻ യാത്രയ്ക്കാരന്റെ ഓരോ ചലനവും എങ്ങനെയാവണമെന്നു വ്യക്തമായ നിർദേശം ഇസ്‌ലാം നൽകുന്നുണ്ട്. സഞ്ചാരാനുഭവങ്ങൾ ഒട്ടനവധി ചിന്താപാഠങ്ങൾ മാനവനു നൽകുന്നു ണ്ട്. ഖുർആൻ പലയിടത്തും യാത്രയെ പ്രോത്സാഹിപ്പിക്കുകയും യാത്രാപാഠങ്ങൾ ഉൾകൊള്ളാൻ ആഹ്വാനം നടത്തുകയും ചെയ്തിട്ടു ണ്ട്. യാത്രക്കാരൻ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ ചർച്ച ചെയ്യാം.

### വ്യാഴാഴ്ച നല്ല ദിവസം

യാത്ര ആരംഭിക്കുവാൻ കൂടുതൽ നല്ലതു വ്യാഴാഴ്ചയാണ്. നബി(സ്വ) വ്യാഴാഴ്ച ദിനത്തിൽ യാത്ര ചെയ്യാൻ താൽപര്യപ്പെട്ടിരുന്നുവെന്ന് ഇമാം ബുഖാരി(റ)യും മുസ്‌ലി(റ)മും റിപോർട്ട് ചെയ്ത ഹദീസിൽ കാണാം. വ്യാഴാഴ്ച സൗകര്യപ്പെട്ടില്ലെങ്കിൽ തിങ്കളാഴ്ചയും അതു സൗകര്യപ്പെടാ ത്തപക്ഷം ശനിയാഴ്ചയും യാത്രപുറ പ്പെടാൻ നല്ല ദിവസമാണ്. (ശർഹുൽ ഈളാഹ് പേജ്: 42,43)

പ്രഭാത സമയത്തു യാത്ര പുറപ്പെ ടൽ പ്രത്യേകം പുണ്യമുള്ളതാണ്. എന്റെ സമുദായത്തിന്റെ പ്രഭാതത്തിൽ അല്ലാഹു ബർക്കത്ത് ചൊരിഞ്ഞിരി ക്കുന്നു എന്ന നബിവചനമാണിതിനു ആധാരം. വഴിക്കുവച്ചു ജുമുഅ ലഭി ക്കുമെന്ന പ്രതീക്ഷയില്ലാതെ വെള്ളി യാഴ്ച സുബ്ഹിക്കു ശേഷം യാത്ര



**ദീർഘയാത്രയിൽ ബുദ്ധിമുട്ട് അനുഭവപ്പെട്ടാലും യാതൊരു ബുദ്ധിമുട്ടും ഇല്ലെങ്കിലും നിമിഷനേരം കൊണ്ടു ദീർഘയാത്രയുടെ ദൂരം സഞ്ചരിച്ചാലും ഖസ്റാക്കാം. (ഇഖ്നാഅ് 2/146, റൗള 1/489). കാരണം, യാത്രക്കാരനു ഖസ്റാക്കി നിസ്കരിക്കാനുള്ള നിമിത്തം ബുദ്ധിമുട്ടുണ്ടാവുകയെന്നല്ല. പ്രത്യുത, യാത്രക്കാരനാവുക എന്നതാണ്. ബുദ്ധിമുട്ട് എന്നത് ഖസ്റാക്കുന്നതിനുള്ള ഹിക്മത്താണ് (യുക്തി); ഇല്ലത്തല്ല (നിമിത്തം). ഹിക്മത്തില്ലെങ്കിലും വിധിയുണ്ടാകും. നിമിത്തത്തിന്റെ മേൽ ബന്ധിപ്പിക്കപ്പെട്ട നിയമമാണെങ്കിൽ നിമിത്തം ഇല്ലാതാവലോടു കൂടി നിയമം ഇല്ലാതാകും. ഹിക്മത്തിന്റെ സ്ഥിതി അതല്ല. അതില്ലെങ്കിലും നിയമം ഉണ്ടാകും. അതുണ്ടെങ്കിൽ നിയമം ഇല്ലാതെയും വരാം. (ബുജൈരിമി 3/18, ജംഉൽ ജവാമിഅ് 2/238)**

പോകൽ നിഷിദ്ധമാണ്. ഏകനായും രണ്ടു പേർ മാത്രമായും യാത്ര ചെയ്യൽ കറാഹത്താണ്. നബി(സ്വ) പറഞ്ഞു: "ഒറ്റയ്ക്കു യാത്ര ചെയ്യുന്നവൻ ഒരു പിശാചിനെ പോലെയും രണ്ടു പേർ യാത്ര പുറപ്പെടൽ രണ്ടു പിശാചിനെ പോലെയുമാണ്. മൂന്നു പേർ യാത്ര പുറപ്പെടലാണു യഥാർത്ഥ യാത്ര." (തുഹ്ഫ 2/369)

അല്ലാഹുവിനെ കൊണ്ടു സംതൃപ്തനായി നേരം പോക്കുന്നവൻ തനിച്ചു യാത്ര ചെയ്യൽ കറാഹത്തില്ല. അതുപോലെ തനിച്ചു യാത്ര പോകേണ്ട ആവശ്യം നേരിട്ടവനും കറാഹത്തില്ല. (തുഹ്ഫ 2/369, ബുശ്റൽ കരീം 1/138)

## യാത്രയുടെ നിസ്കാരം

യാത്രയുടെ മുമ്പു രണ്ടു റക്അത്ത് സുന്നത്തു നിസ്കരിക്കണം. 'യാത്രയുടെ സുന്നത്തു നിസ്കാരം ഞാൻ നിർവഹിക്കുന്നു'വെന്നാണ് നിയ്യത്ത്. ഒന്നാം റക്അത്തിൽ ഫാതിഹക്കു ശേഷം കാഫിറൂൻ സൂറത്തും രണ്ടാം റക്അത്തിൽ ഇഖ്ലാസും ഓതൽ സുന്നത്താണ്. (ഹാശിയത്തുൽ ഈളാഹ്)

സുന്നത്തു നിസ്കാരം വിലക്കപ്പെട്ട സമയത്ത് ഈ നിസ്കാരം നിർവഹിക്കാവതല്ല. യാത്ര പോലെ പിന്തിയ കാരണമുള്ള നിസ്കാരവും കാരണമില്ലാത്ത സുന്നത്തു നിസ്കാരവും താഴെ പറയുന്ന സമയത്തു നിസ്കരിക്കൽ കുറ്റകരമാണ്; നിസ്കാരം സാധുവല്ല. ഒന്ന്, സ്വുബ്ഹി നിസ്കാരം കഴിഞ്ഞു സൂര്യനുദിച്ച് ഏകദേശം ഇരുപതു മിനുട്ട് വരെയുള്ള സമയം. രണ്ട്, അസ്വർ നിസ്കാരം കഴിഞ്ഞു സൂര്യാസ്തമയം വരെയുള്ള സമയം. മൂന്ന്, ളുഹ്റിന്റെ സമയത്തിന്റെ അൽപം മുമ്പുള്ള മധ്യാഹ്ന വേള (വെള്ളിയാഴ്ച ഒഴികെ). (ഇആനത്ത് 1/116)

## ഏതു കാൽ മുന്തിക്കണം

ഏതു യാത്രയായാലും വീട്ടിൽ നിന്നിറങ്ങുമ്പോൾ ഇടതു കാൽ വച്ചിറങ്ങലാണു സുന്നത്ത്. യാത്ര കഴിഞ്ഞു വീട്ടിൽ പ്രവേശിക്കുമ്പോൾ വലതു കാൽ മുന്തിക്കണം. വീടിന്റെ അകവും പുറവും പരിഗണിക്കുമ്പോൾ അകമാണല്ലോ നല്ലത്.(ഫതാവൽ കുബ്റ 1/61, ഫതാവൽ ഹദീസിയ്യ പേജ് 72), ഇആനത്ത് 1/108) വാഹനത്തിൽ കയറുമ്പോൾ വലതു കാൽ വച്ചു കയറണം. (ഇആനത്ത് 1/104 നോക്കുക.)

യാത്ര പുറപ്പെടുമ്പോൾ 'ബിസ്മില്ലാഹി തവക്കൽതു അലല്ലാഹി, ലാ ഹൗല വലാ ഖുവ്വത്ത ഇല്ലാബില്ലാഹിൽ അലിയ്യിൽ അളീം' എന്നു ചൊല്ലണമെന്നു നബി(സ്വ) പറഞ്ഞിട്ടുണ്ട്. യാത്ര പുറപ്പെടുമ്പോൾ വീട്ടുകാരോടെല്ലാം യാത്ര പറഞ്ഞിറങ്ങണം. ആരോടെങ്കിലും യാത്ര പറയാൻ വിട്ടുപോയിട്ടുണ്ടെങ്കിൽ യാത്ര പുറപ്പെട്ടു വീട്ടിൽനിന്നിറങ്ങി വീണ്ടും കയറുന്നത് അപലക്ഷണമല്ല. അപലക്ഷണം ഇസ്‌ലാം നുരുത്സാഹപ്പെടുത്തുകയാണു ചെയ്തിട്ടുള്ളത്. യാത്രയ്ക്കാരന്റെ പിറകിൽനിന്നു ആരെങ്കിലും വിളിച്ചാൽ തിരിഞ്ഞു നോക്കുന്നതും അപലക്ഷണമായി കണക്കാക്കുന്നതിനും യാതൊരു അടിസ്ഥാനവുമില്ല.

സ്ത്രീ ഒറ്റയ്ക്കു യാത്ര ചെയ്യരുത്. വിവാഹബന്ധം നിഷിദ്ധമായ പുരുഷനോ അല്ലെങ്കിൽ വിശ്വസ്തകളായ ഒരു കൂട്ടം സ്ത്രീകളോ അവളോടു കൂടെയുണ്ടാകണം. ഇവരില്ലാതെ സ്ത്രീ യാത്ര പുറപ്പെടരുത്. സുന്നത്തായ ഹജ്ജിനാണു സ്ത്രീ പുറപ്പെടുന്നതെങ്കിൽ ഭർത്താവോ തൊട്ടാൽ വുളൂ മുറിയാത്ത പുരുഷനോ കൂടെയുണ്ടാകണം .(തുഹ്ഫ 4/25)

## നിസ്കാരം ഖസ്വ്റാക്കൽ

മനുഷ്യമനസ്സിന്റെ സാഹചര്യങ്ങളോട് ഇഴുകിച്ചേർന്നുള്ള നിയമനിർമാണങ്ങളുടെ ആകെത്തുകയാണ് ഇസ്‌ലാം. ഇത് യാത്രാവേളയിലും മനോഹരമായി കാണാം. ക്ലേശങ്ങളും വിഷമങ്ങളും യാത്രയിൽ സാധാരണയായി ഉണ്ടാകാറുണ്ടല്ലോ. അതിനാൽ, അഞ്ചു നേരത്തെ നിസ്കാരങ്ങളിൽ വരെ പല ഇളവുകളും ഇസ്‌ലാം നൽകുന്നുണ്ട്. അതിലൊന്നാണു ഖസ്റ്.

അഞ്ചു നേരത്തെ നിസ്കാരങ്ങ



ളിൽ അദാആയി നിർവഹിക്കപ്പെടുന്ന തോ നിബന്ധനയൊത്ത യാത്രയിൽ നഷ്ടപ്പെട്ടതോ ആയ നാലു റക്അ ത്തുള്ള നിസ്കാരം അനുവദനീയ മായ ദീർഘയാത്രയിൽ ഖസ്റാക്കി (രണ്ടു റക്അത്താക്കി ചുരുക്കി) നിസ്കരിക്കാവുന്നതാണ്. ഏതൊരു നാട്ടിൽ നിന്നാണോ യാത്ര പുറപ്പെടു ന്നത് ആ നാടിന്റെ അതിർത്തി വിടു ന്നതോടെ ഇത് അനുവദനീയമാകും.

ദീർഘയാത്രയിൽ ബുദ്ധിമുട്ട് അനുഭവപ്പെട്ടാലും യാതൊരു ബുദ്ധി മുട്ടും ഇല്ലെങ്കിലും നിമിഷനേരം കൊണ്ടു ദീർഘയാത്രയുടെ ദൂരം സഞ്ചരിച്ചാലും ഖസ്റാക്കാം. (ഇ ഖ്നാഅ് 2/146, റൗള 1/489). കാരണം, യാത്രക്കാരനു ഖസ്റാക്കി നിസ്കരി ക്കാനുള്ള നിമിത്തം ബുദ്ധിമുട്ടുണ്ടാ വുകയെന്നല്ല. പ്രത്യുത, യാത്രക്കാര നാവുക എന്നതാണ്. ബുദ്ധിമുട്ട് എന്നത് ഖസ്റാക്കുന്നതിനുള്ള ഹിക്മത്താണ് (യുക്തി); ഇല്ലത്തല്ല (നിമിത്തം). ഹിക്മത്തില്ലെങ്കിലും വിധിയുണ്ടാകും. നിമിത്തത്തിന്റെ മേൽ ബന്ധിപ്പിക്കപ്പെട്ട നിയമമാണെ ങ്കിൽ നിമിത്തം ഇല്ലാതാവലോടു കൂടി നിയമം ഇല്ലാതാകും. ഹിക്മത്തിന്റെ സ്ഥിതി അതല്ല. അതില്ലെങ്കിലും നിയമം ഉണ്ടാകും. അതുണ്ടെങ്കിൽ നിയമം ഇല്ലാതെയും വരാം. (ബുജൈ രിമി 3/18, ജംഉൽ ജവാമിഅ് 2/238)

ഹാശിമിയ്യായ 48 മൈലാണു ദീർഘയാത്രയ്ക്കുള്ള ദൂരം. അബ്ബാസി കളുടെ ഭരണകാലത്തു കണക്കാക്കിയ മൈലാണിത്. ബനൂ ഉമയ്യക്കാരുടെ ഭരണകാലത്തു നിർണയിച്ച മൈലനു സരിച്ച് 40 മൈൽ. ഇന്നത്തെ കിലോ മീറ്റർ അനുസരിച്ച് ഉദ്ദേശം 132 കിലോ മീറ്റർ വരും. ഒരാൾ പോകാനുദ്ദേശി ക്കുന്ന നാട്ടിലേക്കു യാത്ര പുറപ്പെ ടുന്ന നാട്ടിൽനിന്നു 132 കിലോമീറ്റർ ദുരമുണ്ടെങ്കിൽ പ്രസ്തുത യാത്രയിൽ



ഫർള് നിസ്കാരം ഖസ്റാക്കാം. പോയി മടങ്ങിവരാനുള്ള ദൂരം ഇത്ര യുണ്ടായാൽ പോരാ.

132 കിലോമീറ്റർ എന്നതാണു രണ്ടു മർഹല. പ്രസ്തുത ദൂരമുള്ള യാത്രയിലും പൂർത്തിയാക്കി നിസ്കരി ക്കലാണു ഉത്തമം എന്നു നമ്മുടെ ഇമാമുകൾ വ്യക്തമാക്കിയിട്ടുണ്ട്. അബൂഹനീഫ(റ)യുടെ അഭിപ്രായം മാനിച്ചുകൊണ്ടാണിത്. 132 കിലോമീ റ്റർ ദൂരമുണ്ടെങ്കിലും ഖസ്റാക്കാൻ പാടില്ല; പൂർത്തിയാക്കി തന്നെ നിസ്കരിക്കണമെന്നാണ് ഹനഫീ മദ്ഹബ് പറയുന്നത്. മൂന്നു മർഹല (198 കിലോമീറ്റർ) ദൂരമുള്ള യാത്ര യിൽ ഖസ്റാക്കി നിസ്കരിക്കലാണു ഉത്തമം. ഇതും ഹനഫീ മദ്ഹബ് മാനിച്ചുകൊണ്ടാണ്. മൂന്നു മർഹല യുള്ള യാത്രയിൽ ഖസ്റാക്കൽ നിർബന്ധമാണെന്നാണു ഹനഫീ വീക്ഷണം.

ഇമാം കുർദി(റ) പറയുന്നു: ഹന ഫിക്കാരുടെ അടുത്തുള്ള മൂന്നു മർഹല നമ്മുടെ മദ്ഹബിലെ രണ്ടു മർഹലയുടെ ദൂരമേയുള്ളൂ. അതു കൊണ്ടുതന്നെ 132 കിലോമീറ്റർ ദൂര മുള്ള യാത്രയിൽ ഖസ്റാക്കലാണു ഉത്തമം. (കുർദി 2/44, ബുഷ്റൽ കരീം 1/168, ബിഗ്യ 76, തർശീഹ് 131)

ഒരാൾക്കു തന്റെ ഉദ്ദേശ്യ സ്ഥല ത്തേക്കു രണ്ടു വഴിയുണ്ട്. ഒരു വഴി 132 കിലോമീറ്റർ ദൂരമുള്ളതും മറ്റേത് അത്ര ദൂരമില്ലാത്തതും. അങ്ങനെ ചുരുക്കി നിസ്കരിക്കുകയെന്ന ആവ ശ്യത്തോടെ ദീർഘവഴിയിൽ യാത്ര തുടർന്നാൽ ഖസ്റാക്കി നിസ്കരിക്കാ വതല്ല. മറ്റെന്തെങ്കിലും ആവശ്യ ത്തിനു വേണ്ടിയാണു ദീർഘദൂരമുള്ള വഴിയിൽ പ്രവേശിച്ചതെങ്കിൽ ചുരുക്കി നിസ്കരിക്കാം. ഇനി, ഒരാൾ ഖസ്റാക്കാനുള്ള ദൂരമില്ലാത്ത സ്ഥല ത്തേക്കു യാത്ര ചെയ്തു. അവിടെ എത്താറായപ്പോൾ മറ്റൊരു പ്രദേശ ത്തേക്കു യാത്ര നീട്ടി. രണ്ടും കൂടി ഖസ്റിന്റെ ദൂരമുണ്ട്. എങ്കിലും അവനു ചുരുക്കി നിസ്കരിക്കാവുന്ന തല്ല. യാത്ര നീട്ടാൻ തീരുമാനിച്ച നാടു മുതൽ ഉദ്ദേശിച്ചിടത്തേക്കു 132 കിലോമീറ്റർ ദൂരം ഉണ്ടാവുകയും ഉപ ര്യുക്ത മഹല്ല് വിട്ടുകടക്കുകയും വേണം. എങ്കിലേ ഖസ്റാക്കാവൂ. (നി ഹായ 1/261)

ഫർള് നിസ്കാരം ജമാഅത്തോടു കൂടി മടക്കി നിസ്കരിക്കാമല്ലോ. ഖസ്റാക്കി നിസ്കരിച്ചവയും മടക്കി നിസ്കരിക്കാം. അന്നേരം പൂർത്തിയാ ക്കിയോ ചുരുക്കിയോ നിസ്കരിക്കാം. (ഹാശിയത്തുന്നിഹായ 2/247) നേർച്ച യാക്കപ്പെട്ട നാലു റക്അത്തുള്ള നിസ്കാരം ചുരുക്കി നിസ്കരിക്കാവ തല്ല. (മുഗ്നി 1/262)

നാട്ടിൽ വച്ചു നഷ്ടപ്പെട്ട നിസ്കാരം യാത്രയിൽ ചുരുക്കി നിസ്കരിക്കൽ അനുവദനീയമല്ല. അതു പോലെത്തന്നെ യാത്രയിൽ നഷ്ടപ്പെട്ട നിസ്കാരം നാട്ടിൽ വച്ചു ഖസ്റാക്കാനും പറ്റില്ല. ഫർള്

**ദീർഘയാത്ര കഴിഞ്ഞു വരുന്നവരെ സ്വീകരിക്കുമ്പോൾ കെട്ടിപ്പിടിച്ച ആശ്ലേഷിക്കൽ സുന്നത്തുണ്ട്. അല്ലാത്ത വേളയിൽ ആലിംഗനം കറാഹത്താണ്. (ശർവാനി 9/230)യാത്രാവേളയിൽ നോമ്പനുഷ്ഠിക്കൽ കൊണ്ടു ബുദ്ധിമുട്ടുണ്ടെങ്കിൽ നോമ്പു മുറിക്കൽ അനുവദനീയമാണ്. പിന്നീടു ഖളാഉ വീട്ടണം എന്നു മാത്രം. (തുഹ്ഫ 2/393)**

നിസ്കാരത്തിന്റെ സമയം പ്രവേശിച്ച ശേഷം ഒരാൾ യാത്ര പുറപ്പെട്ടുവെങ്കിൽ പ്രസ്തുത നിസ്കാരം യാത്രയിൽ അദാആയി നിർവഹിച്ചാലും ഖളാആയി നിർവഹിച്ചാലും ചുരുക്കി നിസ്കരിക്കാം. നീണ്ട യാത്ര ഉദ്ദേശിച്ച് പുറപ്പെട്ടവൻ ചുരുക്കി നിസ്കരിക്കുകയും പ്രസ്തുത ദൂരം എത്തും മുമ്പ് സ്വദേശത്തേക്കു മടങ്ങുകയും ചെയ്താൽ ഉപര്യുക്ത നിസ്കാരം സാധുവാണ്; ഖളാഅ് വീട്ടേണ്ടതില്ല. (മുഗ്നി 1/268)

നിസ്കാരത്തിന്റെ (ഉദാഹരം ളുഹ്ർ) അവസാന സമയത്ത് ഒരാൾ യാത്ര തുടങ്ങി. പൂർത്തിയാക്കി നിസ്കരിക്കാൻ സമയമില്ല. എങ്കിൽ ഒരു റക്അത്തു നിസ്കരിക്കാനുള്ള സമയമുണ്ടെങ്കിൽ ഖസ്വ്റാക്കാം; ഇല്ലെങ്കിൽ പറ്റില്ല. (ഹാശിയത്തുന്നിഹായ 2/248) ഖസ്വ്റ് അനുവദനീയമാവാൻ ഉദ്ദിഷ്ട സ്ഥലം ഏതാണെന്നു മനസ്സിലാക്കണം. എന്നാൽ, പ്രത്യേക സ്ഥലമൊന്നും ഉന്നംവച്ചിട്ടില്ലെങ്കിലും ഖസ്വ്റിന്റെ ദൂരം മുറിച്ചുകടക്കുമെന്ന കരുത്തോടെ ശരിയായ ലക്ഷ്യംവച്ചു യാത്ര ചെയ്താൽ ഖസ്വ്റാക്കാം. (റഷീദി 2/259)

തെറ്റായ യാത്രയിൽ ചുരുക്കി നിസ്കരിക്കുക എന്ന ഇളവില്ല. എന്നാൽ, ഒരാൾ അനുവദനീയമായ യാത്രയിൽ വഴിയിൽ വച്ചു തെറ്റു ചെയ്തുവെങ്കിലും ഖസ്വ്റാക്കാം. എന്തുകൊണ്ടെന്നാൽ, അവൻ യാത്ര കൊണ്ടു കുറ്റക്കാരനല്ല, യാത്രയിൽ തെറ്റു ചെയ്തവനാണ്. (ശർഹുബാഫള്ൽ 2/29) ഹലാലായ യാത്ര കുറ്റകരമായ യാത്രയാക്കിയാൽ അവിടം മുതൽ ഖസ്വ്റാക്കാൻ പറ്റില്ല. കുറ്റകരമായ യാത്ര കരുതി പുറപ്പെട്ട ശേഷം പശ്ചാത്താപം നടത്തിയാൽ ശരിയായ തൗബക്കു ശേഷം 132 കിലോമീറ്റർ ദൂരമുണ്ടെങ്കിൽ തൗബ ചെയ്ത മഹല്ല് വിട്ടുകടന്ന ശേഷം ഖസ്വ്റാക്കാം. (തുഹ്ഫ 2/387)

സ്ഥിരയാത്രക്കാരനു യാത്ര എത്ര ദൂരമുണ്ടെങ്കിലും പൂർത്തിയാക്കി നിസ്കരിക്കലാണു ഉത്തമം. കുടുംബ സമേതം കപ്പലിൽ കഴിയുന്ന കപ്പിത്താനും പൂർത്തിയാക്കി നിസ്കരിക്കലാണ് ഉത്തമം.

ഖസ്വ്റാക്കി നിസ്കരിക്കാൻ നാലു കാര്യങ്ങൾ ശ്രദ്ധിക്കണം. 1) നിയ്യത്ത് ചെയ്യുമ്പോൾ ഖസ്വ്റിനെ കരുതൽ. ഉദാ: ളുഹ്ർ എന്ന ഫർള് നിസ്കാരം ഞാൻ രണ്ടു റക്അത്തു നിസ്കരിക്കുന്നു. 2) പൂർത്തിയാക്കി നിസ്കരിക്കുന്നവരോട് തുടരാതിരിക്കൽ. 3) ഖസ്വ്റാക്കി നിസ്കരിക്കുകയെന്ന കരുത്തിനോട് എതിരാവുന്ന എല്ലാ കാര്യത്തെതൊട്ടും സൂക്ഷിക്കൽ. 4) നിസ്കാരം മുഴുവൻ യാത്രയിലായിരിക്കൽ.

ചുരുക്കി നിസ്കരിച്ചുകൊണ്ടിരിക്കുമ്പോൾ പൂർത്തിയാക്കി നിസ്കരിക്കുന്നുവെന്നു കരുതിയാൽ അല്ലെങ്കിൽ പൂർത്തിയാക്കണോ വേണ്ടയോ എന്നു സംശയിച്ചാൽ പൂർത്തിയാക്കി നിസ്കരിക്കൽ വാജിബാണ്.

നിബന്ധനയൊത്ത യാത്ര തുടങ്ങിയ സ്ഥലത്തു തിരിച്ചെത്തലോടു കൂടി അവസാനിക്കും. യാത്രികൻ നിരുപാധികമോ പൂർണമായ നാലു ദിനമോ ഒരു പ്രദേശത്തു താമസിക്കാൻ കരുതിയാൽ അവിടെ എത്തിച്ചേരുന്നതോടെ യാത്ര അവസാനിക്കും. നാലു ദിവസം ഒരു നാട്ടിൽ താമസിക്കൽ കൊണ്ടും യാത്ര മുറിയും. അതുപോലെത്തന്നെ നീണ്ട യാത്ര ഉദ്ദേശിച്ചു പുറപ്പെട്ട ശേഷം ഒരിടത്തു ഇറങ്ങുകയും അനന്തരം സ്വദേശത്തേക്കു മടങ്ങാൻ കരുതുകയും ചെയ്താലും യാത്ര അവസാനിക്കും. നാലു ദിവസമാകും മുമ്പു ശരിയാകുമെന്നു പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്ന ഒരു ആവശ്യം നിറവേറിയാൽ യാത്ര തുടരുമെന്ന ഉദ്ദേശ്യത്തോടെ ഒരു സ്ഥലത്തു താമസിച്ചാൽ പതിനെട്ടു ദിവസം വരെ ഖസ്വ്റാക്കാം. ഈ പതിനെട്ടു ദിവസത്തിലും മുമ്പു പറഞ്ഞ നാലു ദിവസത്തിലും പോക്കുവരവിന്റെ രണ്ടു ദിവസം പരിഗണിക്കില്ല. നബി(സ്വ) തങ്ങൾ മക്കാ വിജയത്തിനു ശേഷം പതിനെട്ടു ദിവസം നിസ്കാരം ഖസ്വ്റാക്കി മക്കയിൽ താമസിച്ചിരുന്നു. (തുഹ്ഫ 2/378)

## ചുരുക്കൽ നിർബന്ധം

ചുരുക്കി നിസ്കരിക്കൽ നിർബന്ധമായ സന്ദർഭങ്ങളുണ്ട്. പിന്തിച്ചു ജംആക്കുന്നവൻ രണ്ടാം സമയത്തിന്റെ അവസാനത്തിലാവുകയും രണ്ടു നിസ്കാരവും കൂടി പൂർത്തിയാക്കുകയാണെങ്കിൽ രണ്ടാം നിസ്കാരം ഖളാആകും. ഈ വേളയിൽ രണ്ടു നിസ്കാരവും (ഉദാ: ളുഹ്ർ, അസ്വ്ർ) ഖസ്വ്റാക്കൽ നിർബന്ധമാണ്. ചുരുക്കത്തിൽ, പൂർത്തിയാക്കി നിസ്കരിക്കാനുള്ള സമയമില്ലാത്ത വേളയിൽ ചുരുക്കി നിസ്കരിക്കൽ നിർബന്ധമാണെന്നർഥം. (തുഹ്ഫ 2/392)

## ജംഉം അനുബന്ധ കാര്യങ്ങളും

ഖസ്വ്റാക്കാൻ പറ്റുന്ന യാത്രയിൽ ളുഹ്റും അസ്വ്റും ളുഹ്റിന്റെ സമയത്തു മുന്തിച്ചോ അസ്വ്റിന്റെ സമയത്തു പിന്തിച്ചോ ജംആക്കി (ഒരുമിച്ചു കൂട്ടി) നിസ്കരിക്കാവുന്നതാണ്. അതുപോലെ, മഗ്‌രിബും ഇശാഉം മുന്തിച്ചും പിന്തിച്ചും ജംആക്കാം.

മുന്തിച്ചു ജംആക്കുമ്പോൾ അഞ്ചു നിബന്ധനകൾ പാലിക്കണം. 1) ആദ്യത്തെ നിസ്കാരത്തിൽ ജംഇനെ കരുതൽ. നിസ്കാരത്തിന്റെ ആദ്യത്തിൽ കരുതലാണ് ഉത്തമം. സലാം വീട്ടുന്നതിനു മുമ്പ് എപ്പോൾ വേണമെങ്കിലും കരുതാം. മുന്തിച്ചു ജംആക്കുമ്പോൾ ആദ്യത്തെ നിസ്കാ

**ഒരാൾക്കു തന്റെ ഉദ്ദേശ്യ സ്ഥലത്തേക്കു രണ്ടു വഴിയുണ്ട്. ഒരു വഴി 132 കിലോമീറ്റർ ദൂരമുള്ളതും മറ്റേത് അത്ര ദൂരമില്ലാത്തതും. അങ്ങനെ ചുരുക്കി നിസ്കരിക്കുകയെന്ന ആവശ്യത്തോടെ ദീർഘവഴിയിൽ യാത്ര തുടർന്നാൽ ഖസ്വ്റാക്കി നിസ്കരിക്കാവതല്ല. മറ്റെന്തെങ്കിലും ആവശ്യത്തിനു വേണ്ടിയാണു ദീർഘദൂരമുള്ള വഴിയിൽ പ്രവേശിച്ചതെങ്കിൽ ചുരുക്കി നിസ്കരിക്കാം. ഇനി, ഒരാൾ ഖസ്വ്റാക്കാനുള്ള ദൂരമില്ലാത്ത സ്ഥലത്തേക്കു യാത്ര ചെയ്തു. അവിടെ എത്താറായപ്പോൾ മറ്റൊരു പ്രദേശത്തേക്കു യാത്ര നീട്ടി. രണ്ടും കൂടി ഖസ്വ്റിന്റെ ദൂരമുണ്ട്. എങ്കിലും അവനു ചുരുക്കി നിസ്കരിക്കാവുന്നതല്ല. യാത്ര നീട്ടാൻ തീരുമാനിച്ച നാടു മുതൽ ഉദ്ദേശിച്ചിടത്തേക്കു 132 കിലോമീറ്റർ ദൂരം ഉണ്ടാവുകയും ഉപര്യുക്ത മഹല്ല് വിട്ടുകടക്കുകയും വേണം.**

രത്തിൽ ജംഇനെ കരുതാൻ മറന്നു പോയാൽ പ്രബലവീക്ഷണ പ്രകാരം ഇനി ജംആക്കാൻ മാർഗമില്ല. എങ്കിലും ഒന്നാം നിസ്കാരം തീർന്ന ശേഷം രണ്ടാം നിസ്കാരത്തിലെ തക്ബീറത്തുൽ ഇഹ്റാമിന്റെ മുമ്പായി ജംഇന്റെ നിയ്യത്തുണ്ടായാൽ മതിയെന്നു ഇമാം മുസ്നി(റ) പ്രസ്താവിച്ചിട്ടുണ്ട്. ഇമാം ശാഫിഈ(റ)യുടെ മറ്റൊരു അഭിപ്രായ ത്തിൽനിന്നു പുറപ്പെടുവിച്ച ഖൗലാ ണിത്. ഇതു ശക്തവുമാണ്. (ശർഹുൽ മുഹദ്ദബ് 4/375)

2) തർത്തീബ് (ളുഹ്റും അസ്റും ജംആക്കുമ്പോൾ ആദ്യം ളുഹ്ർ നിസ്കരിക്കൽ. അതുപോലെ ഇശാ ഇനു മുമ്പു മഗ്രിബ്.)

3) വിട്ടുപിരിയാതെ കൊണ്ടുവരൽ. ളുഹ്ർ നിസ്കരിച്ച ഉടനെത്തന്നെ അസ്ർ നിസ്കരിക്കണം. റവാതിബ് കൊണ്ടു വേർപിരിക്കാവുന്നതല്ല. ളുഹ്റിന്റെ ശേഷമുള്ള സുന്നത്തും അസ്റിന്റെ മുമ്പുള്ള സുന്നത്തും ളുഹ്റും അസ്റും നിർവഹിച്ച ശേഷം നിസ്കരിക്കുക. രണ്ടു നിസ്കാരങ്ങൾക്കിടയിൽ വാങ്ക് കൊടു ക്കൽ സുന്നത്തില്ലെങ്കിലും വാങ്ക്, ഇഖാമത്ത് എന്നിവകൊണ്ടു ദീർഘമ ല്ലാത്ത നിലയിൽ വേർപിരിക്കൽ വിരോധമില്ല. (ശർവാനി 2/397)

4) രണ്ടാമത്തെ നിസ്കാരത്തിൽ പ്രവേശിക്കുന്നതുവരെ യാത്ര നില നിൽക്കൽ. 5) യാത്രികന്റെ ഭാവന യിൽ ഒന്നാമത്തെ നിസ്കാരം സാധു വാകൽ. മുന്തിച്ചു ജംആക്കി രണ്ടു നിസ്കാരവും നിർവഹിച്ച ശേഷം ആദ്യത്തേത് അസാധുവാണെന്നു വെളിവായാൽ രണ്ടാമത്തേതുഫർള് നിസ്കാരമായി പരിഗണിക്കില്ല. രണ്ടും മടക്കി നിസ്കരിക്കണം. (തുഹ്ഫ 2/398)

പിന്തിച്ചു ജംആക്കുമ്പോൾ രണ്ടു നിബന്ധന. ഒന്ന്, ഒന്നാം നിസ്കാര ത്തിന്റെ സമയത്തു പിന്തിച്ചു ജംആ ക്കുന്നുവെന്ന് കരുതൽ. സമയത്തി ലായി ഒരു റക്അത്ത് നിസ്കരിക്കാൻ മാത്രം വിശാലതയുള്ള സമയത്തു കരുതിയാലും മതിയാവുമെങ്കിലും നിസ്കാരം മുഴുവനും നിർവഹി ക്കാൻ സമയമില്ലാത്ത വേളയിൽ അവൻ കുറ്റക്കാരനാവും. രണ്ട്, നിസ്കാരം രണ്ടും പൂർത്തിയാവു ന്നതു വരെ യാത്രയിലാവ



ണം.(തുഹ്ഫ 2/398)

മുന്തിച്ചു ജംആക്കുമ്പോൾ പാലി ക്കേണ്ട ശർത്വുകളായ തുടർച്ചയും ഉട നെയാക്കലും (തർത്തീബും മുവാലാ ത്തും) ഒന്നാം നിസ്കാരത്തിൽ ജംഇനെ കരുതലും പിന്തിച്ചു ജംആ ക്കുമ്പോൾ സുന്നത്തുള്ളൂ. (തുഹ്ഫ 2/399)

പിന്തിച്ചു ജംആക്കുമ്പോൾ രണ്ടു നിസ്കാരം പൂർത്തിയാവുന്നതു വരെ യാത്രയിലാവണമെന്നത് ഒന്നാം നിസ്കാരം അദാആകാനുള്ള നിബ ന്ധനയാണ്. അപ്പോൾ, ളുഹ്ർ അസ്റിലേക്കോ, മഗ്രിബ് ഇശാഇ ലേക്കോ പിന്തിച്ചു ജംആക്കിയവൻ അവ നിസ്കരിക്കുന്നതിനു മുമ്പ് ഉദ്ദിഷ്ട സ്ഥലത്തു പ്രവേശിച്ചു യാത്ര അവസാനിപ്പിച്ചാൽ ജംആക്കപ്പെട്ട നിസ്കാരങ്ങളിൽ ആദ്യത്തേതു ഖളാ ആയി. പക്ഷേ, അവൻ കുറ്റക്കാരനാ വുന്നില്ല. (ശർഹുബാഫള്ൽ 2/36, ഫതാവൽ കുബ്റ 1/231)

ജുമുഅയും അസ്റും മുന്തിച്ചു ജംആക്കാം. ജുമുഅയെ അസ്റിലേക്കു പിന്തിച്ചും ജംആക്കാ വതല്ല. (ബാജൂരി 1/306) ജംആക്കി നിസ്കരിക്കുമ്പോൾ തന്നെ ഖസ്റാ ക്കിയും നിസ്കരിക്കാം.

132 കിലോമീറ്റർ ദൂരമില്ലാത്ത യാത്രയിലും ജംആക്കാമെന്നാണു മാലികി മദ്ഹബ്. ശാഫിഈ മദ്ഹ ബിലും അങ്ങനെ അഭിപ്രായമുണ്ട്.

ഹനഫീ മദ്ഹബിൽ ജംആക്കി കൊണ്ടുള്ള നിസ്കാരം ഇല്ല. പക്ഷേ, ഹജ്ജിന്റെ വേളയിൽ അറഫയിൽ വച്ചും മുസ്ദലിഫയിൽ വച്ചും ജംആ ക്കാമെന്ന് ഇമാം ഹനഫീ(റ) അഭിപ്രായ പ്പെടുന്നു. അതു ഹജ്ജിന്റെ കർമ ത്തിന്റെ ഭാഗമായിട്ടാണവർ കാണുന്നത്.

## യാത്രയും വാങ്കും

യാത്രക്കാരന്റെ പിന്നിൽ വച്ചു വാങ്ക് വിളിക്കൽ സുന്നത്തുണ്ട്. പ്രസ്തുത വാങ്കിൽ യാത്രക്കാരന്റെ പിന്നിലേക്കു തിരിയണം. വാങ്കിന്റെ പുറമെ ഇഖാമത്തും സുന്നത്തുണ്ട്. (തുഹ്ഫ 1/491) യാത്രക്കാരൻ എന്നു പറയണമെങ്കിൽ യാത്രികന്റെ നാടിന്റെ അതിർത്തി വിട്ടുകടക്കണം. അപ്പോൾ അതിർത്തി വിട്ടുകടന്നതിനു ശേഷമാ ണു പ്രസ്തുത വാങ്കും ഇഖാമത്തും സുന്നത്തുള്ളതെന്നു പ്രത്യേകം ഓർക്കുക.

ദീർഘയാത്ര കഴിഞ്ഞു വരുന്ന വരെ സ്വീകരിക്കുമ്പോൾ കെട്ടിപ്പിടിച്ച ആശ്ലേഷിക്കൽ സുന്നത്തുണ്ട്. അല്ലാത്ത വേളയിൽ ആലിംഗനം കറാ ഹത്താണ്. (ശർവാനി 9/230)

യാത്രാവേളയിൽ നോമ്പനുഷ്ഠി ക്കൽ കൊണ്ടു ബുദ്ധിമുട്ടുണ്ടെങ്കിൽ നോമ്പു മുറിക്കൽ അനുവദനീയമാ ണ്. പിന്നീടു ഖളാഉ വീട്ടണം എന്നു മാത്രം. (തുഹ്ഫ 2/393)

വാഹനം കയറുമ്പോൾ ചൊല്ലൽ സുന്നത്തായ 'സുബ്ഹാനല്ലദീ സഖ്ഖറ...' എന്ന പ്രസിദ്ധ ദിക്ർ ഖുർആൻ സൂക്തമാണെങ്കിലും ദിക്ർ എന്ന നിലയ്ക്കു വലിയ അശുദ്ധി ക്കാർക്കും ചൊല്ലൽ സുന്നത്തുണ്ട്. യാത്രക്കാരുടെ പ്രാർത്ഥനയ്ക്കു പ്രത്യേക പദവിയുള്ളതിനാൽ പ്രാർത്ഥനയിൽ മുഴുകാൻ യാത്രികർ ശ്രദ്ധിക്കണം.



# കെകെ ഹസ്റത്തിന്റെ വസ്വിയ്യത്ത്

• ജീവിതമെഴുത്ത്/ ശൈഖുനാ ആനക്കര സി കോയക്കുട്ടി മുസ്‌ലിയാർ

**ശൈ**ഖുന ആനക്കര സി. കോയക്കുട്ടി മുസ്‌ലിയാർ എന്ന വലിയ പണ്ഡിതൻ 1934ൽ ആനക്കരയെന്ന പാലക്കാടൻ അതിർത്തി പ്രദേശത്താണു ജനിക്കുന്നത്. തേങ്ങാകച്ചവടക്കാരൻ ഹസൈനാരുടെയും ഫാത്തിമയുടെയും മകനായാണു വന്ദ്യരുടെ ജനനം. അഞ്ചു സഹോദരിമാരും രണ്ടു സഹോദരൻമാരുമുണ്ടായിരുന്നു. സഹോദരൻമാരിൽ ഒരാൾ സമസ്തയുടെ മുഫത്തിശായിരുന്ന കുഞ്ഞഹമ്മദ് മുസ്‌ലിയാരാണ്. രണ്ടാം സഹോദരൻ ചെറുപ്പത്തിലേ മരിച്ചു. സഹോദരിമാർ ആരും ഇന്നു ജീവിച്ചിരിപ്പില്ല. വിജ്ഞാന കുതുകിയായിരുന്ന ഉസ്താദിന്റെ ബാല്യം ശൈഖുനായെ അറിവിന്റെ നിറവിലേക്കു കൈപിടിച്ചു വളർത്തി. ഗുരുകുല വിദ്യാഭ്യാസത്തിന്റെ അവസാനരൂപമായ ഓത്തുപള്ളിയിലാണു പ്രാഥമിക പഠനമാരംഭിച്ചത്. പിതാവിന്റെ അമ്മാവനായ അസൈനാർ മൊല്ലാക്കയായിരുന്നു പ്രഥമ ഗുരു. ഓത്തുപള്ളിയോടൊട്ടി നിൽക്കുന്ന സ്കൂളിൽ അഞ്ചാം ക്ലാസ് വരെ ഭൗതിക പഠനവും നടത്തി. മതകീയ ഔന്നത്യങ്ങളാണു താൻ കീഴടക്കേണ്ടത് എന്നു മനസ്സിലാക്കിയ

ശൈഖുനാ ശേഷക്കാലം ദർസ് പഠനത്തിനായി സമർപ്പിച്ചു.

അല്ലാഹു ഇഷ്ടപ്പെടുന്ന ഭക്തനായ ആലിമാകണമെന്ന സുന്ദരമായ ലക്ഷ്യമായിരുന്നു ഒരു ദൗത്യമെന്നോണം ഹൃദയാന്തരങ്ങളിൽ നിറഞ്ഞുനിന്നിരുന്നത്. ദർസ് ജീവിതം തുടങ്ങിയത് ആനക്കരയിലെ പേങ്ങാട്ടിരി പള്ളിയിൽ സ്വന്തം സഹോദരനായ കുഞ്ഞഹമ്മദ് മുസ്‌ലിയാരുടെ ശിഷ്യത്വത്തിലായിരുന്നു. ശേഷം, കുണ്ടുകര സൂഫി രായിൻ കുട്ടി മുസ്‌ലിയാർ, കണ്ണിയത്ത് ഉസ്താദ്, കുണ്ടൂർ കെപി മുഹമ്മദ് മുസ്‌ലിയാർ, ഒകെ ഉസ്താദ് എന്നിവരിൽനിന്നു കിതാബുകളിൽ അഗാധ പാണ്ഡിത്യം നേടി. പതിനെട്ടാം വയസ്സിൽ തന്നെ മുദർരിസായി; ഒതുക്കുങ്ങലിൽ സ്ഥാനമേറ്റു. രണ്ടു വർഷം അവിടെ സേവനം ചെയ്തശേഷം വെല്ലൂർ ബാഖിയാത്തിൽ ഉപരിപഠനു പോയി. അവിടെ ശൈഖ് ആദം ഹസ്റത്തും ശൈഖ് ഹസൻ ഹസ്റത്തും ഉസ്താദുമാരായിരുന്നു. നീണ്ട വിദ്യാർത്ഥി ജീവിതകാലത്ത് ഉന്നതരായ പല സതീർത്ഥ്യരെയും നേടാൻ കഴിഞ്ഞത് ഈ മഹാനുഭാവന്റെ മഹത്വത്തിനു മാറ്റുകൂട്ടുന്നു. കൂട്ടുകാരൻ മനസ്സിന്റെ കണ്ണാടിയാണെന്നാണല്ലോ പ്രമാണം. താനൂരിൽ അന്ത്യവിശ്രമം കൊള്ളുന്ന ആദരണീയനായ കെകെ ഹസ്റത്ത് ഉസ്താദ്, ബഹുമാന്യനായ വിദ്യാഭ്യാസ ബോർഡിന്റെ അധ്യക്ഷൻ ടികെഎം ബാവ മുസ്‌ലിയാർ, ബിദ്അത്തിന്റെ ശക്തികൾക്കെതിരെ കൊടുങ്കാറ്റിന്റെ വേഗതയിൽ നാവു ചലിപ്പിച്ച ഇകെ ഹസൻ മുസ്‌ലിയാർ, വിദ്യാഭ്യാസ വിചക്ഷണനും ചിന്തകനുമായ എംഎം ബശീർ മുസ്‌ലിയാർ, ജനസംഗമത്തിൽ അനശ്വര നാമങ്ങളുരുവിട്ടു പിരിഞ്ഞുപോയ കെടി മാനു മുസ്‌ലിയാർ, കടുങ്ങാത്തുകുണ്ട് കെകെ അബ്ദുല്ല മുസ്‌ലിയാർ എന്നിവർ സഹപാഠികളായിരുന്നു.

മതകീയാന്തരീക്ഷം നിലനിൽക്കുന്ന ഗൃഹാന്തരീക്ഷം സൃഷ്ടിക്കാൻ കഴിഞ്ഞതിൽ ഉസ്താദ് തികച്ചും സംതൃപ്തനാണ്. കാട്ടിപ്പരുത്തി മുദർരിസായിരുന്ന കുഞ്ഞു (കുഞ്ഞീതു) മുസ്‌ലിയാരുടെ മകൾ ഫാത്തിമയാണു ഭാര്യ. ഉസ്താദിന്റെ

**താനൂരുമായി എന്നും അഭേദ്യമായ ബന്ധം കൂത്തുസൂക്ഷിക്കുന്ന ശൈഖുനായാണ് താനൂരിലെ പ്രസിദ്ധമായ റമളാൻ വഅ്ള് പരമ്പരക്ക് (താനൂർ വഅ്ള്) തുടക്കം കുറിച്ചത്. താനൂരിന്റെ ആത്മീയ നായകൻ ശൈഖുനാ കെകെ ഹസ്റത്തിന്റെ 'എന്റെ ശേഷം ഞാൻ പങ്കെടുക്കുന്ന പരിപാടികളിൽ നിങ്ങൾ ആനക്കര ഉസ്താദിനെ വിളിക്കുക' വസ്വിയ്യത്ത് അംഗീകരിച്ചുകൊണ്ട് താനൂരിൽ നടത്തപ്പെടുന്ന എല്ലാ ആത്മീയ സംഗമങ്ങളിലും നിറസാന്നിധ്യമായി ശൈഖുനാ ഇന്നും ഓടിയെത്തുന്നു**

അഞ്ചു ആൺമക്കളും ദീനീവിദ്യാഭ്യാസം നുകർന്നും പകർന്നും പിതാവിനോടുള്ള കടമ സുന്ദരമായി നിറവേറ്റുന്നു. നൂർ ഫൈസി, നാസ്വിർ ഫൈസി, ഹക്കീം ഫൈസി, അബ്ദുസ്സലാം ഫൈസി, അബ്ദുസ്സമദ് മുസ്‌ലിയാർ തുടങ്ങിയവരാണ് ആൺമക്കൾ. കുട്ടി രായിൻ ഫൈസി, ഉമർ ഫൈസി കാവനൂർ എന്നിവരാണ് ഹാജറ, സ്വഫിയ്യ എന്നീ പെൺമക്കളുടെ ഭർത്താക്കൻമാർ. പേരക്കുട്ടികളായ നിസാമുദ്ദീൻ, സഈദ് എന്നിവർ ചെമ്മാട് ദാറുൽഹുദാ ഇസ്‌ലാമിക് യൂണിവേഴ്സിറ്റിയിൽ നിന്നു ഹുദവി ബിരുദം നേടി മതരംഗത്തു പ്രവർത്തിക്കുന്നു.

വിദ്യ പകരൽ പണ്ഡിതൻമാരുടെ കടമയാണ്. പ്രവാചകന്മാരിലൂടെ കടന്നുവന്നിരുന്ന പ്രബോധന ദൗത്യം അന്ത്യപ്രവാചകനിൽ നിന്നു സമൂഹത്തിലെ പണ്ഡിതൻമാരിലേക്ക് ഏൽപ്പിക്കപ്പെട്ടു. ആ ചങ്ങലയിലെ ഉന്നതനായ കണ്ണിയാണ് ശൈഖുനാ സി കോയക്കുട്ടി ഉസ്താദ്. ദീർഘകാലം നീണ്ടുനിന്ന അധ്യാപന കാലഘട്ടത്തിൽ പല നാടുകളിലായി ആയിരത്തോളം ശിഷ്യഗണങ്ങൾക്കു വിജ്ഞാനമധു നുകർന്നു നൽകാൻ കഴിഞ്ഞതിൽ ശൈഖുനാ ആത്മസംതൃപ്തനാണ്. ഒതുക്കുങ്ങൽ, തിരൂരങ്ങാടി ജുമുഅത്ത് പള്ളി, നന്നമ്പ്ര പഴയ ജുമുഅത്ത് പള്ളി, കൊയിലാണ്ടി കൊല്ലം, ചാവക്കാട് നമ്പോനാട്, മൈത്ര, വാണിയന്നൂർ, പൊന്മുണ്ടം, എടക്കുളം, കൊടിഞ്ഞി പ്പള്ളി, കാരത്തൂർ ബദ്‌രിയ്യ മർകസ് തുടങ്ങിയ കേരളത്തിലെ വ്യത്യസ്ത പ്രദേശങ്ങളിൽ അമ്പത്തഞ്ച് വർഷത്തോളം നീണ്ടുനിന്നു ഈ മഹാനുഭാവന്റെ അധ്യാപനകാലം. മൂന്നു വർഷത്തോളമായി അധ്യാപന രംഗത്തുനിന്നു അനാരോഗ്യം മൂലം വിട്ടുനിൽക്കുന്ന ശൈഖുന ആത്മീയ സദസ്സുകളിലെ നിറസാന്നിധ്യമാണ്. ആത്മീയ സൗരഭ്യം സാധാരണക്കാർക്കു സുന്ദരമായി


KGC എഞ്ചിനീയറിംഗ് അഡ്മിഷൻ
(NCVT (MES) Trade Testing Centre)
Two Years Courses
ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ്
റെഫ്രിജറേഷൻ & A/c എഞ്ചിനീയറിംഗ്
ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ്
(with Hardware & Mobile Phone)
One Year Courses
കമ്പ്യൂട്ടർ ഹാർഡ്‌വെയർ & നെറ്റ്‌വർക്കിംഗ്
ലാപ്ടോപ്പ് ചിപ്പ്‌ലെവൽ സർവ്വീസിംഗ്
സിവിൽ with ഓട്ടോകാഡ്
A/c മെക്കാനിക്ക്
ഇലക്ട്രോണിക്സ് മെക്കാനിക്ക്
Short term Courses
മൊബൈൽ ഫോൺ ടെക്നോളജി
ബേസിക് ഇലക്ട്രിക്കൽ ട്രെയിനിംഗ്
MCP, MCSA, MCSE
Estd : 1990
CTI
Technical College
(Recognised Govt. of Kerala)
Calicut Road, Perinthalmanna
Help Line : 9388011342, 04933 220360

എത്തിച്ചുകൊടുക്കാൻ ശൈഖുനാ സദാ സന്നദ്ധനാണ്. പഴയകാലത്തു പ്രബോധന വേദികളിൽ തിളങ്ങിനിന്ന താരകമായിരുന്നു ഈ മഹാൻ. വഅ്ളുമായി ജനങ്ങളിലേക്കിറങ്ങിത്തിരിച്ചു നിസ്കരിക്കാത്തവനെ നിസ്കാരക്കാരനാക്കുകയും കള്ളുകുടിയനെ നേർവഴിയിലേക്ക് നയിക്കുകയും ചെയ്ത യുവത്വകാലം മാധുര്യത്തോടെ മഹാനവർകൾ ഇന്നും സ്മരിക്കുന്നു.

വിജ്ഞാന വീഥിയിൽ അനർഘമായ സംഭാവനകളർപ്പിച്ച താനൂർ ഇസ്‌ലാഹുൽ ഉലൂം അറബിക് കോളേജിന്റെ പ്രിൻസിപ്പൽ അബ്ദുസ്സമദ് ഫൈസിയുടെ പിതാവും പ്രഗത്ഭ പണ്ഡിതനുമായിരുന്ന ബഹുവന്ദ്യരായ സിഎം ഉസ്താദിന്റെ അടുത്ത സുഹൃത്തു കൂടിയായിരുന്നു ശൈഖുനാ കോയക്കുട്ടി ഉസ്താദ്. താനൂരുമായി എന്നും അഭേദ്യമായ ബന്ധം കാത്തുസൂക്ഷിക്കുന്ന ശൈഖുനായാണ് താനൂരിലെ പ്രസിദ്ധമായ റമളാൻ വഅ്ള് പരമ്പരക്ക് (താനൂർ വഅ്ള്) തുടക്കം കുറിച്ചത്. താനൂരിന്റെ ആത്മീയ നായകൻ ശൈഖുനാ കെകെ ഹസ്റത്തിന്റെ 'എന്റെ ശേഷം ഞാൻ പങ്കെടുക്കുന്ന പരിപാടികളിൽ നിങ്ങൾ ആനക്കര ഉസ്താദിനെ വിളിക്കുക' വസ്വിയ്യത്ത് അംഗീകരിച്ചുകൊണ്ട് താനൂരിൽ നടത്തപ്പെടുന്ന എല്ലാ ആത്മീയ സംഗമങ്ങളിലും നിറസാന്നിധ്യമായി ശൈഖുനാ ഇന്നും ഓടിയെത്തുന്നു.

സേവന സന്നദ്ധനായി സമൂഹത്തെ സമീപിച്ച ശൈഖുനാ സമസ്തയുടെ പാതയിലൂടെ അനവധി സ്ഥാനങ്ങൾ അലങ്കരിച്ചിട്ടുണ്ട്. 23 വർഷമായി മുശാവറ അംഗമാണ്. എടക്കുളം മുദർരിസായിരിക്കയാണ് ജില്ലാ ജംഇയ്യത്തുൽ ഉലമായിൽ അംഗമായത്. സമസ്തയുടെ സംസ്ഥാന വൈസ് പ്രസിഡന്റ്, പാലക്കാട് ജംഇയ്യത്തുൽ ഉലമാ പ്രസിഡന്റ്, പൊന്നാനി താലൂക്ക് പ്രസിഡന്റ്, മലപ്പുറം ജില്ലാ വൈസ് പ്രസിഡന്റ്, പട്ടിക്കാട് ജാമിഅ നൂരിയ്യ എക്സിക്യൂട്ടീവ് മെമ്പർ, പരീക്ഷാ ബോർഡ് അംഗം, ബാഫഖി യതീംഖാന വൈസ് പ്രസിഡന്റ്, വളാഞ്ചേരി മർക്കസ് വൈസ് പ്രസിഡന്റ്, എടപ്പാൾ ദാറുൽ ഹിദായ വൈസ് പ്രസിഡന്റ്, വല്ലപ്പുഴ യതീംഖാന പ്രസിഡന്റ്, തൃശൂർ തലശ്ശേരി യതീംഖാന വൈസ് പ്രസിഡന്റ്, വിദ്യാഭ്യാസ ബോർഡ് മെമ്പർ, താനൂർ ഇസ്‌ലാഹുൽ ഉലൂം അറബിക് കോളേജ് ഉപദേശക സമിതി അംഗം തുടങ്ങിയ സ്ഥാനമാനങ്ങൾ അലങ്കരിക്കുന്ന ശൈഖുനാ ആനക്കര കുമ്പിടി, ആനക്കര തുടങ്ങിയ പത്തോളം മഹല്ലുകളുടെ ഖാസി കൂടിയാണ്.

മതവിജ്ഞാന രംഗത്ത് ആത്മീയ ശ്രദ്ധയർപ്പിച്ചു തന്റെ ജീവിതം മുഴുവനായി മതകീയ സംരംഭങ്ങൾക്കു വേണ്ടി നീക്കിവച്ച ശൈഖുനായുടെ ജീവിതം എല്ലാ തരക്കാർക്കും മാതൃകയാണ്. ബാഹ്യരൂപത്തിൽ ഗൗരവ പ്രകൃതക്കാരനെന്നു തോന്നുമെങ്കിലും വിനയവും വാത്സല്യവും താഴ്മയും ലാളിത്യവും ജീവിത ദൗത്യമാക്കിയ മഹാനുഭാവന്റെ സേവനവും നേതൃത്വവും ദീർഘകാലം ലഭ്യമാവട്ടെ എന്ന് എല്ലാവരുടെയും പ്രാർത്ഥനകളിലുണ്ടാവും.

***തയ്യാറാക്കിയത്***

*മുഹമ്മദ് റാശിദ് പുതുപ്പള്ളി*

*മുഹമ്മദ് ആരിഫ് പുതുപ്പള്ളി*




**ദാമ്പത്യ ജീവിതം പരാജയമോ? പ്രയാസം വേണ്ട!**

സ്നേഹം പിടിച്ചു വാങ്ങാനാവില്ല. ജീവിതപങ്കാളിയുടെ സ്നേഹം നേടിയെടുക്കാൻശരീരംകൊണ്ടും മനസ്സുകൊണ്ടും സ്നേഹിക്കുകയേ മാർഗ്ഗമുള്ളൂ. ശാരീരിക പ്രശ്നങ്ങൾ സ്നേഹത്തിനുതടസ്സമാവുന്നുവെങ്കിൽ ഉടൻ ചികിത്സ തേടൂ. അല്ലെങ്കിലതുനിങ്ങളുടെ ജീവിതം തന്നെ തകർത്തേക്കാം. പ്രശ്നം ദാമ്പത്യമെങ്കിൽ പരീക്ഷണത്തിനു സമയമില്ല.ദാമ്പത്യത്തെ ബാധിക്കുന്ന വിവിധ തരം രോഗങ്ങൾക്ക് പാർശ്വഫലങ്ങളില്ലാത്ത മരുന്നുകൾകൊണ്ട് നിരവധി പേർക്ക് ആശ്വാസമേകിയ പാരമ്പര്യ വൈദ്യൻ സി.പി.സുലൈമാൻ വൈദ്യരുടെ അജന്ത ആയുർവേദ ക്ലിനിക്കിൽ പ്രത്യേക ചികിത്സ ലഭിക്കുന്നു.

ശീഘ്രസ്ഖലനം, താൽപര്യക്കുറവ്, സ്വപ്നസ്ഖലനം, ശക്തിക്കുറവ്, തൃപ്തിയില്ലായ്മ, ബീജാണുക്കൾ കുറവ്, നാഢീതളർച്ച, കൈകാൽ വിറയൽ, ഭയം, ഉദ്ധാരണമില്ലായ്മ, വലിപ്പക്കുറവ് തുടങ്ങിയ എല്ലാ രഹസ്യരോഗങ്ങൾക്കും ചികിത്സ ലഭിക്കുന്നു.സ്ത്രീകളിലെ അസ്ഥിയുരുക്കം, മൂത്രാശയ രോഗങ്ങൾ, പൊറിച്ചിൽ, ആർത്തവ ക്രമക്കേടുകൾ തുടങ്ങിയ എത്രപഴക്കമുള്ള രോഗങ്ങൾക്കും പാർശ്വഫലങ്ങളില്ലാത്ത ചികിത്സ ലഭ്യമാണ്.അർശസ്, ഫൈൽസ്, പ്രമേഹത്താലുള്ള ലൈംഗിക പ്രശ്നങ്ങൾ എന്നിവയ്ക്കും സന്താന ലബ്ദിക്കും ചികിത്സിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് നേരിൽ ബന്ധപ്പെടുക.

**ശരീരം തടിക്കുവാനും ആരോഗ്യത്തിനും പ്രത്യേക ചികിത്സ**

**സി.പി.സുലൈമാൻ വൈദ്യർ**
**അജന്ത ആയുർവേദിക് ക്ലിനിക്ക്**
E.M.S പാർക്കിന് മുൻവശം, ഏഴൂർ റോഡ്, തിരൂർ-676 101
എല്ലാ ദിവസവും 9 മുതൽ 7 വരെ, ഞായർ ഒഴിവ്

**Ph :0494-2421563, 9947005000**



# ദൈവിക ചിന്തയിലേക്ക് ഉതിർന്നുവീഴുന്ന മഴനാരുകൾ

● അസ്‌ലം ഇരിങ്ങാട്ടിരി

മഴയുടെ ആർത്തനാദങ്ങൾ നമ്മുടെ ചെവികളെ മുഖരിതമാക്കുന്നു. മഴത്തുള്ളികളുടെ നൃത്തത്തിൽ മനസ്സുകൾ ഹർഷപുളകിതമാവുന്നു. മഴയെ കൺനിറയെ നോക്കിക്കണ്ടു മനുഷ്യർ സായൂജ്യമടയുന്നു. മഴ, അല്ലാഹു മനുഷ്യനു നൽകിയ വലിയ ഒരു അനുഗ്രഹമാണ്. അല്ലാഹു മഴയെക്കുറിച്ചുള്ള നിരവധി ദർശനങ്ങൾ ഖുർആനിലൂടെ മനുഷ്യനു നൽകിയിട്ടുണ്ട്. അതേ സമയം, ശാസ്ത്രവും മഴയെ കുറിച്ചു വാതോരാതെ പറഞ്ഞുകൊണ്ടിരിക്കുന്നു. ഇവിടെ ഒരു ഇസ്‌ലാമിക ശാസ്ത്രീയ താരതമ്യപഠനം ഉചിതമാകുമെന്നു തോന്നുന്നു.

മഴയെക്കുറിച്ച് അല്ലാഹു പറയുന്നു: “കാറ്റുകളെ അയക്കുന്നവൻ അല്ലാഹുവാകുന്നു. അങ്ങനെ അവ മേഘത്തെ ഇളക്കിവിടുന്നു. എന്നിട്ട് അവൻ ഇഛിക്കും പ്രകാരം അതിനെ (മേഘത്തെ) ആകാശത്തു വ്യാപിപ്പിക്കുന്നു. അതിനെ അവൻ പല കഷ്ണങ്ങളാക്കുകയും ചെയ്യുന്നു. അപ്പോൾ അതിനിടയിൽനിന്നു മഴ ബഹിർഗമിക്കുന്നതായി

താങ്കൾക്കുകാണാം." (അൽ റൂം-48)

കാറ്റിന്റെ കാരണത്താൽ മേഘങ്ങൾ ചലിക്കുകയും പിന്നീട് അവ ചിന്നിച്ചിതറുകയും മഴ പെയ്യുകയും ചെയ്യുന്നു എന്ന് അല്ലാഹു പറയുന്നു.

എന്നാൽ, ആധുനിക ശാസ്ത്രം മഴയെക്കുറിച്ചു Water Cycle 'വാട്ടർ സൈക്കിൾ' എന്ന് പേരിട്ടാണ് പഠനം നടത്തിയിട്ടുള്ളത്. ഭൂമിയിലെ വെള്ളം സൂര്യതാപത്താൽ നീരാവിയായി ആകാശത്തേക്ക് ഉയരുകയും അവ മേഘങ്ങളായി രൂപപ്പെടുകയും പിന്നീടു കാറ്റ് അതിനെ ചലിപ്പിക്കുകയും നന്നായി തണുക്കുമ്പോൾ അതു മഴയായി വീണ്ടും ഭൂമിയിലേക്കു വർഷിക്കുകയും ചെയ്യുന്നു.

ശാസ്ത്രം കാറ്റിനെക്കുറിച്ചു പറയുന്നത് ഇവിടെ ചിന്തനീയമാണ്. മേഘങ്ങൾക്കു മീതെ കാറ്റടിക്കുമ്പോൾ അന്തരീക്ഷത്തിൽ കൂടിക്കിടക്കുന്ന നൈട്രജനെ മുഴുവൻ ഭൂമിയിലേക്ക് ഇറക്കുകയും ചെയ്യുന്നു. ഇങ്ങനെ നൈട്രജൻ ഭൂമിയിലേക്ക് ഇറങ്ങുന്നതിനാലാണു മഴ വരുന്നതുവരെ വറ്റി വരണ്ടിരുന്ന സസ്യലതാദികൾ മഴ വരുന്നതോടെ പച്ചപ്പ് പ്രാപിക്കുന്നതും പിന്നെ വളരാൻ തുടങ്ങുന്നതും. ഇതു മഴയെയും കാറ്റിനെയും കുറിച്ചുള്ള ശാസ്ത്രത്തിന്റെ ഭാഷ്യമാണ്.

എന്നാൽ, അല്ലാഹു എത്രയോ കാലങ്ങൾക്കു മുമ്പു വ്യക്തമാക്കിയിട്ടുണ്ട്: "അപ്പോൾ അല്ലാഹുവിന്റെ കാരുണ്യത്തിന്റെ അനന്തരഫലങ്ങളിലേക്ക് നിങ്ങൾ നോക്കുന്നില്ലേ... ഭൂമി നിർജീവമായ ശേഷം എങ്ങനെയാണ് അതിന്നവൻ ജീവൻ നൽകുന്നത്?"

ഇവിടെ പറഞ്ഞ 'കാരുണ്യം' മഴയെക്കുറിച്ചാണെന്നു പണ്ഡിതൻമാർ രേഖപ്പെടുത്തിവച്ചിട്ടുണ്ട്. അപ്പോൾ മഴ ഇറങ്ങുന്നതു കൊണ്ടാണു ഭൂമി പുനർജീവനം നേടിയെടുക്കുന്നത് എന്നു ഖുർആൻ വ്യക്തമാക്കുന്നു.

സ്നേഹം ലഭിക്കാതെ വറ്റിവരണ്ട മനസ്സുകൾ ഒരു തുള്ളി സമാധാനത്തിനായി കേഴുംപോലെ ഉണങ്ങി വറ്റിയ കിണറുകളും പൊട്ടിക്കീറിയ കൃഷിഭൂമികളും മനുഷ്യന്റെ ദയനീയതയെ ഉറക്കെ വിളിച്ചുപറയുമ്പോഴാണു കാരുണ്യത്തിന്റെ കടലായ അല്ലാഹുവിന്റെ അനുഗ്രഹമായി മഴ കോരിച്ചൊരിയുന്നത്.

ഉണങ്ങിയ ഭൂമികൾ ദാരിദ്ര്യത്തിന്റെ പ്രതീകമായി മാറുകയും ദാരിദ്ര്യവും പട്ടിണിയും ലോകത്താകമാനം താണ്ഡവം നടത്തുകയും ചെയ്യുമ്പോഴാണു വറ്റിയ തൊണ്ടക്കുഴിയിൽ സമാശ്വാസത്തിന്റെ നീർതുള്ളികളൊഴിച്ചു മഴ കടന്നുവരുന്നത്.

മഴ പെയ്തുതുടങ്ങുന്നതോടെ ഭൂമികൾക്കെല്ലാം ജീവൻവച്ചു തുടങ്ങി. പിന്നെ, കായ്ക്കനികളെല്ലാം മുളച്ചുതുടങ്ങും. വറ്റിവരണ്ട ഭൂമികൾ വിഭവസമൃദ്ധമായി അണിഞ്ഞൊരുങ്ങും. എങ്ങും സമാധാനത്തിന്റെ പച്ച നിറം നിറഞ്ഞാടും. അല്ലാഹു എത്രത്തോളം ഔദാര്യവാൻ! അവൻ വ്യക്തമാക്കുന്നു: "ഭൂമിയെ നിങ്ങൾക്കു മെത്തയായും ആകാശത്തെ മേലാപ്പായും സംവിധാനിച്ചു തരികയും മുകളിൽ നിന്നു ജലവർഷം നടത്തി നിങ്ങൾക്കു ഭക്ഷണത്തിനായി നാനാതരം ഫലങ്ങളെ ഉത്പാദിപ്പിച്ചു തരികയും ചെയ്തവനാകുന്നു അവൻ. ഈ യാഥാർത്ഥ്യങ്ങളെല്ലാം അറിഞ്ഞിരിക്കെ നിങ്ങൾ അല്ലാഹുവിനു പങ്കുകാരുണ്ടാക്കരുത്." (2/22)

"നാം ആകാശത്തു നിന്ന് വെള്ളത്തെ ഇറക്കുകയും അതു കാരണത്താൽ സസ്യങ്ങളെ മുളപ്പിക്കുകയും പച്ചച്ചെടികളെ വളർത്തുകയും അവയിൽനിന്ന് തിങ്ങിനിറഞ്ഞ ധാന്യങ്ങളെ പുറത്തു കൊണ്ടുവരികയും ചെയ്യുന്നു. ഈത്തപ്പനയുടെ കൊതുമ്പിൽ നിന്ന് തൂങ്ങിക്കിടക്കുന്ന പഴക്കുലകൾ നാം സൃഷ്ടിച്ചു. മുന്തിരിയുടെയും ഒലീവിന്റെയും മാതളത്തിന്റെയും തോട്ടങ്ങളുണ്ടാക്കി. അവയെ നിങ്ങൾ നിരീക്ഷിക്കുവിൻ. വിശ്വസിക്കുന്നവർക്ക് അതിൽ ദൃഷ്ടാന്തങ്ങളുണ്ട്."(അൽ-അൻആം 99)

അല്ലാഹു മഴ ഇറക്കുന്നത് നിശ്ചിത കണക്ക് അനുസരിച്ചു മാത്രമാകുന്നു. അല്ലാഹു മഴയെ ഇറക്കുകയും അതിനെ ഭൂമിയിൽ തങ്ങി നിർത്തുകയും ചെയ്തു. നാം കൊടുംചൂടു കാലത്തു പോലും കുടിക്കുന്ന വെള്ളം ഭൂമിയിൽ തങ്ങിനിർത്തിയത് അല്ലാഹുവിന്റെ വലിയ അനുഗ്രഹമാണ്. ആ അനുഗ്രഹത്തിനു നന്ദി കാണിച്ചില്ലെങ്കിൽ നിശ്ചയം നാം തന്നെയാവും അനുഭവിക്കേണ്ടിവരിക. അല്ലാഹു പറയുന്നു: "വിണ്ണിൽ നിന്ന് ഒരു നിശ്ചിത തോതിൽ നാം ജലവർഷം നടത്തുകയും എന്നിട്ടു നാം അതിനെ ഭൂമിയിൽ തങ്ങി നിർത്തുകയും ചെയ്തു. നിശ്ചയം നാം അതിനെ ഒഴിവാക്കികളയാനും കഴിവുള്ളവൻ തന്നെയാകുന്നു."

ഭൂഗർഭജലം എങ്ങനെയാണ് ഉണ്ടാവുന്നത് എന്നതു ശാസ്ത്രീയ ലോകത്തെ ഒരു വലിയ ചർച്ചയാണ്. മാറിമറിഞ്ഞു കൊണ്ടിരിക്കുന്ന അഭി


ആസ്ത്മക്കും പാരമ്പര്യ രോഗങ്ങൾക്കും ഫലപ്രദമായ ചികിത്സ

ദേശീയ ആയുർവ്വേദ ഫാർമസി

പ്ലാസ ബിൽഡിംഗ്, ഊട്ടി റോഡ്, പെരിന്തൽമണ്ണ

Ph: 228484 (Shop), 2233038 (Resi)



മമ്പുറം മഖാമിൽ കാൽ നൂറ്റാണ്ടിലേറെ സേവനമനുഷ്ഠിച്ച് ജനമനസ്സുകൾക്ക് ശാന്തിയും സ്നേഹവും ചൊരിഞ്ഞ് രോഗങ്ങൾക്കും സങ്കീർണ്ണ പ്രശ്നങ്ങൾക്കും പരിഹാര നിർദ്ദേശങ്ങൾ നൽകിയ ഹക്കീം ടി.ടി.എം ഹാജി ഗഫൂർ മൗലവി ഞായർ ഒഴികെയുള്ള എല്ലാ ദിവസങ്ങളിലും രോഗികളെ പരിശോധിക്കുന്നു. എല്ലാവിധ മാനസിക അസ്വസ്ഥത, അപസ്മാരം, സ്ത്രീ രോഗങ്ങൾ, ചർമ്മരോഗങ്ങൾ, പൈശാചിക രോഗങ്ങൾ, വന്ധ്യത, ലൈംഗിക രോഗങ്ങൾ, പഴക്കം ചെന്ന വാത രോഗങ്ങൾ, അൾസർ, എല്ലാവിധ അലർജികളും സൈനസൈറ്റിസ് തുടങ്ങിയ എല്ലാ രോഗങ്ങൾക്കും ഫലപ്രദമായ ചികിത്സ ലഭ്യമാണ്.

ഉറക്കിൽ മൂത്രം ഒഴിക്കൽ, വിട്ടുമാറാത്ത തുമ്മൽ, തലവേദന, ആസ്ത്മ, പ്രമേഹത്തിന് ഇൻസുലിൻ, ഇഞ്ചക്ഷനില്ലാതെ പ്രത്യേകചികിത്സയും ലഭ്യമാണ്.

കൂടാതെ വിദഗ്ധ ഡോക്ടർ

കെ.സി. മുരളീധരൻ D.A.Mന്റെ സേവനവും ലഭ്യമാണ്.

പരിശോധനാ സമയം:

10 മണി മുതൽ 12 മണി വരെ, 3 മണി മുതൽ 6 മണി വരെ

പ്രായങ്ങൾക്കൊടുവിൽ അവർ എത്തിപ്പെട്ടത് ഖുർആൻ പറഞ്ഞതിലേക്കു തന്നെയായിരുന്നു.

ഈ വിഷയത്തിൽ അഗ്രഗണ്യരായ ജി.ജാസ്റ്റനും ബി.ബ്ലാവെക്സും അവരുടെ എൻസൈക്ലോ പീഡിയയിൽ വ്യക്തമാക്കുന്നതായി മോറിസ് ബുക്കായ് തന്റെ 'ഖുർആൻ, ബൈബിൾ, സയൻസ്' എന്ന പുസ്തകത്തിൽ പറയുന്നുണ്ട്.

ബി.സി പതിനേഴാം നൂറ്റാണ്ടിൽ തൈൽസ് ഓഫ് മെറ്റ്ലസ് പ്രഖ്യാപിച്ചു: "കടലിലെ വെള്ളത്തെ കാറ്റ് കരയിലേക്ക് കൊണ്ടുപോവുകയും പിന്നീട് അവ കരയിലൂടെ ഭൂമിക്കടിയിലേക്ക് ഇറങ്ങുകയും ചെയ്യുന്നു. ഇങ്ങനെയാണ് ഭൂഗർഭജലം ഉണ്ടാവുന്നത്."

പ്ലാറ്റോ ഇതിനെ പിന്തുണച്ചു പറഞ്ഞു: "താത്തറസ് എന്ന ഗർത്തത്തിലൂടെയാണു ഭൂമിക്കടിയിലേക്കു വെള്ളം പോകുന്നത്." ഇതിനെ സിഡ്കാർട്ടെസ് അടക്കം അനേകം തല മുതിർന്ന നേതാക്കൾ പതിനെട്ടാം നൂറ്റാണ്ടുവരെ പിന്തുണച്ചുപോന്നു.

അരിസ്റ്റോട്ടിൽ പറഞ്ഞു: "വെള്ളം മലഞ്ചെരുവിലേക്ക് പോവുകയും പിന്നീട് അവ ഭൂഗർഭജലം ആവുകയും ചെയ്യുന്നു." ഇതിനെ എ.ഡി ആദ്യനൂറ്റാണ്ടിലെ സെൻസ പിന്തുണക്കുകയും ചെയ്തു. ബി.സി 1877 വരെ ഈ അഭിപ്രായമായിരുന്നു മുന്നിട്ടു നിന്നിരുന്നത്.

**ഉണങ്ങിയ ഭൂമികൾ ദാരിദ്ര്യത്തിന്റെ പ്രതീകമായി മാറുകയും ദാരിദ്ര്യവും പട്ടിണിയും ലോകത്താകമാനം താണ്ഡവം നടത്തുകയും ചെയ്യുമ്പോഴാണു വറ്റിയ തൊണ്ടക്കുഴിയിൽ സമാശ്വാസത്തിന്റെ നീർതുള്ളികളൊഴിച്ചു മഴ കടന്നുവരുന്നത്. മഴ പെയ്തുതുടങ്ങുന്നതോടെ ഭൂമികൾക്കെല്ലാം ജീവൻവച്ചു തുടങ്ങി. പിന്നെ, കായ്ക്കനികളെല്ലാം മുളച്ചുതുടങ്ങും. വറ്റിവരണ്ട ഭൂമികൾ വിഭവസമൃദ്ധമായി അണിഞ്ഞൊരുങ്ങും. എങ്ങും സമാധാനത്തിന്റെ പച്ചനിറം നിറഞ്ഞാടും. അല്ലാഹു എത്രത്തോളം ഔദാര്യവാൻ!**

എ.ഡി 1560-ൽ ബർണാഡ് പാലിസ്സിയാണു ഭൂഗർഭ ജലത്തിന്റെ യഥാർത്ഥ നിറവും മുഖവും ശാസ്ത്രലോകത്തിനു കാണിച്ചു കൊടുത്തത്. അദ്ദേഹം പറഞ്ഞു: "മഴവെള്ളം മണ്ണിലൂടെ അടിയിലേക്ക് ഇറങ്ങിയിട്ടാണു ഭൂഗർഭജലം ഉണ്ടാവുന്നത്." 17ാം നൂറ്റാണ്ടിൽ ഇ മാരിയറ്റും പി പാരൽറ്റും ഈ യാഥാർത്ഥ്യം അംഗീകരിച്ചു.

1580ലാണു ശാസ്ത്രം ഈ സത്യം വിളിച്ചുപറഞ്ഞതെങ്കിൽ വിശുദ്ധ ഖുർആൻ കാലങ്ങൾക്കു മുമ്പ് അതു വ്യക്തമാക്കി.

എന്നാൽ, മഴയുടെയും മഴവർഷത്തിന്റെയും കാര്യത്തിൽ ശാസ്ത്രവുമായി ബന്ധപ്പെട്ട് ചില അബദ്ധധാരണകളുണ്ട്. കുറച്ചു മുമ്പ് ഒളിമ്പിക്സ് നടക്കുമ്പോൾ മഴ പെയ്തതും ശാസ്ത്രകാരൻമാർ ഒത്തുകൂടി മഴയെ നിറുത്തിയതും ഒളിമ്പിക്സ് സുഖകരമായി മുന്നോട്ടു പോയതും ജനങ്ങൾക്കിടയിൽ സംസാരവിഷയമായിരുന്നു. ഇതു ദൈവത്തിനോടുള്ള വെല്ലുവിളിയാണെന്നും ദൈവമെന്ന സങ്കൽപ്പത്തിനു തിരിച്ചടിയാണെന്നും നിരീശ്വര വാദികൾ പ്രചണ്ഡമായി പ്രചരിപ്പിച്ചു.



എന്നാൽ, വാസ്തവം ഇതാണ്- അല്ലാഹു മേഘത്തെ സൃഷ്ടിക്കുന്നു. അതിൽനിന്ന് മഴയെ രൂപകൽപന ചെയ്യുന്നു. അല്ലാഹു സ്വയം സൃഷ്ടിച്ച മേഘത്തിൽനിന്നാണു മഴ ഇറക്കുന്നത്. എന്നാൽ, ശാസ്ത്രത്തിനു മഴയെ ഉണ്ടാക്കാൻ സാധിക്കുന്നതും ആവശ്യം വരുമ്പോൾ മഴയെ നിർത്താനാവുന്നതും അല്ലാഹു സൃഷ്ടിച്ച മേഘത്തിൽനിന്നാണ്.

മോറിസ് ബുക്കായ് വ്യക്തമാക്കുന്നു: "മനുഷ്യനു സ്വന്തമായി മഴയെ സൃഷ്ടിക്കാനാവുമോ എന്നൊരു ചോദ്യമുണ്ട്. ഉത്തരം ഇല്ല എന്നാണ്. കാരണം, ഈ പഠനത്തിലെ അഗ്രഗണ്യനായ എം.എ ഫാസി എൻ സൈക്ലോപീഡിയയിൽ പറഞ്ഞിട്ടുണ്ട്: മനുഷ്യന് ഒരിക്കലും സ്വന്തമായി നിർമിച്ച മേഘത്തിൽ നിന്നു മഴയെ ഉണ്ടാക്കാൻ സാധിക്കുകയില്ല, എന്നല്ല ഒരിക്കലും സാധിക്കുകയുമില്ല.

മനുഷ്യനു സ്വയംനിർമിത മേഘത്തിൽനിന്ന് മഴയെ ഇറക്കാൻ കഴിഞ്ഞിരുന്നുവെങ്കിൽ ഈ ഭൂമിലോകത്തു ക്ഷാമം അനുഭവിക്കേണ്ടി വരുമായിരുന്നില്ല. നല്ല അന്തരീക്ഷം, മേഘം തുടങ്ങി അല്ലാഹുവിന്റെ

ദൃഷ്ടാന്തങ്ങളെ നിയന്ത്രിക്കുക എന്നതു മനുഷ്യന് ഇന്നും ഒരു സ്വപ്നമായി മാത്രം അവശേഷിക്കുന്നു.

എന്നാൽ, മനുഷ്യന്റെ ഈ ഹുങ്കിനോട് അല്ലാഹു ചോദിക്കുന്നുണ്ട്: "ഇനി നിങ്ങൾ പാനം ചെയ്യുന്ന വെള്ളത്തെക്കുറിച്ചു നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ...? നിങ്ങളാണോ അതോ നാമാണോ അതിനെ മേഘത്തിൽനിന്നു ഇറക്കിയത്? നാം ഉദ്ദേശിക്കുകയാണെങ്കിൽ അതിനെ കലർപ്പുള്ള ഉപ്പുജലമാക്കുമായിരുന്നു. എന്നിരിക്കെ, നിങ്ങൾ നന്ദി കാണിക്കാത്തതെന്ത്..?"(അൽ വാഖിഅ 68-70)

അല്ലാഹു മനുഷ്യനു നൽകിയ വലിയ അനുഗ്രഹമാണു മഴയെങ്കിലും അതിനു ചിലപ്പോൾ ഒരു രൗദ്രഭാവമുണ്ട്. പല സമുദായങ്ങളും തന്റെ പരിധിവിട്ടു നാഥനെതിരേ കൊഞ്ഞനം കുത്തിയപ്പോൾ അല്ലാഹു മറുപടി നൽകിയതു മഴയിലൂടെയായിരുന്നു. അല്ലാഹു നിരന്തരമായി മഴ വർഷിക്കുകയും അവരുടെ ഹുങ്കിനു തിരിച്ചടി നൽകുകയും ചെയ്തു.

ഹൂദ് നബി(അ)യുടെ സമുദായത്തിനു ശിക്ഷയായി മഴ ഇറക്കിയിട്ടുണ്ട്. അറേബ്യയുടെ തെക്കു ഭാഗത്ത് ഹളർ മൗത്തിലെ മൺകൂനകൾ നിറഞ്ഞ പ്രദേശമായ അഹ്ഖാഫിലായിരുന്നു ഹൂദ് നബിയുടെ സമുദായമായ ആദ് ജീവിച്ചിരുന്നത്. ഹൂദ് നബി(അ) നാഥനെ ആരാധിക്കാനും അവനോട് ആരെയും പങ്കുചേർക്കരുതെന്നും പല പ്രാവശ്യം പറഞ്ഞിട്ടുണ്ട്. അനുസരിക്കാതിരുന്ന സമുദായത്തിന് അല്ലാഹു അവസാനം ശിക്ഷ നൽകുകയായിരുന്നു.

സ്വവർഗ രതിയിൽ കുപ്രസിദ്ധി നേടുകയും അല്ലാഹുവിന്റെ കൽപ്പനകളെ കാറ്റിൽ പറത്തുകയും ചെയ്ത ലൂഥ് നബി(അ)യുടെ സമുദായത്തെ അല്ലാഹു ശിക്ഷിച്ചത് കല്ലുമഴ വർഷിപ്പിച്ചിട്ടായിരുന്നു. ലൂഥ് നബിയോടും സമുദായത്തോടും രാത്രിയിൽ നാടുവിട്ടു പോകുവാനും അവിശ്വാസികൾക്കു ശിക്ഷയിറങ്ങുമെന്നും മുന്നറിയിപ്പു നൽകി. പോകുമ്പോൾ ആരും തിരിഞ്ഞുനോക്കരുത് എന്നും അല്ലാഹു ആജ്ഞാപിച്ചിട്ടുണ്ടായിരുന്നു. പിറ്റേന്നു രാവിലെ അല്ലാഹു കല്ലു മഴ വർഷിക്കുകയും ലൂഥ് നബിയുടെ അവിശ്വാസിയായ ഭാര്യയടക്കം അഹങ്കാരികളെല്ലാം ശിക്ഷയിൽ അകപ്പെടുകയും ചെയ്തു.

"അവരുടെ മേൽ നാം ഒരു പേമാരി വർഷിച്ചു. അപ്പോൾ ആ കുറ്റവാളികളുടെ പരിണതി എങ്ങനെയായിരുന്നു എന്നു നോക്കുക."

ഫിർഔനിന്റെ ധിക്കാരത്തിനെതിരെ മൂസാ നബി(അ)യെ സഹായിച്ചുകൊണ്ട് ഇറക്കിയ ശിക്ഷയിലും മഴ ഉണ്ടായിരുന്നു.

അതോടൊപ്പം മഴ വലിയൊരു ദൃഷ്ടാന്തം കൂടിയാണ്. വേപഥുപൂണ്ട ഹൃദയങ്ങളെ സന്തോഷത്തിന്റെ ആലിപ്പഴ വർഷത്തിൽ മുക്കിക്കളഞ്ഞു കടന്നുവരുന്ന, അല്ലാഹു മനുഷ്യർക്കു നൽകിയ നല്ലൊരു ദൃഷ്ടാന്തമാണ്. ഉണങ്ങിക്കിടന്ന്, പൊട്ടിപ്പൊളിഞ്ഞ്, വിണ്ടുകീറിയ ഭൂമിയിൽ മഴ വർഷിപ്പിച്ച് അവിടെ മനുഷ്യന്റെ അന്നത്തിനുള്ള വകയുണ്ടാക്കിത്തന്നതിൽ നമുക്കു പഠിക്കാൻ ഒരുപാടുണ്ട്.

പ്രപഞ്ചത്തിലെ ദൈവിക ദൃഷ്ടാന്തങ്ങളിലെ പ്രധാനമായ മഴയെ കുറിച്ചു വലിയ പഠനങ്ങൾ ഇനിയും നടത്തേണ്ടതുണ്ട്. ആകാശത്തുനിന്നു തിർന്നിറങ്ങുന്ന ഓരോ മഴനാരുകളും അല്ലാഹുവിലേക്ക് എത്തിപ്പെടാനുള്ള ഹിമവള്ളികളായി രൂപാന്തരപ്പെടണമെങ്കിൽ മഴ പെയ്യും നേരത്ത് കണ്ണും കാതും തുറന്നുവച്ചിരിക്കേണ്ടതുണ്ട് നാം.


നിങ്ങൾക്കൊരു ഗൃഹവൈദ്യൻ
സബ്സം
യൂനാനി പച്ച മരുന്ന്
തുള്ളി ഒന്ന് = ഫലം 10,
വില 15/-
- ജലദോഷം
- തലവേദന
- സന്ധിവേദന, പേശിവേദന
- ഗ്യാസ്ട്രബിൾ, വയറുവേദന
- ഭക്ഷ്യവിഷബാധ
- ഇഴജന്തുക്കളുടെ വിഷം
- പല്ലുവേദന
- മുറിവ്,
- ചതവ്,
- ഉളുക്ക്
- ചുണങ്ങ്




MFRS: HERMAS UNANI HERBAL PHARMACY
1st GMP Certified Unani Company in Kerala
Calicut - 673 602. Ph: 2295686
Marketed : Medical Agency, Calicut Unani
Kellai Road Calicut 2700640, 2304810
TRADE ENQUIRIES SOLICITED

ഐ.ടി.ഐ കോഴ്സുകളിലേക്ക് അഡ്മിഷൻ ആരംഭിച്ചു. (2011 – 2012)
- ഡ്രാഫ്റ്റ്സ്മാൻ സിവിൽ with Auto CAD
  Qualification: SSLC
- മെക്കാനിക്ക് കമ്മ്യൂണിക്കേഷൻ & എക്യുപ്മെന്റ് മെയിന്റനൻസ് (MCEM)
  Syllabus: Computer Hardware & Networking, Mobilephone Technology. Applied Electronics,Satelite Communication - Dish & Cable Network
  Qualification: SSLC
- നെറ്റ് വർക്ക് ടെക്നീഷ്യൻ Syllabus: Computer Hardware & Networking) A+ MCP & MCSA
  Qualification: +2 Pass
- ഹെൽത്ത് സാനിറ്ററി ഇൻസ്പെക്ടർ
  (Health Education, Sanitary Engineering, Food & Nutrition, Communicable diseases)
  Qualification: +2 Science

NB: സീറ്റുകൾ പരിമിതം (പെൺകുട്ടികൾക്കും അപേക്ഷിക്കാം)
ELECTRO ITC
NCVT- Govt. of India
Near KC Movies, Pattambi Road, PERINTHALMANNA
Ph: 04933 225526, 324713. Mob: 9048776973, 9495530885



**സിഎച്ച് കുഞ്ഞീൻ മുസ്‌ലിയാർ സ്മാരക സെക്കന്ററി മദ്റസയുടെ ശിലാസ്ഥാപനം സയ്യിദ് ശിഹാബുദ്ദീൻ ഇമ്പിച്ചിക്കോയ തങ്ങൾ നിർവ ഹിക്കുന്നു(ഫയൽ ചിത്രം)**

# സി എച്ച് കുഞ്ഞീൻ മുസ്‌ലിയാർ കാലം മറക്കാത്ത കർമയോഗി

സ്മരണ

**●സി എച്ച് സ്വാലിഹ്**

**ച**രിത്രം ഗ്രന്ഥത്താളുകളിൽ മൂടിപ്പു തച്ചുറങ്ങാനുള്ളതല്ല, വായിക്കാനും കേൾക്കാനും ആവേശംകൊള്ളാനും വികാരവിജൃംഭിതരാകാനും മാത്രമല്ല, മറിച്ച് ചരിത്രമാർന്ന ചരിത്രം ആവർത്തിക്കാനുള്ളതാണ്; ആവർത്തിക്കപ്പെടേണ്ടതുമാണ്. ചരിത്രം വരാനിരിക്കുന്ന തലമുറ കൾക്കുള്ള പാഥേയമാണ്. ഇന്നലെക ളുടെ നിമ്നോന്നതികളും ജയപരാജ യങ്ങളും പുതിയ ജനസഞ്ചയത്തിന്റെ ദിശ നിർണയിക്കുകയും വെളിച്ചം പരത്തുകയും ചെയ്യുന്നവയാണ്. അത്തരമൊരു സുകൃത ചരിത്ര ത്തിന്റെ പ്രകാശധാരയാണ് ഇഴമുറി യാതെ ചോലക്കകത്ത് കുടുംബത്തി ലൂടെ കടന്നുവരുന്നത്. തിരുമേനി(സ്വ)യുടെ സന്തത സഹചാരിയും ഇസ്‌ലാമിക ചരിത്രത്തിലെ ഒന്നാ മത്തെ ഖലീഫയുമായ അബൂബകർ സ്വിദ്ദീഖ്(റ)ലാണ് ആ കുടുംബ പര മ്പര ചെന്നവസാനിക്കുന്നത്-ചരിത്ര ത്തിലെ ഇന്നലെകളുടെ ഓർമപ്പെടു ത്തലുകളുള്ള ബക്‌രി കുടുംബം.

ആത്മീയതയും പാണ്ഡിത്യവും കൈമുതലുള്ള ബക്‌രി കുടുംബ ത്തിലെ ഒരു കണ്ണി മലപ്പുറത്തെ ജന ങ്ങളുടെ ആശ്രയവും അവലംബവു മായി വർത്തിച്ചുപോന്നു. പ്രപിതാക്ക ളിലൂടെ ലഭിച്ച നേതൃസ്ഥാനവും ഖാസി സ്ഥാനവും കൈയ്യാളിയിരുന്ന പ്രമുഖനായ സൈനുദ്ദീൻ മുസ്‌ലി യാർ(ന.മ) ജനങ്ങളുടെ ക്ഷണപ്ര കാരം കോട്ടക്കൽ പറപ്പൂർ എന്ന പ്രദേശത്തു വന്നു താമസമാക്കിയ തോടെ ആ കുടുംബം മലപ്പു റത്തുനിന്നു പറപ്പൂരിലേക്കും പടർന്നു. പറപ്പൂർ ഇല്ലത്ത് ഒടിയൻമാ രുടെ ശല്യം ശക്തമായപ്പോൾ പ്രമുഖ ചികിത്സകനും പണ്ഡിതനു മായ സൈനുദ്ദീൻ മുസ്‌ലിയാരെ കൊണ്ടുവരികയായിരുന്നു. തത്ഫല മായി ശല്യം നീങ്ങിയപ്പോൾ അവർ അദ്ദേഹത്തിന് അവിടെത്തന്നെ വീടു വച്ചു നൽകി. ജനങ്ങളുടെ അത്താ ണിയായി വർത്തിച്ച സൈനുദ്ദീൻ മുസ്‌ലിയാരുടെ പ്രിയപുത്രനായി രുന്നു കുഞ്ഞീൻ മുസ്‌ലിയാർ. അവർക്കു രണ്ടു മക്കൾ-കുട്ടി രായിൻ മുസ്‌ലിയാർ(ന.മ), ഏന്തീൻ മുസ്‌ലി യാർ(ന.മ). ഇതിൽ കുട്ടി രായിൻ മുസ്‌ലിയാരുടെ മൂത്ത പുത്രനാണ് നമ്മുടെ സ്മര്യപുരുഷനായ പണ്ഡി തനും പ്രഗത്ഭ സൂഫിവര്യനും പ്രസിദ്ധ ഭിഷഗ്വരനും വാഗ്മിയും ബഹുഭാഷാ പണ്ഡിതനുമായ കുഞ്ഞീൻ മുസ്‌ലിയാർ(ന.മ). ചരിത്ര ത്തിന് അന്തസ്സുണ്ടാവണമെങ്കിൽ ചരിത്രം സത്യസന്ധമാവണം. നവ ലോക ചരിത്രത്തിന് അതു നഷ്ടപ്പെ ട്ടിട്ടുണ്ടെങ്കിൽ അതിനു കാരണം സ്മരിക്കപ്പെടാൻ അർഹരായ പലരും വിസ്മരിക്കപ്പെട്ടു എന്നതാണ്. ഇവി ടെയാണ് അല്ലാഹുവിന്റെ വലിയ്യും ആരിഫുമായ കുഞ്ഞീൻ മുസ്‌ലിയാ രുടെ പ്രസക്തി.

താൻ മരിക്കുന്നതിന്റെ മുമ്പു തന്നെ തന്റെ മരണ ദിവസവും മണി ക്കൂറും മിനിറ്റും കൃത്യമായി അടുത്ത യാളുകൾക്ക് പറഞ്ഞു കൊടുക്കു കയും പ്രവചിച്ച പോലെ കൃത്യസമ യത്തു തന്നെ ആകാംക്ഷയോടെ കാത്തിരുന്ന വൻ ജനാവലിയെ അത്ഭുതപരതന്ത്രരാക്കി ലോക ത്തോടു വിടപറയുകയും ചെയ്ത മഹാനായ കുട്ടി രായിൻ മുസ്‌ലിയാ രാണു പിതാവ്. മാതാവ് ഫാത്വിമ. അടിയുറച്ച ദൈവചിന്തയും സന്മാർഗ നിഷ്ഠയും ജീവിത വ്രതമാ ക്കിയ ആ മാന്യ ദമ്പതികളുടെ മൂത്ത പുത്രനായി 1904ൽ സി എച്ച് കുഞ്ഞീൻ മുസ്‌ലിയാർ പറപ്പൂരിൽ ജനിച്ചു. സാമ്പത്തികമായി അത്ര ഉയർന്ന കുടുംബത്തിലായിരുന്നില്ല മഹാനവർകളുടെ ജനനം. എന്നാൽ, ദൈവ ഭക്തി കൊണ്ടു സമ്പന്നമായ ഉന്നത കുലജാതരായ പ്രപിതാക്ക ളിൽ നിന്നു പാരമ്പര്യമായി ലഭിച്ച തഖ്‌വയും വിലായത്തുമായിരുന്നു അവരുടെ കൈമുതൽ.

ദീനീ ചുറ്റുപാടും ആരാധനാ കണിശതയുമുള്ള കുടുംബ സാഹച ര്യമായിരുന്നതിനാൽ ബാല്യത്തിലേ മഹാനവർകൾ ചിട്ടയോടെ വളർന്നു വന്നു. കാണുന്നവരും കേൾക്കുന്ന വരും കാണേണ്ടവരും കേൾക്കേണ്ടവ രുമായതിനാൽ തന്നെ അവിടന്നു

ചെറുപ്പത്തിലേ മനസാ-വാചാ-കർമണാ പരിശുദ്ധ ദീനിന്റെ ഉത്തമ അനുയായിയായി വളർന്നു വന്നു.

തന്റെ പ്രാഥമിക വിദ്യാഭ്യാസം പറപ്പൂരിലുള്ള അയമുട്ടി മൊല്ലാക്ക യുടെ ഓത്തുപള്ളിയിൽ നിന്നായിരുന്നു. തുടർന്നു കോഡൂർ ചെമ്മങ്കട വിൽ മുദർരിസായിരുന്ന വലിയ്യുല്ലാഹി കാപ്പാട് മുഹമ്മദ് മുസ്‌ലിയാരുടെ പക്കൽ പോയി പ്രഥമ ദർസ് പഠനമാരംഭിച്ചു. ഫള്ഫരി കുട്ടി മുസ്‌ലിയാർ ഇവിടെ മഹാനവർകളോടൊപ്പം സഹപാഠിയായുണ്ടായിരുന്നു. ശേഷം തുടർ പഠനത്തിനായി പ്രസിദ്ധ പണ്ഡിതനായ അലനല്ലൂർ കുഞ്ഞലവി മുസ്‌ലിയാരുടെ അടുത്തുപോയി പഠനം തുടർന്നു. ഇക്കാലത്ത് മഹാനവർകളുടെ പ്രധാന ഹോബി ക്ലാസ് കഴിഞ്ഞയുടൻ സൈക്കിൾ സവാരിയായിരുന്നു. ചിലരുടെ പരാതി മൂലം ഒരിക്കൽ ഉസ്താദ് പിടിച്ചു തലേ ദിവസത്തെ 'സബ്ഖ്' ഓതിക്കേൾപ്പിക്കാൻ പറഞ്ഞു. നിഷ്പ്രയാസം പാഠമോതി ക്കേൾപ്പിച്ചു കൊണ്ട് അവിടുന്നു കാര്യമായി ഒരു സംശയം കൂടി ചോദിച്ചു. ഇതു കേട്ട ഉസ്താദ് പറഞ്ഞു: "കുഞ്ഞീൻ, എന്റെ വലിയ പത്തായം തുറപ്പിച്ചു. അവൻ എന്തെങ്കിലും ചെയ്തോട്ടെ നിങ്ങൾ അത് നോക്കണ്ട!" താഴെക്കോട്ടെ പഠനം പൂർത്തീകരിച്ചതിനു ശേഷം മദ്രാസിലെ ജമാൽ മുഹമ്മദ് റാവുത്തറുടെ ജമാലിയ്യ കോളേജിൽ തുടർ വിദ്യാഭ്യാസത്തിനായി യാത്ര തിരിച്ചു. ഇവിടെ നിന്നാണ് അറബി, മലയാളം എന്നീ ഭാഷകൾക്കു പുറമെ ഇംഗ്ലീഷ്, ഉർദു, തമിഴ്, കന്നട ഭാഷകളിൽ അവഗാഹം നേടിയത്.

പാരമ്പര്യമായി ലാളിത്യത്തിലൂന്നിയ സൂഫികുടുംബ പശ്ചാത്തലത്തിലായതു കൊണ്ടു തന്നെ ലാളിത്യത്തിലും ത്യാഗനിർഭരതയിലുമായിരുന്നു അവിടുത്തെ ജീവിതം. പ്രാഥമിക വിദ്യാഭ്യാസം കരസ്ഥമാക്കിയ ഉടനെ സൂഫിവര്യൻമാരുടെ ശിക്ഷണം നേടിയ മഹാനവർകൾ ആത്മീയതയുടെ അന്തരാളങ്ങളിലേക്കിറങ്ങിച്ചെല്ലാൻ തുടങ്ങിയിരുന്നു. ദർസ് പഠനത്തിലെ ആദ്യഗുരുവര്യനായ മുഹമ്മദ് മുസ്‌ലിയാരിൽ നിന്നായിരുന്നു ആദ്യ ഇജാസത്ത് കരസ്ഥമാക്കിയത്.

ജമാലിയ്യ കോളേജിലെ പഠനം പൂർത്തീകരിച്ച മഹാനവർകൾ കർണാടകയിലെ കോലാറിൽ ആദ്യമായി തന്റെ സേവനമാരംഭിച്ചു. തുടർന്നങ്ങോട്ടുള്ള തന്റെ ജീവിതത്തിലെ ഓരോ നിമിഷവും സാമൂഹ്യ സേവനത്തിലും ആത്മീയതയിലുമായിരുന്നു. കോലാറിൽ നിന്നു പോന്ന ശേഷം ഇരുമ്പാലശ്ശേരിയിൽ ദർസ് തുടങ്ങി. മൂന്നു തവണകളായി പന്ത്രണ്ടു വർഷക്കാലം അവിടെ സേവനമനുഷ്ഠിച്ചു. പണ്ഡിതനും സൂഫിവര്യനുമായിരുന്ന നന്തിയിൽ മുഹമ്മദ് മുസ്‌ലിയാർ, അവരുടെ ജ്യേഷ്ഠ സഹോദരൻ ഹംസ മുസ്‌ലിയാർ എന്നിവർ ഇവിടെ വച്ചാണു കുഞ്ഞീൻ മുസ്‌ലിയാരുടെ ശിഷ്യത്വം സ്വീകരിച്ചത്. ഇരുമ്പാലശ്ശേരിയിൽ ദർസ് സേവനത്തോടൊപ്പം അവിടെ ഖാസി സ്ഥാനവും മഹാനവർകൾ വഹിച്ചുപോന്നു.

വിജ്ഞാനകുതുകിയായിരുന്ന സി എച്ച് കുഞ്ഞീൻ മുസ്‌ലിയാർ സർവ വിഷയങ്ങളിലും അവഗാഹം നേടിയിരുന്നു. സേവനകാലത്ത് തഫ്സീർ എടുത്തിരുന്നത് വിശുദ്ധ ഖുർആൻ നോക്കിക്കൊണ്ടായിരുന്നു എന്നതു മഹാന്റെ വിജ്ഞാനശേഖരത്തിന്റെ സമൃദ്ധി മനസ്സിലാക്കിത്തരുന്നു. വിജ്ഞാനത്തിന്റെ നിറകുടമായിരുന്നുവെങ്കിലും മഹാനവർകളുടെ ജിജ്ഞാസ തന്റെ സേവനകാലത്തെന്നല്ല, മരണം വരെ തുടർന്നു. ചെർപ്ലശ്ശേരിയിൽ ദർസ് എടുത്തിരുന്നതിനിടയിൽ തന്നെ പ്രമുഖ പണ്ഡിതനായ കൊളപ്പുറം കുഞ്ഞഹമ്മദ് മുസ്‌ലിയാരുടെ വീട്ടിൽപോയി കിതാബ് ഓതിപ്പഠിപ്പിച്ചിരുന്നു. ചെർപ്പുളശ്ശേരിയിലെ ദർസ് നിർത്തിയ ശേഷം മഹാനവർകൾ തന്റെ ജന്മദേശമായ പറപ്പൂരിലെത്തി ദർസ് ആരംഭിച്ചു. തന്റെ അവസാന കാലത്ത് ദർസ് നടത്തിയിരുന്നത് പറപ്പൂരിലായിരുന്നു. അവിടത്തെ ഖാസി സ്ഥാനവും മഹാനവർകൾ അലങ്കരിച്ചു.

ദർസിനോടൊപ്പം തന്നെ വഅ്ള്, തർബിയത്ത് രംഗങ്ങളിലും മഹാനവർകൾ തന്റെ ദൗത്യം നിർവഹിച്ചു പോന്നു. മഹാനവർകളുടെ വഅ്ള് പരമ്പരകൾ തന്നെ നടന്നിരുന്നു. തിന്മയുടെ ഒരംശം പോലും സ്വാധീനിക്കപ്പെടാത്ത കുഞ്ഞീൻ മുസ്‌ലിയാരു(ന.മ) ടെ ജീവിതം വളരെ ലളിതമായിരുന്നു. വളരെ ചുരുങ്ങിയ ഭക്ഷണം മാത്രം കഴിച്ചു. പ്രമേഹമുണ്ടായിട്ടു പഥ്യമൊന്നും സ്വീകരിച്ചിരുന്നില്ല മഹാനവർകൾ. കഷ്ണം വച്ച ചെരിപ്പും മുഷിഞ്ഞ വസ്ത്രങ്ങളുമണിഞ്ഞ മഹാൻ അവസാനം കുപ്പായം പോലും ധരിക്കാതെ വലിയ ഒരു തോർത്തുമായിട്ടാണ് ജീവിച്ചത്. മഹാന്റെ ജീവിതം തന്നെ പരിത്യാഗമായിരുന്നു. അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കിയ കുഞ്ഞീൻ മുസ്‌ലിയാർക്കു മുന്നിൽ ഭൗതിക ലോകത്തെ ഒന്നിനും ഒരു


ഫലപ്രദമായ ചികിത്സ



സ്ത്രീപുരുഷൻമാർ പുറത്തുപറയാൻ മടിക്കുന്ന രഹസ്യ രോഗങ്ങൾ, ലൈംഗിക ക്ഷീണം, ബലക്കുറവ്, വലിപ്പക്കുറവ്, ശ്രീഘ്രസ്ഖലനം, സന്താനമില്ലായ്മ (വന്ധ്യത), സ്ത്രീകളുടെ വെള്ളപോക്ക്, മെലിച്ചിൽ, സ്തനരോഗങ്ങൾ, മൂത്രാശയ രോഗങ്ങൾ, മൂലക്കുരു, വെള്ളപ്പാ ", സോറിയാസിസ് എന്നിവയ്ക്ക് ഫലപ്രദമായ യൂനാനി ചികിത്സ. 35 വർഷത്തെചികിത്സാ പരിജ്ഞാനമുള്ള **ഹക്കീം കെ.ഇ. ഇബ്രാഹിമി**നെ നേരിൽ കാണുക. വിദേശത്തുള്ളവർ രോഗവിവരം കത്ത് മുഖേനഅറിയിക്കുക. പ്രവർത്തനം ബുധൻ, വ്യാഴം, വെള്ളി മാത്രം.

**അൽ - അമീൻ** കാട്ടുങ്ങൽ കോംപ്ലക്സ്, ജുമാമസ്ജിദിന് മുൻവശം, ഊട്ടി റോഡ്, പെരിന്തൽമണ്ണ. Ph: 04933 227984, 9847103628

**ശനി മുതൽ ചൊവ്വ വരെ എറണാകുളം P.N.V.M ഹോസ്പിറ്റലിൽ രോഗികളെ പരിശോധിക്കുന്നു. Ph: 0484 2396393**

വിലയുമില്ലായിരുന്നു.

വിജ്ഞാനസാഗരവും ആത്മീയ ഗോപുരവുമായിരുന്ന കുഞ്ഞീൻ മുസ്‌ലിയാരുടെ ബന്ധങ്ങൾ പൂർണമായും അല്ലാഹുവിന്റെ ആരിഫുകളോടും ഔലിയാക്കളോടുമായിരുന്നു. പ്രസിദ്ധ സൂഫിവര്യനായിരുന്ന അമ്പൻകുന്ന് ബീരാൻ ഔലിയ പാപ്പ, മോളൂർ അബ്ദുറഹ്മാൻ മുസ്‌ലിയാർ, പാടൂർ കുഞ്ഞിസീതി തങ്ങൾ തുടങ്ങിയവരടങ്ങുന്നു അവിടുത്തെ സ്നേഹവലയം.

മർഹൂം സി എം വലിയുല്ലാഹി ശുകപുരം, വാണിയമ്പലം അബ്ദുറഹ്മാൻ മുസ്‌ലിയാർ, തന്റെ മുരീദ് കൂടിയായ സി എച്ച് ഐദ്റൂസ് മുസ്‌ലിയാർ തുടങ്ങിയ വിശ്വപ്രസിദ്ധരായ ഔലിയാക്കൾ സിഎച്ച് കുഞ്ഞീൻ മുസ്‌ലിയാരെ അവിടുത്തെ വീട്ടിൽ ചെന്നു സന്ദർശിക്കാറുണ്ടായിരുന്നു. തന്റെ ശൈഖായ കുഞ്ഞീതി തങ്ങളോടുള്ള ബന്ധം ശൈഖ്-മുരീദ് ബന്ധത്തിനപ്പുറമായിരുന്നു. കുഞ്ഞീൻ മുസ്‌ലിയാരുടെ(ന.മ) നിര്യാണാനന്തരം ഒരാഴ്ചക്കാലത്തോളം തന്റെ ശൈഖ് കുഞ്ഞീൻ സീതി തങ്ങൾ, മഹാന്റെ പറപ്പൂരിലെ വീട്ടിൽ താമസിച്ചതു ആ ബന്ധം അത്രയും സുദൃഢമായിരുന്നുവെന്നതിന്റെ തെളിവായിരുന്നു.

ദർസും തർബിയത്തും വഅ്ളും ചികിത്സയും ദീനീസേവനവും ജീവിതചര്യയാക്കിയ മഹാൻ പല മേഖലകളിലും പൊതുജനങ്ങളുമായി ഇടപഴകിയിരുന്നുവെങ്കിലും ആരോടും ദേഷ്യപ്പെടാത്ത പ്രകൃതമായിരുന്നു. എല്ലാവരെയും സ്നേഹിച്ച് അവരുടെ സ്നേഹഭാജനമായി മാറിയ മഹാനവർകളിൽ ഒരു നേതാവിലുണ്ടാവേണ്ട സർവ നന്മകളും സമഞ്ജസമായി സമ്മേളിച്ചിരുന്നു. റസൂൽ(സ്വ) അരുൾ ചെയ്ത ഒരു ഹദീസ് ശകലത്തിലിങ്ങനെ കാണാം: "നിങ്ങളുടെ നേതാക്കളിൽ നല്ലവർ നിങ്ങൾ സ്നേഹിക്കുകയും നിങ്ങളെ സ്നേഹിക്കുകയും അവർ നിങ്ങൾക്കു വേണ്ടിയും നിങ്ങൾ അവർക്കു വേണ്ടിയും പ്രാർത്ഥിക്കുകയും ചെയ്യുന്നവരാണ്. നിങ്ങളുടെ നേതാക്കളിൽ ചീത്ത നേതാക്കൾ നിങ്ങൾ വെറുക്കുകയും നിങ്ങളെ വെറുക്കുകയും നിങ്ങൾ ശപിക്കുകയും നിങ്ങളെ ശപിക്കുകയും

**ജമാലിയ്യ കോളേജിലെ പഠനം പൂർത്തീകരിച്ച മഹാനവർകൾ കർണാടകയിലെ കോലാറിൽ ആദ്യമായി തന്റെ സേവനമാരംഭിച്ചു. തുടർന്നങ്ങോട്ടുള്ള തന്റെ ജീവിതത്തിലെ ഓരോ നിമിഷവും സാമൂഹ്യസേവനത്തിലും ആത്മീയതയിലുമായിരുന്നു. കോലാറിൽ നിന്നു പോന്ന ശേഷം ഇരുമ്പാലശ്ശേരിയിൽ ദർസ് തുടങ്ങി. മൂന്നു തവണകളായി പന്ത്രണ്ടു വർഷക്കാലം അവിടെ സേവനമനുഷ്ഠിച്ചു. പണ്ഡിതനും സൂഫിവര്യനുമായിരുന്ന നന്തിയിൽ മുഹമ്മദ് മുസ്‌ലിയാർ, അവരുടെ ജ്യേഷ്ഠം സഹോദരൻ ഹംസ മുസ്‌ലിയാർ എന്നിവർ ഇവിടെ വച്ചാണു കുഞ്ഞീൻ മുസ്‌ലിയാരുടെ ശിഷ്യത്വം സ്വീകരിച്ചത്. ഇരുമ്പാലശ്ശേരിയിൽ ദർസ് സേവനത്തോടൊപ്പം അവിടെ ഖാസി സ്ഥാനവും മഹാനവർകൾ വഹിച്ചുപോന്നു.**

ചെയ്യുന്നവരാണ്." (മുസ്‌ലിം) ഈ തിരുവചനത്തെ പൂർണാർഥത്തിൽ ശരിവയ്ക്കുന്നതായിരുന്നു മഹാനവർകളുടെ നേതൃസിദ്ധി.

നിഷ്കളങ്കനും നിർമലഹൃദയനുമായ മഹാനവർകൾ ചെറിയവനെപ്പോലും 'നീ' എന്നഭിസംബോധനം ചെയ്യാൻ ഇഷ്ടപ്പെട്ടിരുന്നില്ല. 'ഉപ്പാന്റെ കുട്ടി' എന്നു വിളിച്ച് അവരെ എപ്പോഴും പരിഗണിച്ചു. തനിക്ക് കിട്ടുന്നതിൽ നിന്ന് അന്നത്തേക്ക് ആവശ്യമായതു മാത്രം ഉപയോഗിച്ച് ബാക്കിയെല്ലാം അവർക്കിടയിൽ വീതിച്ചു നൽകി. ഇന്ന് കിട്ടുന്നതിൽ നിന്നു നാളേക്ക് കരുതിവക്കുന്ന സ്വഭാവം അവർക്കില്ലായിരുന്നു. അക്കാരണത്താൽ തന്റെ കുട്ടികൾ എപ്പോഴും അദ്ദേഹത്തോടൊപ്പം നടക്കാൻ ഇഷ്ടപ്പെട്ടു. ചിലപ്പോൾ വഴിയിൽ കാണുന്നവർക്കെല്ലാം ചായ വാങ്ങി നൽകും. ഇങ്ങനെയൊക്കെയായിരുന്നെങ്കിലും തന്റെ കൂടെ ഖാദിമായി നടക്കാൻ ആരെയും അനുവദിച്ചില്ല. അന്യമതാനുയായികളോടും മഹാൻ സഹവർത്തിത്തത്തോടെ പെരുമാറി.

കറപുരളാത്ത ജീവിതത്തിനുടമയായ അവർ തന്റെ ജീവിതത്തിൽ ഒരിക്കൽ പോലും തിന്മയോടു സന്ധി ചെയ്യാൻ ഇഷ്ടപ്പെട്ടില്ലെന്നു മാത്രമല്ല തിന്മയോടൊരു ലാഞ്ഛന പോലും തൊട്ടുതീണ്ടാതിരിക്കാൻ വളരെ സൂക്ഷ്മത പുലർത്തുകയും ചെയ്തിരുന്നു. ചികിത്സക്കാവശ്യമായും മറ്റും വരുന്ന സ്ത്രീകൾ വളരെ മറഞ്ഞിരുന്നു മാത്രമേ കാര്യങ്ങൾ പറയുമായിരുന്നുള്ളൂ. ശരീരം വേണ്ടവിധം മറയ്ക്കാത്ത സ്ത്രീകളെ കർശനമായി ശകാരിക്കുകയും ചെയ്തിരുന്നു. നിസ്കരിക്കാത്തവർക്കു മഹാനവർകളുടെ അടുക്കലേക്കു പ്രവേശനമുണ്ടായിരുന്നില്ല.

മഹാനവർകൾ പലപ്പോഴും 'ജദ്ബി'ന്റെ ഹാലിലായിരുന്നു. ഈ സമയത്ത് ദർസ് നിർത്തി എവിടെയെങ്കിലും പോകും. കാണുന്നവരെയെല്ലാം അടിക്കും. എന്നാൽ, ജനങ്ങൾ ഈ അടി ലഭിക്കാനായി വഴിയോരങ്ങളിൽ കുഞ്ഞീനുസ്താദിനെ കാണാൻ നിൽക്കുമായിരുന്നു. തങ്ങളുടെ ബുദ്ധിമുട്ടുകളും പ്രയാസങ്ങളും രോഗങ്ങളും സുഖമാക്കാൻ ഉസ്താദിന്റെ ഒരടിക്കായി പ്രതീക്ഷിക്കും. ആ ഒരടി കിട്ടിയാൽ എല്ലാ പ്രശ്നവും ഇല്ലാതാവുമായിരുന്നു. ഈ അവസ്ഥയിൽ ചിലർ ഉസ്താദിനെക്കുറിച്ച് സുഖമില്ല എന്നു പറയും, പക്ഷേ, യഥാർത്ഥത്തിൽ അത് അസുഖമായിരുന്നില്ല. അല്ലാഹുവിനോടുള്ള ഇശ്ഖ് കൂടിക്കൂടി മഹാനവർകൾക്ക് അവരെത്തന്നെ നിയന്ത്രിക്കാൻ കഴിയാത്ത അവസ്ഥയായിരുന്നു.

ഇതിനെക്കുറിച്ച് കണ്യാല അബ്ദുല്ല ഹാജി മൗല(ന.മ) പറഞ്ഞത്: "കുഞ്ഞീൻ മുസ്‌ലിയാർ അല്ലാഹുവിന്റെ വലിയ്യായിരുന്നു, ചിലർ മഹാനെക്കുറിച്ച് സുഖമില്ല എന്നു പറയും, അവർ ജാഹിലീങ്ങളാണ്, തനി വിവരദോഷികൾ. വാസ്തവത്തിൽ അവർക്കാണു സുഖമില്ലാത്തത്; കുഞ്ഞീൻ മുസ്‌ലിയാർക്കല്ല...!"

തന്റെ മനസും ശരീരവും പൂർണമായും അല്ലാഹുവിലർപ്പിച്ചു കൊണ്ട് മഹാൻ ജീവിച്ചുപോന്നു. വാക്കിലും

നോക്കിലും നടപ്പിലും മഹാനവർകൾ അല്ലാഹുവിനെ സ്മരിച്ചുകൊണ്ടേയിരുന്നു. നടപ്പിലും ഇരിപ്പിലും മഹാനവർകൾ ദിക്റിൽ മുഴുകി. എല്ലാ വഖ്തിനും വീട്ടിൽനിന്ന് ഒരു കിലോമീറ്റർ അകലെയുള്ള പള്ളിയിലേക്ക് ജമാഅത്തിനായി പോകുമായിരുന്നു. തന്റെ ജീവിതത്തിന്റെ അവസാനകാലത്ത് ഒരുനാൾ സുബ്ഹി നിസ്കാരത്തിനായി പോകും വഴി കാൽ തടഞ്ഞ് തോട്ടിൽ വീണു കയ്യൊടിഞ്ഞു. പലരും ചികിത്സിക്കാൻ ഉപദേശിച്ചപ്പോഴും മഹാനവർകൾ അല്ലാഹുവിൽ ഭരമേൽപ്പിച്ചു കൊണ്ട് സൗമ്യമായി പ്രതികരിച്ചു: "എനിക്കിത് അല്ലാഹു തന്നതാണ്. അതു കൊണ്ട് ഞാൻ തൃപ്തിപ്പെടുന്നു." ചെറിയ ഒരു കൊള്ളിക്കഷ്ണം വച്ച് കൊടുക്കുക മാത്രം ചെയ്തു. 'തവക്കുലി'ന്റെ മഹിത മാതൃകയായിരുന്നു അവർ. അവർ തന്റെ പഠനം കഴിഞ്ഞ് കുറെകാലം ദർസ് നടത്തിയതിനു ശേഷം, വളരെ വൈകിയാണ് വിവാഹം കഴിച്ചത്.

ഭാര്യ കുഞ്ഞാച്ചു ഉമ്മ. ഈ ബന്ധത്തിൽ നാലു പൂക്കൾ വിരിഞ്ഞു. ബാപ്പുട്ടി മുസ്ലിയാർ, ഫാത്വിമ, ഖദീജ, നഫീസ. ഇവരിൽ ബാപ്പുട്ടി മുസ്ലിയാരും ഫാത്വിമയും ഒഴികെ മറ്റു രണ്ടുകുട്ടികളും ചെറുപ്പത്തിലെ മരണത്തിനു കീഴടങ്ങി. ബാപ്പുട്ടി ഉസ്താദിനെയും ഫാത്വിമയെയുമെടുത്ത് ചെറുപ്പത്തിൽ കുഞ്ഞീൻ മുസ്ലിയാർ വീട്ടിനടുത്തുള്ള പുഴയിലേക്ക് കുളിക്കാൻ പോകുമായിരുന്നു. രണ്ടു പേരെയും തോളിൽ വച്ച് വെള്ളത്തിനടിയിലേക്ക് ഊർന്നിറങ്ങും, അരമണിക്കൂറും മുക്കാൽ മണിക്കൂറുമൊക്കെ കഴിഞ്ഞാവും മുകളിലേക്കു വരിക. ഇത് കാണുന്നവരെയെല്ലാം അത്ഭുതപ്പെടുത്തിയിരുന്നു. മുക്കാൽ മണിക്കൂർ ചെറിയ മക്കളുമായി വെള്ളത്തിനടിയിൽ...!!! മഹാനവർകൾക്ക് നീന്തൽ വലിയ ഇഷ്ടമായിരുന്നു. നിറഞ്ഞൊഴുകുന്ന പുഴ മുറിച്ചുകടക്കുക ഹോബിയായിരുന്നു.


**ടെക്നിക്കൽ കോഴ്സിലേക്ക് അഡ്മിഷൻ ആരംഭിച്ചു**

ELECTRO TECHNICAL CENTRE
ETC
COMPUTER EDUCATION
AN ISO 9001 : 2008 CERTIFIED INSTITUTION

MCP
MCSA
MCSE
DCA
PGDCA

**കോഴ്സുകൾ**
- സ്മാർട്ട് എഞ്ചിനീയറിംഗ് ടെക്നോളജി
- മൊബൈൽ ഫോൺ ടെക്നീഷ്യൻ
- കമ്പ്യൂട്ടർ ഹാർഡ്വെയർ & നെറ്റ്‌വർക്കിംഗ്
- കമ്പ്യൂട്ടർ നെറ്റ്‌വർക്ക് ടെക്നീഷ്യൻ
- ഇലക്ട്രോണിക് ടെക്നീഷ്യൻ
- ഡിപ്ലോമ ഇൻ മൾട്ടീമീഡിയ ആനിമേഷൻ
- ഡിജിറ്റൽ വീഡിയോ & ഫോട്ടോഗ്രാഫി
- സ്മാർട്ട് അക്കൗണ്ടന്റ്
- കമ്പ്യൂട്ടർ ടി.ടി.സി (CTTC)

ഞങ്ങളുടെ പ്രത്യേകതകൾ
- NCVT, JSS (Govt of India) സർട്ടിഫിക്കറ്റ്
- പ്രാക്ടിക്കലിന് മുൻതൂക്കം നൽകിയിട്ടുള്ള പാഠ്യപദ്ധതി
- Poly/ITI/+2/VHSE, കഴിഞ്ഞവർക്കും SSLC ഗ്രേഡ് കൂടിയവർക്കും കുറഞ്ഞവർക്കും പ്രത്യേകം ബാച്ചുകൾ
- പ്രൊഫഷണൽ ഡിഗ്രി വിദ്യാർത്ഥികൾക്ക് പാർട്ട് ടൈം/ഇവനിംഗ് ബാച്ചുകൾ
- പഠനശേഷം ഇലക്ട്രോയുടെ വിവിധ സർവ്വീസ് സെന്ററുകളിൽ പരിശീലനം

ETC
ഇലക്ട്രോ ടെക്നിക്കൽ സെന്റർ

പെൺകുട്ടികൾക്കും അപേക്ഷിക്കാം
പ്രോസ്പെക്ടസിനും അപേക്ഷാഫോറത്തിനും ബന്ധപ്പെടുക.

ജൂബിലി ജംഗ്ഷൻ, പട്ടാമ്പി റോഡ്,
പെരിന്തൽമണ്ണ
ഫോൺ: 04933 224924, 221878.

AN ISO 9001 : 2008 CERTIFIED INSTITUTION


തന്റെയടുത്തു വരുന്ന ഔലിയാക്കളെ കണ്ടു തന്റെ മകൻ ബാപ്പുട്ടി മുസ്ലിയാർക്ക് പ്രാർത്ഥിപ്പിക്കുമായിരുന്നു. മക്കളുടെ കാര്യത്തിൽ പ്രത്യേക താൽപര്യം കാട്ടിയിരുന്നു മഹാൻ. തന്റെ മകൾ ഫാത്വിമക്കുള്ള വിവാഹ പണം നൽകിയത് ആത്മസുഹൃത്തും വലിയ്യുമായ ബീരാൻ ഔലിയ പാപ്പയായിരുന്നു. തന്റെ എല്ലാ കാര്യങ്ങളും അറിയുകയും ഏൽപ്പിക്കുകയും ചെയ്തിരുന്നത് തന്റെ പ്രിയ പുത്രൻ ബാപ്പുട്ടി മുസ്ലിയാരായിരുന്നു.

വലിയ്യും സ്വൂഫിവര്യനുമായിരുന്ന കുഞ്ഞീൻ മുസ്ലിയാർ തന്റെ അടുത്ത് ആത്മീയ ചികിത്സക്കെത്തുന്ന പലർക്കും ത്വരീഖത്തിന്റെ ഇജാസിയത്ത് നൽകിയിട്ടുണ്ട്. ഖാദിരി, ചിശ്തി, രിഫാഈ എന്നീ ത്വരീഖത്തുകളിലായി മഹാനവർകൾക്ക് മുരീദൻമാർ അനവധിയാണ്. ജീവിതകാലം മുഴുക്കെ ദീനിസേവനത്തിനായി മാറ്റിവച്ചു. കറപുരളാത്ത ആത്മാർത്ഥയുടെയും ലാളിത്യത്തിന്റെയും പ്രതീകമായി സമസ്ത മേഖലകളിലും ജ്വലിച്ചു നിന്ന ഐദ്റൂസ് മുസ്ലിയാർ(ന.മ), അറിയപ്പെട്ടിരുന്ന സൂഫിവര്യനും പൊട്ടിച്ചിറ അൻവരിയ്യ കോളേജിന്റെ സ്ഥാപകനുമായിരുന്ന കുമരംപുത്തൂർ അബ്ദുറഹ്മാൻ മുസ്ലിയാർ, നന്തി ദാറുസ്സലാം, സ്വന്തം മകൻ ബാപ്പുട്ടി മുസ്ലിയാർ എന്നിവർ അവിടത്തെ മുരീദൻമാരിലെ പ്രമുഖന്മാരാണ്. ഇവരിൽ നന്തിയിൽ മുഹമ്മദ് മുസ്ലിയാരുടെയും ജ്യേഷ്ഠൻ ഹംസ മുസ്ലിയാരുടെയും പിതാവ് കുഞ്ഞഹമ്മദ് മുസ്ലിയാർ ചെറുപ്പത്തിൽ തന്നെ മരിച്ചതിനാൽ കുഞ്ഞീൻ മുസ്ലിയാരായിരുന്നു അവരുടെ സാമ്പത്തിക കാര്യങ്ങൾ പോലും നോക്കിയിരുന്നത്. മുഹമ്മദ് മുസ്ലിയാരുടെ വളർച്ചയ്ക്ക് കാരണമായത് കുഞ്ഞീൻ മുസ്ലിയാരുമായുള്ള സഹവാസമാണെന്ന് അവരുടെ ഓർമപ്പതിപ്പിൽ പറയുന്നു. ബാപ്പുട്ടി മുസ്ലിയാർക്ക് തന്റെ പിതാവെന്നതിലപ്പുറം ഒരു ശൈഖ് കൂടിയായിരുന്നു കുഞ്ഞീൻ മുസ്ലിയാർ(ന.മ). മഹാനവർകൾ തന്റെ മകന്റെ കാര്യത്തിൽ വലിയ ശ്രദ്ധാലുവായിരുന്നു. തന്റെ ത്വരീഖത്തിന്റെ ഇജാസിയത്തും അത് നൽകാനുള്ള അനുമതിയടക്കം മഹാനവർകൾ ബാപ്പുട്ടി ഉസ്താദിന് നൽകിയിരുന്നു. ബാപ്പുട്ടി ഉസ്താദും ലാളിത്യത്തിൽ ഊന്നിയ ജീവിതമാണ് നയിക്കുന്നത്. തനിക്ക് ലഭിക്കുന്നത് മുഴുവൻ ദീനീ സേവനത്തിനായി വിനിയോഗിക്കുന്ന പരിത്യാഗി കൂടിയാണ് ഉസ്താദ്. കുഞ്ഞീൻ മുസ്ലിയാരുടെ വഫാത്തിനു ശേഷം മൂന്നു പതിറ്റാണ്ട് പിന്നിട്ടിട്ടും ഇന്നും മഹാനവർകൾ തന്റെ പ്രിയപുത്രന്റെ പലകാര്യങ്ങളിലും നേരിട്ട് ഇടപെടുകയും മാർഗ നിർദേശ-ഉപദേശങ്ങൾ നൽകുകയും ചെയ്യുന്നു. തന്റെ അന്ത്യയാത്രയെക്കുറിച്ചുള്ള പല സൂചനകളും അവസാന നാളിൽ തന്റെ മകനെ അറിയിച്ചിരുന്നു. ഇന്നും തന്റെ പിതാവിന്റെ മാർഗത്തെ പദാനുപാദം പിൻപറ്റി ബാപ്പുട്ടി മുസ്ലിയാർ ദീനീസേവനം നിർവഹിച്ചുവരുന്നു.

ദിശയറ്റുപോയ ഒരു ജനതയ്ക്കു ചക്രവാളങ്ങൾ സ്വപ്നം കാണാൻ പഠിപ്പിച്ച അല്ലാഹുവിന്റെ വലിയ്യും ആരിഫുമായ ആ ദിവ്യജ്യോതിസ് 1970 ഡിസംബർ ഇരുപത്തിയെട്ടാം തിയ്യതി (ശവ്വാൽ 28) ഈ ലോകത്തോടു വിട ചൊല്ലി. അവിടുത്തെ ഒരായിരം പുണ്യസ്മരണകൾ നമുക്കു ബാക്കിവച്ചുകൊണ്ട്.

# ആയിരത്തി തൊള്ളായിരത്തി ഇരുപത്തി ഒന്ന്




മലപ്പുറം കത്തി

• മഹ്മൂദ് പനങ്ങാങ്ങര

**ആ**യിരത്തിത്തൊള്ളായിരത്തി ഇരുപത്തൊന്നിനെക്കുറിച്ചു മലപ്പുറം കത്തിയിൽ പലതവണ പരാമർശിച്ചിട്ടുണ്ട്. മലബാറിന്റെ സ്മൃതിപഥങ്ങളിൽ നിറഞ്ഞുനിൽക്കുന്ന വീരപോരാട്ടങ്ങളുടെ അവസാന അധ്യായങ്ങളിലൊന്നായാണ് ആ വർഷം അടയാളപ്പെടുത്തപ്പെട്ടിരിക്കുന്നത്. വളരെ കിരാതമായ അടിച്ചമർത്തൽ നയത്തിലൂടെ ബ്രിട്ടീഷ് ഭരണകൂടം മലബാറിലെ മാപ്പിളമാരിൽ നല്ലൊരു ശതമാനത്തെ കൊന്നൊടുക്കുകയോ നാടു കടത്തുകയോ തുറങ്കിലടക്കുകയോ ചെയ്തു. സാമ്പത്തികമായും സാംസ്കാരികമായും മതകീയമായും ദാരിദ്ര്യമനുഭവിച്ച മാപ്പിളവൃന്ദത്തിന്റെ സ്വത്വത്തിനു സംഭവിച്ച മാറ്റത്തെക്കുറിച്ചൊരിക്കൽ വിശദമായി എഴുതിയിട്ടുണ്ട്. രണോത്സുകരായിരുന്ന മാപ്പിളമാർ പെട്ടെന്ന്, വെള്ളത്തിൽ വീണ കോഴിക്കുഞ്ഞുങ്ങളെപ്പോലെ നനഞ്ഞൊട്ടി നിൽക്കുകയും എല്ലാവിധ ചടുലതകളും നഷ്ടപ്പെട്ടു സ്വന്തം സ്വത്വത്തിനുള്ളിൽ ഒതുങ്ങിക്കൂടുകയും ചെയ്തു എന്നായിരുന്നു ആ കത്തി സമർഥിച്ചത്. ഇന്നു കത്തി ഇടപെടുന്നത്, മാപ്പിള ചരിത്ര രചനകൾ 1921ൽ കുടുങ്ങിക്കിടക്കുന്നതിനെക്കുറിച്ചും ശേഷമുള്ള കാലാന്തരങ്ങളും അവയിൽ സംഭവിച്ച സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയ വികാസങ്ങളും മിക്കവാറും ചരിത്രപഠനങ്ങളിൽ കടന്നുവരുന്നില്ല എ

ന്നതിനെക്കുറിച്ചുമാണ്.

ചരിത്രരചനയിൽ ഏറ്റവും ലളിതവും ആയാസരഹിതവുമാണ് സമകാലീന ചരിത്രമെഴുത്ത്. കണ്ടംപററി ഹിസ്റ്ററി എന്നു വിളിക്കപ്പെടുന്ന ഈ ജനുസ്സ്, പ്രാഥമിക സ്രോതസ്സുകളുടെ ബാഹുല്യം വഴി ചരിത്രകാരനെ വലയം ചെയ്യുന്നു. ആധുനിക, മധ്യകാല, പ്രാചീന ചരിത്രങ്ങൾ കാലാനുക്രമമായി സ്രോതസ്സുകളുടെ അഭാവത്തിലേക്ക് പതിക്കുന്നവയാണ്. പ്രാചീന ചരിത്രരചന വേണ്ടത്ര പ്രാഥമിക സ്രോതസ്സുകൾ ഇല്ലാതെ വിഷമിക്കുമ്പോൾ, ആധുനിക ചരിത്രരചന അവയുടെ ബാഹുല്യം കൊണ്ട് ഏതുതരം സ്രോതസ്സുകൾ അവലംബിക്കണമെന്ന ആശയക്കുഴപ്പത്തിലായിരിക്കും മിക്കപ്പോഴും. ആധുനിക ചരിത്രത്തെക്കാൾ ഒരുപടി മുന്നിൽ നിൽക്കുന്നു സമകാലീന ചരിത്രം. ഇന്ത്യൻ പശ്ചാത്തലത്തിൽ സ്വാതന്ത്ര്യാനന്തര ചരിത്രവികാസങ്ങളാണ് സമകാലീന ചരിത്രത്തിന്റെ പരിധിയിൽ വരുന്നത്. ദേശീയ ചരിത്ര ചട്ടക്കൂടുകൾക്കു പുറമെ ഓരോ ദേശത്തിനും സ്വന്തമായ ചരിത്ര വിശകലന ചട്ടക്കൂടുകൾ ഉണ്ടായിരിക്കാമെന്നു പ്രൊഫ. ഇംതിയാസ് അഹ്മദ് വാദിക്കുന്നുണ്ട്. അതിന്റെ പിൻബലത്തിൽ, മാപ്പിളചരിത്രത്തിന്റെ സമകാലീന ചരിത്രം തുടങ്ങുന്നത് 1921 മുതൽ ആണെന്നു നമുക്ക് സമർഥിക്കാവുന്നതാണ്. കാരണം, 1947ലെ ഇന്ത്യാസ്വാതന്ത്ര്യമോ ഇന്ത്യാവിഭജനമോ മലബാർ അടക്കമുള്ള ദക്ഷിണേന്ത്യൻ പ്രാദേശികതകളെ മിക്കവാറും വലിയ തോതിൽ സ്വാധീനിച്ചിരുന്നില്ല. അതേസമയം, ഇരുപത്തിയൊന്നിലെ സമരപരിസരങ്ങൾ ഇന്നും മലബാറിന്റെ സ്വത്വത്തെ രൂപീകരിക്കുന്നതിലും നിലനിർത്തുന്നതിലും മാറ്റങ്ങൾക്ക് വിധേയമാക്കുന്നതിലും വ്യക്തമായ പങ്ക് വഹിക്കുന്നുണ്ട്. സ്വാഭാവികമായും 1921 നെക്കാൾ മികച്ചുനിൽക്കുന്ന മറ്റൊരു സമയാടയാളം മലബാറിന്റെ സമകാലീന ചരിത്രത്തിൽ രേഖപ്പെടുത്തുക ദുഃസ്സാധ്യമായിരിക്കും.

മുമ്പു പറഞ്ഞതു പോലെ സമകാലീന ചരിത്രമെഴുത്ത് സ്രോതസ്സുകളുടെ ധാരാളിത്തംകൊണ്ട് ചരിത്രമെഴുത്തുകാരനെ വലയം ചെയ്യുമെന്നിരിക്കുമെങ്കിലും, മലബാറിന്റെ സമകാലീന ചരിത്രം എന്തുകൊണ്ട് വളരെ കുറച്ചുമാത്രം എഴുതപ്പെട്ടു എന്ന അന്വേഷണം പ്രസക്തമാണ്. വാമൊഴികളായും ഓർമകളായും ഓർമക്കുറിപ്പുകളായും പത്രത്താളുകളായും ജീവിച്ചിരിക്കുന്ന വ്യക്തികളായും ചരിത്രാന്വേഷണത്തിനും വിശകലനത്തിനും ആവശ്യമായ സ്രോതസ്സുകൾ മലബാറിൽ ഒത്തിരിയുണ്ട്. ചരിത്രഗവേഷണ വിഭാഗമുള്ള സർവകലാശാലകളും കലാലയങ്ങളും നിരവധി. എന്നിട്ടും മലബാറിന്റെ സമകാലീന ചരിത്രം വേണ്ടതുപോലെ എഴുതപ്പെടാതെ കിടക്കുന്നു എന്നത് വിചിത്രമായിത്തോന്നുന്നു.

നിലവിലെ ചരിത്രപഠനങ്ങളിൽ, ചരിത്രപണ്ഡിതന്മാരിൽ നല്ലൊരു വിഭാഗം 1921 ന്റെ ചരിത്രമെഴുതിയവരാണ്. ആധുനിക ചരിത്രത്തിൽ ഇന്ത്യയിൽത്തന്നെ അറിയപ്പെട്ട തലയെടുപ്പുള്ള പണ്ഡിതന്മാരിലൊരാളായ പ്രൊഫ. കെ.എൻ പണിക്കരുടെ മലബാറുമായി ബന്ധപ്പെട്ട രചനകളിൽ മിക്കവയും 1921 ന്റെ പോരാട്ടപരിസരങ്ങളാണ് വിശകലനം ചെയ്യുന്നത്. അദ്ദേഹത്തിന്റെ മാസ്റ്റർ പീസ് കൃതിയായ 'മലബാർ കലാപം: പ്രഭുത്വത്തിനും രാജവാഴ്ചക്കുമെതിരെ' (Against Lord and State: Religion and Peasant Uprisings in Malabar, Oxford University Press, New Delhi, 1989), ഇരുപത്തൊന്നിന് മുമ്പുള്ള ആധുനികമലബാറിനെക്കുറിച്ച്, മാപ്പിള സമൂഹത്തെക്കുറിച്ച് വളരെ ശ്രദ്ധേയമായ വിശകലനങ്ങൾ നടത്തുന്നു. പക്ഷേ, 1921 ന് ശേഷമുള്ള മലബാർ കൃതിയുടെ ഊന്നലുകളിൽ സ്വാഭാവികമായും കടന്നുവരുന്നില്ല. വിവിധ പത്രക്കുറിപ്പുകളും റിപ്പോർട്ടുകളും ലേഖനങ്ങളും ബ്രിട്ടീഷ് എഴുത്തുകളും അടങ്ങുന്ന 'മലബാറിലെ കർഷക സമരങ്ങളും കലാപങ്ങളും' (Peasant Protest and Revolts in Malabar, Peoples Publishing House, New Delhi, 1990) എന്ന സ്രോതസ്സുകളുടെ സമാഹാരത്തിലും 1921 തന്നെ പ്രധാന കഥാപാത്രം.

അമേരിക്കയിലെ ഒഹിയോ സർവകലാശാലയിലെ ചരിത്രവിഭാഗത്തിൽ നിന്നുള്ള സ്റ്റീഫൻ എഫ്. ഡെയിലിന്റെ 'മലബാറിലെ മാപ്പിളമാർ: 1498–1922' (Islamic Society on the South Asian Frontier: The Mappilas of Malabar, 1498-1922, Clarendon Press, Oxford, 1980) ഇസ്‌ലാമിന്റെ ആഗമനകാല ചരിത്രവൃത്താന്തങ്ങൾ മുതൽ കുഞ്ഞാലി മരക്കാർമാരുടെയും മമ്പുറം തങ്ങന്മാരുടെയുമെല്ലാം സമരഗാഥകൾ വിശകലനം ചെയ്യുന്നുണ്ട്. പുസ്തകത്തിന്റെ തലക്കെട്ട് സൂചിപ്പിക്കുന്നതു പോലെ 1922നപ്പുറത്തേക്ക് വിശദമായ നിരീക്ഷണങ്ങളിലേക്ക് പോകാൻ സ്റ്റീഫൻ ഡെയിലും തയ്യാറല്ല. ഇദ്ദേഹത്തിന്റെ തന്നെ നിരവധി പ്രബന്ധങ്ങളും, പതിനാറാം നൂറ്റാണ്ടിലെയും പതിനേഴാം നൂറ്റാണ്ടിലെയു




**സയ്യിദ് കോയഞ്ഞിക്കോയ തങ്ങൾ**

**കോഡൂർ, ചൊളൂർ**

**ഫോൺ: 2752711, മൊ: 9947585085**

സ്ത്രീപുരുഷ ലൈംഗിക രോഗങ്ങൾ, സീഗ്ര സ്കലനം, സന്താനമില്ലായ്മ, മെലിച്ചിൽ, മൂത്രാശയ രോഗങ്ങൾ, ശാരീരികവും മാനസികവുമായ മറ്റു രോഗങ്ങൾ വിരിപ്പിൽ മൂത്രമൊഴിക്കൽ, അപസ്മാര രോഗങ്ങൾ മുതലായവ മഹാന്മാരുടെ ഇജാസിയ്യത്ത് പ്രകാരം പാരമ്പര്യമായി ചികിത്സിക്കുന്നു.

**നേരിൽ ബന്ധപ്പെടുക**

കൂടാതെ കാലികളുടെ രോഗങ്ങൾക്കും ചികിത്സ നിർദ്ദേശിക്കുന്നു. എല്ലാവിധ ആയുർവേദ യൂനാനി തറി മരുന്നകൾക്കും ബന്ധപ്പെടുക.

**തങ്ങൾസ് ഫാർമസി**

**ഫെയ്മസ് ബേക്കറിക്ക് സമീപം, കോട്ടപ്പടി, മലപ്പുറം**

മൊക്കെ മാപ്പിള-മലബാർ ജീവിതങ്ങളെക്കുറിച്ച് വളരെ നല്ല ഉൾക്കാഴ്ചകൾ നൽകുന്നുവെങ്കിലും, ഇരുപതാം നൂറ്റാണ്ടിന്റെ മൂന്നാം ദശകത്തിനു ശേഷമുള്ള കാലത്തെക്കുറിച്ചു ചെറുതല്ലാത്ത മൗനം സൂക്ഷിക്കുന്നു.

1987ൽ പുറത്തിറങ്ങിയ പ്രൊഫ. കോൺറാഡ് വുഡിന്റെ 'മാപ്പിള കലാപവും അടിവേരുകളും' (The Moplah Rebellion and Its Genesis, People's Publishing House, New Delhi, 1987) സ്വാഭാവികമായും മലബാർ കലാപത്തിന് ശേഷമുള്ള ദേശത്തെയോ തദ്ദേശീയരെയോ അടയാളപ്പെടുത്തുന്നില്ല. 1974 ൽ 'സോഷ്യൽ സയന്റിസ്റ്റ്' ജേണലിൽ അദ്ദേഹം എഴുതിയ 'മലബാർ കലാപ പൊട്ടിത്തെറികളുടെ ചരിത്രപശ്ചാത്തലങ്ങൾ 1836-1919' (Historical Background of the Moplah Rebellion Outbreaks, 1836-1919, Social Scientist, Vol. 25, August 1974, pp. 5-33) എന്ന പ്രബന്ധമായിരിക്കാം അദ്ദേഹത്തിന്റെ പുസ്തകത്തെക്കാളേറെ ശ്രദ്ധേയം. കമ്മ്യൂണിസ്റ്റ് വീക്ഷണകോണിലൂടെ സംഭവങ്ങളെ നോക്കിക്കാണുന്ന ഈ പ്രബന്ധവും മലബാർസമര കാലത്തിൽ പിടിച്ചുനിൽക്കുന്നു.

ഡോ. എം. ഗംഗാധരന്റെ കൃതികളും മലബാർ സമരവുമായി ബന്ധപ്പെട്ടുകിടക്കുന്നു. അദ്ദേഹത്തിന്റെ പി.എച്ച്.ഡി. ഗവേഷണപ്രബന്ധവും തുടർന്നുള്ള പുസ്തകവും മലബാർ കലാപമാണ് ചർച്ച ചെയ്യുന്നത്. 'മലബാർ കലാപം: 1921-'22' (വിവർത്തനം, എ.പി. കുഞ്ഞാമു, ഡി.സി. ബുക്സ്, കോട്ടയം, 2009) എന്ന കൃതിയുടെ ആമുഖത്തിൽ അദ്ദേഹം സൂചിപ്പിക്കുന്നത് പോലെ കലാപത്തിന്റെ ദീർഘകാല രാഷ്ട്രീയ പ്രത്യാഘാതങ്ങൾ ഇതിൽ ചർച്ച ചെയ്യുന്നില്ല. അദ്ദേഹത്തിന്റെ 'മാപ്പിളപഠനങ്ങൾ' (വചനം ബുക്സ്, കോഴിക്കോട്, 2005) ഭാഗികമായെങ്കിലും 1921നു ശേഷമുള്ള മലബാർ ജീവിതത്തെ പ്രതിഫലിപ്പിക്കുന്നുണ്ട്. മുസ്‌ലിം ലീഗ് പോലുള്ള തീമുകളിൽ തങ്ങിനിൽക്കുന്ന ആ വിശകലനങ്ങൾ പക്ഷേ അക്കാദമികമായ യാതൊരു മേന്മയും പുലർത്തുന്നില്ല.

ഡോ. കെ.കെ.എൻ കുറുപ്പ്, ഡോ. സി.കെ. കരീം, ഡോ. എ.പി. ഇബ്‌റാഹീം കുഞ്ഞ്, കെ.എം. ബഹാഉദ്ദീൻ, പി.കെ. മുഹമ്മദ് കുഞ്ഞി, കെ.കെ. മുഹമ്മദ് അബ്ദുൽ കരീം, പി.എ. സെയ്ദ് മുഹമ്മദ്, പരപ്പിൽ മുഹമ്മദ് കോയ, എം.പി.എസ്. മേനോൻ, ഹുസൈൻ രണ്ടത്താണി തുടങ്ങിയവരൊക്കെ മലബാറിന്റെയും മാപ്പിളമാരുടെയും ചരിത്രം പല തലങ്ങളിലും വീക്ഷണങ്ങളിലും അവതരിപ്പിച്ചിട്ടുണ്ടെങ്കിലും മിക്കവയും 1921 എന്ന മതിൽ ഭേദിച്ച് സമകാലീനതയിലേക്ക് വരാൻ വിസമ്മതിക്കുന്നു. കേരള ചരിത്രത്തെക്കാളേറെ മലബാറിന്റെ ചരിത്രമെഴുതപ്പെട്ടിട്ടുണ്ടെങ്കിൽ പോലും, ഏറ്റവും പുതിയ സംഭവ വികാസങ്ങൾ എന്തുകൊണ്ടു വളരെ പരിമിതമായി എഴുതപ്പെട്ടു എന്ന ചോദ്യത്തിന് ഉത്തരമായി പല കാരണങ്ങൾ നിരത്തുന്നതിലേക്കും നമ്മെ നയിക്കുന്നു.

**ദേശീയ ചരിത്ര ചട്ടക്കൂടുകൾക്കു പുറമെ ഓരോ ദേശത്തിനും സ്വന്തമായ ചരിത്ര വിശകലന ചട്ടക്കൂടുകൾ ഉണ്ടായിരിക്കാമെന്നു പ്രൊഫ. ഇംതിയാസ് അഹ്മദ് വാദിക്കുന്നുണ്ട്. അതിന്റെ പിൻബലത്തിൽ, മാപ്പിളചരിത്രത്തിന്റെ സമകാലീന ചരിത്രം തുടങ്ങുന്നത് 1921 മുതൽ ആണെന്നു നമുക്ക് സമർഥിക്കാവുന്നതാണ്. കാരണം, 1947ലെ ഇന്ത്യാ സ്വാതന്ത്ര്യമോ ഇന്ത്യാവിഭജനമോ മലബാർ അടക്കമുള്ള ദക്ഷിണേന്ത്യൻ പ്രാദേശികതകളെ മിക്കവാറും വലിയ തോതിൽ സ്വാധീനിച്ചിരുന്നില്ല. അതേസമയം, ഇരുപത്തിയൊന്നിലെ സമരപരിസരങ്ങൾ ഇന്നും മലബാറിന്റെ സ്വത്വത്തെ രൂപീകരിക്കുന്നതിലും നിലനിർത്തുന്നതിലും മാറ്റങ്ങൾക്ക് വിധേയമാക്കുന്നതിലും വ്യക്തമായ പങ്ക് വഹിക്കുന്നുണ്ട്. സ്വാഭാവികമായും 1921 നെക്കാൾ മികച്ചുനിൽക്കുന്ന മറ്റൊരു സമയാടയാളം മലബാറിന്റെ സമകാലീന ചരിത്രത്തിൽ രേഖപ്പെടുത്തുക ദുഃസ്സാധ്യമായിരിക്കും**

പ്രധാനമായും 1921നു ശേഷം കേരളമുസ്‌ലിംകളുടെ ഊർജം ചെലവഴിക്കപ്പെട്ടത് മതത്തിനകത്തെ അവാന്തര വിഭാഗീയ ചർച്ചകളിലായിരുന്നു. കർമശാസ്ത്രപരമായും വിശ്വാസപരമായും പരസ്പരം ചോദ്യം ചെയ്യപ്പെട്ട പാരമ്പര്യവാദി-പരിഷ്കരണവാദി സംവാദങ്ങൾ ഓരോ വിഭാഗത്തിന്റെയും നിലനിൽപിന്റെ പ്രശ്നമായിത്തീരുകയും, എന്തുവില കൊടുത്തും മറുവിഭാഗത്തിന്റെ ആശയപ്രചരണ പരിസരങ്ങളെ ചെറുത്തു തോൽപിക്കുക എന്ന തീരുമാനത്തിലെത്തുകയും ചെയ്തു കഴിഞ്ഞ എട്ടിലധികം പതിറ്റാണ്ടായി കേരളത്തിലെ മുസ്‌ലിംകൾ. തീർത്തും പ്രതിരോധാത്മകമായ അവരുടെ പ്രവർത്തന-പ്രചരണങ്ങൾ, ക്രിയാത്മകമായ ഇടപെടലുകൾ ഇല്ലാതാക്കി. തദ്വാരാ, ചരിത്രമെഴുത്ത്, ഗ്രന്ഥരചന എന്നുവേണ്ട ബൗദ്ധികമായ വ്യവഹാരങ്ങളൊക്കെയും അപ്രത്യക്ഷമായി. കേരള ഇസ്‌ലാമിന്റെ സമകാലീന ചരിത്രം വളരെ കുറച്ചു മാത്രം എഴുതപ്പെട്ടതിന്റെ പ്രധാന കാരണങ്ങളിലൊന്നാണിത്.

കേരളത്തിലെ ഇസ്‌ലാമും മുസ്‌ലിംകളും സംഘടനവൽക്കരിക്കപ്പെട്ടു എന്നതും ചരിത്രപരമായി പൊതുസമൂഹത്തിന് മുസ്‌ലിം സമുദായത്തോടുള്ള താൽപര്യം ഇല്ലാതാക്കിയിട്ടുണ്ട്. മുമ്പ്, മറ്റേതു സമുദായത്തെക്കാളും ഊർജസ്വലമായി പ്രവർത്തിച്ചിരുന്നു കേരള മുസ്‌ലിംകൾ. അധിനിവേശ ശക്തികൾക്കെതിരേ പടപൊരുതുക, ക്രിയാത്മകമായ രചനകൾ നടത്തുക, അന്തർദേശീയ വ്യാപാരബന്ധങ്ങളിലൂടെ നാടിന്റെ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുക, സ്വന്തമായ ഭാഷയും വാമൊഴികളും സൂക്ഷിക്കുക, മണ്ണിന്റെ സ്വാതന്ത്ര്യത്തിനു വേണ്ടി നിലകൊള്ളുക തുടങ്ങി പൊതുസമൂഹത്തിന്റെ മുഖ്യധാര ഒരു പരിധിവരെ മാപ്പിള മുസ്‌ലിംകളുടെ കൈയിലായിരുന്നു. എന്നാൽ, ഇരുപത്തൊന്നിനു ശേഷം മുസ്‌ലിംകൾ തങ്ങളിലേക്കുതന്നെ ഒതുങ്ങിക്കൂടുകയും പുതുതായി രൂപപ്പെട്ട പരിഷ്കരണവാദ പ്രസ്ഥാനങ്ങൾക്കെതിരേ നില കൊണ്ട് അതിനായ ഊർജം മൊത്തം ചെലവഴിക്കുകയും ചെയ്തതോടെ, സംഘടനകൾ കേരളത്തിലെ ഇസ്‌ലാമിന്റെ മുഖമുദ്രകളായിത്തീർന്നു. മതകീയ കൂട്ടായ്മകൾ കേരള മുസ്‌ലിംകളെ സംഘടിപ്പിച്ചു നിർത്തി എന്നതിലപ്പുറം പല 'കൂട്ടായ്മ'കൾക്കുമാണത് വഴിയൊരുക്കിയത്. 'കൂട്ടായ്മ' എന്നാൽ കൂട്ടാതിരിക്കുക, സംഘത്തിൽ ചേർക്കാതിരിക്കുക എന്നർത്ഥം.

മതത്തിന്റെ പേരിൽ തമ്മിലടിക്കുന്ന ഒരു സമുദായത്തിന്റെ സംവാദവികാസങ്ങളിൽ പൊതുസമൂഹത്തിൽ നിന്നുള്ള ഒരാൾക്ക്, അയാൾ ചരിത്രകാരനോ സാ

**ഡോ. എം. ഗംഗാധരന്റെ കൃതികളും മലബാർ സമരവുമായി ബന്ധപ്പെട്ടുകിടക്കുന്നു. അദ്ദേഹത്തിന്റെ പി.എച്ച്.ഡി. ഗവേഷണപ്രബന്ധവും തുടർന്നുള്ള പുസ്തകവും മലബാർ കലാപമാണ് ചർച്ച ചെയ്യുന്നത്. 'മലബാർ കലാപം: 1921-'22' (വിവർത്തനം, എ.പി. കുഞ്ഞാമു, ഡി.സി. ബുക്സ്, കോട്ടയം, 2009) എന്ന കൃതിയുടെ ആമുഖത്തിൽ അദ്ദേഹം സൂചിപ്പിക്കുന്നത് പോലെ കലാപത്തിന്റെ ദീർഘകാല രാഷ്ട്രീയ പ്രത്യാഘാതങ്ങൾ ഇതിൽ ചർച്ച ചെയ്യുന്നില്ല. അദ്ദേഹത്തിന്റെ 'മാപ്പിളപഠനങ്ങൾ' (വചനം ബുക്സ്, കോഴിക്കോട്, 2005) ഭാഗികമായെങ്കിലും 1921നു ശേഷമുള്ള മലബാർ ജീവിതത്തെ പ്രതിഫലിപ്പിക്കുന്നുണ്ട്. മുസ്‌ലിം ലീഗ് പോലുള്ള തീമുകളിൽ തങ്ങിനിൽക്കുന്ന ആ വിശകലനങ്ങൾ പക്ഷേ അക്കാദമികമായ യാതൊരു മേന്മയും പുലർത്തുന്നില്ല**

ഹിത്യകാരനോ പത്രപ്രവർത്തകനോ ആകട്ടെ, താൽപര്യമില്ലാതിരിക്കുക സ്വാഭാവികം മാത്രമാണ്. അതുകൊണ്ടായിരിക്കാം, 1921 വരെയുള്ള കേരള മുസ്‌ലിംകളെക്കുറിച്ച് പഠനം നടത്തിയ, മുസ്‌ലിംവൃന്ദത്തിനപ്പുറത്തുള്ള ചരിത്രകാരന്മാരിൽ നല്ലൊരു ശതമാനവും 1921 ന് ശേഷമുള്ള അവരുടെ സാംസ്കാരിക, സാമൂഹിക വികാസങ്ങളിൽ വേണ്ടത്ര ശ്രദ്ധ നൽകാതിരുന്നത്. മതചരിത്രപഠനത്തിൽ താൽപര്യമുള്ള ഒരാൾ മാത്രമായിരിക്കും കലാപാനന്തരമലബാർ മുസ്‌ലിംകളെക്കുറിച്ച് പഠനം നടത്തുക.

1921 ന് ശേഷമുള്ള മലബാറിലെ ഇസ്‌ലാമിനെക്കുറിച്ച് പഠനം നടന്നിട്ടില്ലെന്ന് പറയുന്നത് ഏറെ ചോദ്യം ചെയ്യപ്പെട്ടേക്കാം. കാരണം, ഓരോ പ്രസ്ഥാനങ്ങൾക്കും ഔദ്യോഗിക ചരിത്രകാരന്മാരും ചരിത്രകൃതികളുമൊക്കെ ഉള്ളപ്പോൾ ഇങ്ങനെ ഒരു പ്രസ്താവന നടത്താവോ എന്നായിരിക്കും അവരുടെ പ്രധാന ചോദ്യം. പൂർണമായി ചെവിക്കൊള്ളുന്നു അത്തരമൊരു വിമർശനസ്വരം. എന്നാൽ, അടിസ്ഥാനപരമായി ചരിത്രരചനയുടെ തത്ത്വശാസ്ത്രം പഠിപ്പിക്കുന്നത് രചന എല്ലാവിധ പക്ഷപാതിത്വങ്ങളിൽ നിന്നും മോചിതമായിരിക്കണമെന്നാണ്. 'ഒബ്ജക്റ്റിവിറ്റി' എന്നു പോസിറ്റിവിസ്റ്റ് ചരിത്രകാരന്മാർ മാത്രമല്ല, ചരിത്രത്തെ ഔദ്യോഗികമായി സമീപിക്കുന്നവരൊക്കെയും ആണയിട്ട് ആവശ്യപ്പെടുന്ന നിഷ്പക്ഷത, കേരളത്തിലെ കലാപാനന്തര മുസ്‌ലിം ചരിത്രമെഴുതിയ എത്രപേർക്കുണ്ടെന്ന ഒരു മറുചോദ്യം ഉന്നയിക്കാനാഗ്രഹിക്കുന്നു ഓരോ സംഘടനകളും പ്രസ്ഥാനങ്ങളും തങ്ങളുടെ വാർഷിക സമ്മേളനങ്ങളോടനുബന്ധിച്ച് പുറത്തിറക്കുന്ന സോവനീറുകളിലും സ്മരണികകളിലും പുസ്തകങ്ങളിലും, ചരിത്രമെന്ന പേരിൽ പ്രത്യക്ഷപ്പെടുന്ന അക്ഷരക്കൂട്ടങ്ങളൊന്നും ഔദ്യോഗിക ചരിത്രത്തിന്റെ നിയമവൃത്തങ്ങളുടെ അടുത്തുപോലും വരുന്നില്ലെന്നതാണ് യാഥാർഥ്യം. അതുകൊണ്ടാണ് പറയുന്നത്, 1921നു ശേഷമുള്ള മാപ്പിള ചരിത്രം വളരെ പരിമിതമായി മാത്രമേ എഴുതപ്പെട്ടിട്ടുള്ളൂ എന്ന്.

എങ്കിലും ചൂണ്ടിക്കാണിക്കാവുന്ന ചുരുക്കം ചില കൃതികൾ കലാപാനന്തര മുസ്‌ലിംജീവിതത്തെക്കുറിച്ച് എഴുതപ്പെട്ടിട്ടുണ്ട്. അവയ്ക്കിടയിൽ മികച്ചുനിൽക്കുന്നു റോളണ്ട് എറിക് മില്ലറുടെ 'കേരളത്തിലെ മാപ്പിള മുസ്‌ലിംകൾ: ഇസ്‌ലാമിക പ്രവണതകളെക്കുറിച്ചൊരു പഠനം' (Mappila Muslims of Kerala: A Study in Islamic Trends, Orient Longman Limited, Hyderabad). 1976 ൽ പുറത്തിറങ്ങിയ ഈ കൃതി 1992ൽ പരിഷ്കരിച്ചു വീണ്ടും പുറത്തിറങ്ങുകയുണ്ടായി. 1991 വരെയുള്ള മാപ്പിളമാരുടെ സാംസ്കാരിക, രാഷ്ട്രീയ, സാമുദായിക വ്യവഹാരങ്ങളെക്കുറിച്ച് അന്വേഷണം നടത്തുന്നു അദ്ദേഹം. മില്ലറെക്കുറിച്ചും അദ്ദേഹത്തിന്റെ രചനകളെക്കുറിച്ചും 'മലപ്പുറം കത്തി' ചർച്ച ചെയ്യുമെന്നതിനാൽ വിശദമായ ഒരു വിശകലനം ഇപ്പോൾ നടത്തുന്നില്ല.

ഫിലിപ്പോ ഒസല്ലോ, കരോലിനോ ഒസല്ലോ എന്നിവർ കേരള മുസ്‌ലിംകളുടെ സമകാലികതകളെക്കുറിച്ച് നിരവധി പഠനങ്ങൾ നടത്തിയിട്ടുണ്ട്. 'സോഷ്യൽ മൊബിലിറ്റി ഇൻ കേരള: മോഡേണിറ്റി ആന്റ് ഐഡന്റിറ്റി ഇൻ കോൺഫ്ളിക്റ്റ്', 'മേക്കിംഗ് ഹൈറാർക്കി നാചറൽ: ദ് കൾച്ചറൽ കൺസട്രക്ഷൻ ഓഫ് ജെൻഡർ ആന്റ് മാച്ചുരിറ്റി ഇൻ കേരള, ഇന്ത്യ', 'കാസ്റ്റ്, ക്ലാസ്, പവർ ആന്റ് സോഷ്യൽ മൊബിലിറ്റി ഇൻ കേരള, ഇന്ത്യ' തുടങ്ങി നിരവധി ഗവേഷണ കൃതികൾ സംഭാവന ചെയ്തിട്ടുണ്ട് ഇരുവരും. സാമൂഹികശാസ്ത്രത്തിന്റെയും നരവംശശാസ്ത്രത്തിന്റെയും ഗവേഷണരീതിശാസ്ത്രമനുസരിച്ചാണ് അവർ കേരളസമൂഹത്തെ വിശകലനവിധേയമാക്കുന്നതെങ്കിലും, സമകാലിക ചരിത്രവായന എന്ന തലത്തിലൂടെ ചരിത്രപഠനങ്ങൾക്കു കൂടി വഴിയൊരുക്കുന്നുണ്ട് അവരുടെ കൃതികൾ. 'ഒരു ചളിയും കലരാത്ത പരിശുദ്ധ ചരിത്രം' എന്ന രീതിയിൽ നോക്കുകയാണെങ്കിൽ ഒസല്ലോമാരുടെ കൃതികളെ ചരിത്രപഠന വിശകലങ്ങളുടെ ചട്ടക്കൂടുകൾക്കുള്ളിൽ നിർത്താൻ സാധിക്കില്ല.

നിരവധി ഗവേഷണപ്രബന്ധങ്ങൾ, കലാപാനന്തര മലബാറിനെക്കുറിച്ച്, മുസ്‌ലിം ജീവിതത്തെക്കുറിച്ച് എഴുതപ്പെട്ടിട്ടുണ്ട്. ചുരുങ്ങിയ വിശകലനങ്ങൾക്കകത്ത് അവ ഉൾക്കൊള്ളിക്കുക പ്രയാസമാണെന്നറിയാം. എങ്കിലും ഒന്നുരണ്ടു പി.എച്ച്.ഡി. പ്രബന്ധങ്ങളുടെ പേരെങ്കിലും പറയാതിരിക്കുന്നത്, ഈ വിഷയത്തോട് ചെയ്യുന്ന അനീതിയായിരിക്കും. പി.എസ്.എം.ഒ. കോളെജിലെ പി.പി. അബ്ദുർറസാഖിന്റെ 'കൊളോണിയലിസം ആന്റ് കമ്യൂണിറ്റി ഫോർമാഷൻ ഇൻ മലബാർ: എ സ്റ്റഡി ഓഫ് മുസ്‌ലിംസ് ഓഫ് മലബാർ' പ്രധാനമായും കൊളോണിയൽ കാലത്തെക്കുറിച്ചാണ് സംസാരിക്കുന്നതെങ്കിലും, ഇന്നത്തെ മുസ്‌ലിംസ്വത്വം രൂപപ്പെട്ടതിന്റെ ചരിത്രപശ്ചാത്തലങ്ങൾ അന്വേഷിക്കുന്ന ഉഗ്രൻ പ്രബന്ധമാണ്. വാസു തില്ലേരിയുടെ 'പൊളിറ്റിക്കൽ ജേണലിസം ആന്റ് നാഷണൽ മൂവ്മെന്റ് ഇൻ മലബാർ' പത്രപ്രവർത്തനരംഗം വഴി മുസ്‌ലിംകൾ സാധ്യമാക്കിയ സ്വാതന്ത്ര്യസമര പശ്ചാത്തലങ്ങൾ അനാവരണം ചെയ്യുന്നു. എൻ. പദ്മനാഭന്റെ 'റോൾ ഓഫ് മുസ്‌ലിംസ് ഇൻ ദ നാഷണൽ മൂവ്മെന്റ് ഇൻ മലബാർ' (1921-1947); മുഹമ്മദ് ടി.എ.യുടെ 'മുസ്‌ലിം പൊളിറ്റിക്സ് ഇൻ കേരള, 1921-1947' കെ. സുബൈറിന്റെ 'ഡവലപ്മെന്റ് ആന്റ് മോഡേണൈസേഷൻ ഓഫ് റിലീജ്യസ് എജ്യുക്കേഷൻ ഇൻ കേരള: റോൾ ഓഫ് സമസ്ത കേരള ജംഇയ്യത്തുൽ ഉലമ' തുടങ്ങിയ പ്രബന്ധങ്ങളും ശ്രദ്ധയർഹിക്കുന്നു.

*mahmoodpana@gmail.com*

# ജാവക്കൽ മഖാം അന്നദാനത്തിലെ ഉന്നത മാതൃക



*ജാവക്കൽ മഖാം*

ദക്ഷിണകന്നഡയിലെ ഹാസൻ ജില്ലയിലെ ജാവക്കൽ കലന്തർ ഷാ വലിയുല്ലാഹിയുടെ മഖാം ശരീഫിലെ അന്നദാനം ഒരുപക്ഷേ ഇന്ത്യയിൽ തന്നെ ഏറ്റവും വലുതായിരിക്കും. മംഗലാപുരത്തുനിന്ന് ചിക്ക്മാംഗളൂർ വഴിയാണു ജാവക്കൽ എത്തിച്ചേരാനാവുക. പത്ത് ഏക്കർ വിശാലമായ മഖാമും പരിസരവും മാതൃകാപരമായി പരിരക്ഷിക്കപ്പെട്ടിരിക്കുന്നു. ഹിഫ്ള് കോളേജ്, ശരീഅത്ത് കോളേജ് ഉൾപ്പെടെയുള്ള സ്ഥാപനങ്ങളും ഭംഗിയായി നടക്കുന്നു. 2009 സെപ്തംബറിൽ വഫാത്തായ കലന്തർ ഷാ വലിയുല്ലാഹിയുടെ മഖാമിൽ ദിനേനെ നൂറു കണക്കായ മുസ്‌ലിംകളും അല്ലാത്തവരും സന്ദർശനത്തിനെത്തുന്നുണ്ട്.

മഹാനായ ശംസുൽ ഉലമ(ഖ.സി) ജാവക്കൽ ഖലന്തർ ഷായെ സന്ദർശിക്കുകയും മൂന്നു ദിവസം അവിടെ താമസിക്കുകയും ചെയ്തിട്ടുണ്ട്. ആയിരം മുതൽ നാലായിരം വരെ ആളുകൾക്ക് നിത്യം ഒരു നേരത്തെ ആഹാരം മഖാമിൽ നിന്നു നൽകുന്നു. വെള്ളിയാഴ്ച പതിനെട്ടുവരെ ആടുകളെ അറുത്താണു ഭക്ഷണമൊരുക്കുന്നത്. ആവശ്യമായ അരിയും ആടുകളും മഖാമിൽ നേർച്ചയായി ലഭിക്കുന്നുണ്ടെന്നു ട്രസ്റ്റ് ജനറൽ സെക്രട്ടറിയും എസ്കെഐഎംവി ബോർഡ് മെമ്പറുമായ ചക്മക്കി അബ്ബാസ് ഹാജി പറഞ്ഞു.

നേർച്ചയായിക്കിട്ടുന്ന ആടുകൾ ഉൾപ്പെടെ വരുന്ന ഒന്നും വിൽപന നടത്താറില്ല. എല്ലാ ആഴ്ചയിലെയും ഒരു ദിവസത്തെ ആഹാരം നൽകുന്നത് മുംബൈയിലെ ഒരു ഇരുമ്പ് വ്യാപാരിയാണ്. ജീവിതത്തിലും മരണത്തിലും ധാരാളം കറാമത്തുകൾ പ്രത്യക്ഷപ്പെട്ട കലന്തർ ഷാ സർവരാലും ആദരിക്കപ്പെടുന്നു. മഹാനവർകൾ താമസിച്ചിരുന്ന മഖാമിനടുത്തെ മുറികൾ ട്രസ്റ്റ് ആദരപൂർവം പരിരക്ഷിച്ചുവരുന്നുണ്ട്. ചക്മക്കി അബ്ബാസ് ഹാജിയുടെ നിർദേശപ്രകാരം ഞാനും സമസ്ത ഓഫീസിലെ ഹംസക്കോയയും മുടിഗരെ റെയ്ഞ്ച് ഭാരവാഹികളും അവിടെ സിയാറത്തിനു ചെന്നപ്പോൾ കലന്തർഷായുടെ ഖാദിമീങ്ങളും മുഹിബ്ബീങ്ങളും ഒത്തുചേർന്നു ഞങ്ങളെ സ്വീകരിക്കുകയും ഷാ വലിയുല്ലാഹിയുടെ പ്രകീർത്തനങ്ങൾ അനുസ്മരിക്കുകയും ചെയ്തു.

ഖാദിരിയ്യ ത്വരീഖത്തിന്റെ സിൽസില മഖാമിൽ ഫ്രൈം ചെയ്തു വച്ചിട്ടുണ്ട്. ഖാദിമീങ്ങൾ എല്ലാവരും പച്ച നിറമുള്ള തൊപ്പി അണിഞ്ഞിട്ടുണ്ട്. ജാവക്കൽ മഖാമിൽ സന്ദർശകർക്ക് മികച്ച സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ആയിരക്കണക്കായ സന്ദർശകർക്കു ഭക്ഷണം പാകം ചെയ്യാനുള്ള ആധുനിക സൗകര്യങ്ങളും ഒന്നിച്ചുകഴിക്കാനുള്ള വിശാലമായ ഹാളും ഉപകരണങ്ങളും ഒരുക്കിയിട്ടുണ്ട്. ഖാദിമീങ്ങൾ തികച്ചും സൗജന്യമായാണ് സേവനമനുഷ്ഠിക്കുന്നത്. കലന്തർ ഷാ എന്നവരെ ജീവിതത്തിലും മരണത്തിലും പ്രദേശവാസികളും പരിചയക്കാരും കർണാടകയിൽ പൊതുവിലും ആദരിക്കുന്നു. സയ്യിദ് അബ്ദുറഹ്മാൻ അസ്ഹരി തങ്ങൾ ഉൾപ്പെടെയുള്ള കേരളത്തിലെ സാദാത്തുക്കളും ഉലമാക്കളും മഹാനവർകലുടെ ഹയാത്തിലും പിന്നീടും സന്ദർശകരായി വരുന്നുണ്ട്. മനോഹരമായ സ്ഥലവും വെട്ടിവൃത്തിയാക്കിയ തണൽ മരങ്ങളും പ്രൗഢമായ മഖാമും എല്ലാം ഒത്തിണങ്ങിയ ജാവക്കൽ മഖാം ശരീഫ് അണമുറിയാത്ത സിയാറത്തു കൊണ്ടും പ്രശസ്തമാണ്.

ചിക്ക്മാംഗളൂരിൽ നിന്ന് ഏകദേശം 30 കിലോമീറ്റർ കുന്നിൻമുകളിലുള്ള ദാദാഹയാത്ത് മഖ്ബറയും സന്ദർശിക്കാനവസരമുണ്ടായി. കടുത്ത തണുപ്പും കാറ്റും അനുഭവപ്പെടുന്ന ദാദാഹയാത്തിലെ പ്രധാന ഖബർ ഒരു ഗുഹയിലാണ് സ്ഥിതിചെയ്യുന്നത്. പുറത്തു ധാരാളം ഖബറുകൾ ഉണ്ട്. ദീനീ ദഅ്‌വത്ത് നടത്തിയ ഔലിയാക്കൻമാരുടെ അനുഗ്രഹം തേടി ദൈനംദിനം ധാരാളമാളുകളെത്തുന്നു. ചിക്ക്മാംഗളൂരും പരിസരങ്ങളും പൗരാണിക കാലത്തു തന്നെ ദീനീജാഗരണം നടന്ന സ്ഥലമാണ്. മഹാന്മാരായ നിരവധി ഔലിയാക്കളുടെ മഖാമുകൾ അവിടങ്ങളിലുണ്ട്. മംഗലാപുരത്തു നിന്ന് സുമാർ 200 കിലോമീറ്റർ അകലെയാണു ദാദാഹയാത്ത്.

**-പിണങ്ങോട് അബൂബകർ**

# സി.ബി.എസ്.ഇ സ്കൂളുകൾക്ക് എൻ.ഒ.സി നൽകാനുള്ള സംസ്ഥാന സർക്കാർ തീരുമാനം സ്വാഗതാർഹം: എസ്‌വൈഎസ്

**കോഴിക്കോട്:** മത്സരപരീക്ഷകളിലും ഗുണനിലവാരത്തിലും വിശ്വാസ്യത നേടിയ സി.ബി.എസ്.ഇ സ്കൂളുകൾക്ക് കേന്ദ്രസർക്കാറിന്റെ അംഗീകാരം ലഭിക്കാനാവശ്യമായ സംസ്ഥാന സർക്കാറിന്റെ എൻ.ഒ.സി വേണമെന്ന വ്യവസ്ഥ കാരണം അംഗീകാരം ലഭിക്കാതെ ബുദ്ധിമുട്ടുന്ന സ്കൂളുകൾക്ക് എൻ.ഒ.സി നൽകാനുള്ള സംസ്ഥാന സർക്കാർ തീരുമാനം സ്വാഗതാർഹമാണെന്ന് സുന്നി യുവജനസംഘം സംസ്ഥാന പ്രവർത്തക സമിതി അഭിപ്രായപ്പെട്ടു.

പൊതുകലാലയങ്ങളിൽ പഠിതാക്കളുടെ എണ്ണം കുറയുന്നത് രക്ഷിതാക്കളുടെ കുറ്റമല്ല. പഠന പുരോഗതിയും ഗുണനിലവാരമുള്ള വിദ്യാഭ്യാസവും മത്സര പരീക്ഷകളെ നേരിടാനുള്ള മികവും സർക്കാർ സ്കൂളുകളിൽ വേണ്ടത്ര ലഭ്യമല്ല.

അധ്യാപക നിയമനങ്ങളിലെ കാലതാമസം, മികച്ച അധ്യാപകരുടെ അഭാവം, അനാവശ്യമായ സമരങ്ങൾ, പാഠപുസ്തക ലഭ്യതയുടെ താമസം ലാബുകളുടെ പോരായ്മകൾ തുടങ്ങിയ കാരണങ്ങളാൽ കുട്ടികൾക്ക് ഉപരിപഠന സാധ്യതകളും, തൊഴിൽ സാധ്യതകളും തടയപ്പെടുന്നു. വിദ്യാഭ്യാസ അവകാശം നിയമ നിർമാണം വഴി ഉറപ്പ് വരുത്താൻ ഭരണ കൂടങ്ങൾ ചിന്തിക്കുന്ന ഈ കാലഘട്ടത്തിലും പാവപ്പെട്ട വിദ്യാർത്ഥികൾക്ക് അവസരങ്ങൾ നിഷേധിക്കപ്പെടുന്ന അവസ്ഥയാണ് നിലവിലുള്ളത്.

സംസ്ഥാന മന്ത്രിസഭ സി.ബി.എസ്.ഇ സ്കൂളുകളുടെ അപേക്ഷകർക്ക് എൻ.ഒ.സി നൽകാൻ എടുത്ത തീരുമാനം ഇക്കാരണത്താൽ തന്നെ സ്വാഗതാർഹമാണ്. വലിയ തുക മുടക്കി സർക്കാർ സ്കൂളുകളിൽ കുട്ടികളെ ചേർത്ത് പഠിപ്പുമുടക്കിയും, സമരങ്ങളും, പാഠപുസ്തകങ്ങളുടെയും അടിസ്ഥാന സൗകര്യങ്ങളോ ലാബുകളോ ഇല്ലാതെയും വർഷങ്ങൾ പാഴാക്കണമെന്ന ചിലരുടെ ദുർന്യായം പുരോഗമനപരമല്ല.

വിദ്യാഭ്യാസ രംഗത്ത് പുത്തനുണർവും, സാധ്യതകൾ മുഴുവൻ ഉപയോഗപ്പെടുത്താനുള്ള തുറന്ന സമീപനങ്ങളുമാണ് ഉണ്ടാവേണ്ടത്. യു.ഡി.എഫ് സർക്കാറിൽ നിന്ന് സാധാരണക്കാർ പ്രതീക്ഷിക്കുന്നതും അതാണെന്ന് യോഗം അംഗീകരിച്ച പ്രമേയത്തിൽ പറഞ്ഞു.

കോട്ടുമല ബാപ്പുമുസ്‌ലിയാർ അധ്യക്ഷതവഹിച്ചു. പ്രൊഫ. കെ.ആലിക്കുട്ടി മുസ്‌ലിയാർ സ്വാഗതം പറഞ്ഞു. പിണങ്ങോട് അബൂബക്കർ റിപ്പോർട്ടും, 21 ഇന കർമ്മ പദ്ധതിയും അവതരിപ്പിച്ചു.

ഇമ്പിച്ചിക്കോയ തങ്ങൾ, ഉമർ ഫൈസി മുക്കം, പി.പി. മുഹമ്മദ് ഫൈസി, ഹാജി കെ.മമ്മദ് ഫൈസി, ആർ.വി.കുട്ടിഹസ്സൻ ദാരിമി, മുസ്തഫ മാസ്റ്റർ മുണ്ടുപാറ, മോയിൻകുട്ടി മാസ്റ്റർ, യു.കെ.ലത്തീഫ് മുസ്‌ലിയാർ, എം.പി.മുസ്തഫൽ ഫൈസി, മുഹമ്മദ് കുഞ്ഞി മാസ്റ്റർ, മഹ്മൂദ് സഅദി, ഹസൻ ആലക്കോട്, പരീത് എറണാകുളം, കെ.എ.റഹ്മാൻ ഫൈസി, മുഹമ്മദ് കുട്ടി ഫൈസി പട്ടാമ്പി, മുഹമ്മദ് അലി ഇ.വി സുൽത്താൻ ബത്തേരി, അബുഹാജി രാമനാട്ടുകര, അബൂബക്കർ ബാഖവി മലയമ്മ വിവിധ ജില്ലകളെ പ്രതിനിധീകരിച്ചു സംസാരിച്ചു.

## ആറു മദ്റസകൾക്ക് അംഗീകാരം നൽകി

**കോഴിക്കോട്:** സമസ്ത കേരള ഇസ്‌ലാം മത വിദ്യാഭ്യാസ ബോർഡ് നിർവ്വാഹകസമിതി കോഴിക്കോട് സമസ്ത കോൺഫറൻസ് ഹാളിൽ പ്രസിഡണ്ട് ചെറുശ്ശേരി സൈനുദ്ദീൻ മുസ്‌ലിയാരുടെ അദ്ധ്യക്ഷതയിൽ ചേർന്നു. ജനറൽ സെക്രട്ടറി പി.കെ.പി. അബ്ദുസ്സലാം മുസ്‌ലിയാർ സ്വാഗതം പറഞ്ഞു.

പദ്വൻതട്ക മുനവ്വിറുൽ ഇസ്‌ലാം മദ്റസ, ഗോൾതമജൽ ജി.ഇ.എം.പബ്ലിക് സ്കൂൾ മദ്റസ (ദക്ഷിണ കന്നഡ), തൈക്കടപുറം നുസ്രത്തുൽ ഇസ്‌ലാം മദ്റസ (കാസർഗോഡ്), വലിയാട് മിസ്ബാഹുൽ ഉലൂം മദ്റസ, കുന്നത്ത്കുളം മദ്റസത്തുസിറാത്വിസ്സവിയ്യ് (മലപ്പുറം) അമ്പുകുന്ന് ബീരാൻ ഔലിയ ഇൽമുൽയഖീൻ മദ്റസ (പാലക്കാട്) എന്നീ ആറ് മദ്റസകൾക്ക് അംഗീകാരം നൽകി. ഇതോടെ സമസ്ത കേരള ഇസ്‌ലാം മതവിദ്യാഭ്യാസ ബോർഡിന്റെ അംഗീകൃത മദ്റസകളുടെ എണ്ണം 9037 ആയി ഉയർന്നു.

സയ്യിദ് സ്വാദിഖലി ശിഹാബ് തങ്ങൾ, പ്രൊ.കെ. ആലിക്കുട്ടി മുസ്‌ലിയാർ, കോട്ടുമല ടി.എം.ബാപ്പു മുസ്‌ലിയാർ, സി.കെ.എം. സ്വാദിഖ് മുസ്‌ലിയാർ, ഡോ. എൻ.എ. എം.അബ്ദുൽഖാദിർ, ടി.കെ. പരീക്കുട്ടി ഹാജി, എം.സി.മായിൻ ഹാജി, എം.എ.ഖാസിം മുസ്‌ലിയാർ, കെ. എം.അബ്ദുല്ല മാസ്റ്റർ കൊട്ടപ്പുറം, ഹാജി. കെ.മമ്മദ് ഫൈസി, എം.എം. മുഹ്‌യദ്ദീൻ മുസ്‌ലിയാർ, കെ.ടി. ഹംസ മുസ്‌ലിയാർ വയനാട്, ഒ. അബ്ദുൽഹമീദ് ഫൈസി അമ്പലക്കടവ്, കെ. ഉമ്മർ ഫൈസി മുക്കം, ഇ. മൊയ്തീൻ ഫൈസി പുത്തനഴി ചർച്ചയിൽ പങ്കെടുത്തു. മാനേജർ പിണങ്ങോട് അബൂബക്കർ നന്ദി പറഞ്ഞു.

## എസ്‌വൈഎസ് ഇടുക്കി ജില്ലാ ഭാരവാഹികൾ

**തൊടുപുഴ:** സുന്നി യുവജനസംഘം ഇടുക്കി ജില്ലാ ഭാരവാഹികളായി കെ.ഇ മുഹമ്മദ് മുസ്‌ലിയാർ(പ്രസിഡന്റ്), എം.എസ് അബ്ദുൽ കബീർ റശാദി(വർക്കിംഗ് പ്രസിഡന്റ്), അബ്ദുൽ കരീം മുസ്‌ലിയാർ, അബൂബക്കർ മുസ്‌ലിയാർ, പി.എസ് അബ്ദുൽ ജബ്ബാർ, എബി സൈതലവി, ഇ.ഇ മൊയ്തീൻ ഹാജി(വൈസ് പ്രസിഡന്റുമാർ), പി.എസ് മുഹമ്മദ്(ജനറൽ സെക്രട്ടറി), സുബൈർ പഴേരി(വർക്കിംഗ് സെക്രട്ടരി), കെഎച്ച് അബ്ദുൽ കരീം മുസ്‌ലിയാർ, പിഎ റഹ്മാൻ, പി.എം സുലൈമാൻ, പി.ഇ അബ്ദുൽ അസീസ്, എംഎം ഫതാഉദ്ദീൻ(സെക്രട്ടറിമാർ), ഹസൻ ഹാജി(ട്രഷറർ) എന്നിവരെ തെരഞ്ഞെടുത്തു.

കൗൺസിൽ യോഗത്തിൽ കെ.ഇ മുഹമ്മദ് മുസ്‌ലിയാർ അധ്യക്ഷതവഹിച്ചു. അബ്ദുൽ കരീം റഷാദി, ഷാജഹാൻ മൗലവി, അലിയാർ മൗലവി,ജലീൽ ഫൈസി പ്രസംഗിച്ചു.

പി.എസ് അബ്ദുൽ ജബ്ബാർ സ്വാഗതവും പി.എസ് മുഹമ്മദ് നന്ദിയും പറഞ്ഞു.



എസ്വൈഎസ് വയനാട് ജില്ലാ കൗൺസിൽ മീറ്റ് സംസ്ഥാന സെക്രട്ടറി ഹാജി കെ. മമ്മദ് ഫൈസി ഉദ്ഘാടനം ചെയ്യുന്നു

## നേത്ര പരിശോധനാ ക്യാമ്പ്

**ആരാമ്പ്രം:** റെയ്ഞ്ച് ജംഇയ്യത്തുൽ മുഅല്ലിമീൻ കോഴിക്കോട് അൽസലാമ കണ്ണാശുപത്രിയുമായി സഹകരിച്ച് സൗജന്യ നേത്ര പരിശോധന ക്യാമ്പ് നടത്തി. സമസ്ത കേരള ജംഇയ്യത്തുൽ ഉലമ ജില്ലാ പ്രസിഡന്റ് കെ.കെ ഇബ്റാഹീം മുസ്ലിയാർ ഉദ്ഘാടനം ചെയ്തു. മടവൂർ ഹംസ അധ്യക്ഷതവഹിച്ചു. സയ്യിദ് ത്വാഹ ജിഫ്രി തങ്ങൾ, പി.കെ സൈതുട്ടി, എൻ.പി അബൂബക്കർ മുസ്ലിയാർ, സുബൈർ ദാരിമി, മുഹമ്മദ് ഫൈസി മടവൂർ, ഇ.കെ.എം ഖാസിം മൗലവി പ്രസംഗിച്ചു.



വിളയൂർ നിമ്മിനിക്കുളം മഹല്ലിൽ നടന്ന സ്വലാത്ത് വാർഷികത്തിൽ ഹമീദലി ശിഹാബ് തങ്ങൾ സംസാരിക്കുന്നു



എസ്കെഎസ്ബിവി വിളയൂർ റെയ്ഞ്ച് വൺഡേ ക്യാമ്പിൽ ശറഫുദ്ദീൻ ഹുദവി ക്ലാസെടുക്കുന്നു





വയനാട് ജില്ലാ എസ്.വൈഎസ് പ്രസിഡന്റ് ഇബ്രാഹീം ഫൈസി പേരാൽ, ജനറൽ സെക്രട്ടറി സുബൈർ കണിയാമ്പറ്റ, ട്രഷറർ ഇപി മുഹമ്മദ് അലി


**ചോദിക്കൂ പറയാം..?**

ശറഫീ പബ്ലിക്കേഷ് പുറത്തിറക്കുന്ന വിവാഹം, ത്വലാഖ്, ഇദ്ദ തുടങ്ങി വൈവാഹികമായി ബന്ധപ്പെട്ട മുഴുവൻ കാര്യങ്ങളും ഉൾപെടുത്തി ചോദ്യോത്തര രൂപത്തിൽ പുറത്തിറക്കുന്ന പുസ്തകത്തിലേക്ക് ചോദ്യങ്ങൾ ക്ഷണിക്കുന്നു

**MOB: 9744803050**

**നിങ്ങൾ മാത്രം അറിയാതിരിക്കരുത്!**

ഞങ്ങളുടെ സ്ഥാപനം കോഴിക്കോട് പുതിയ സ്റ്റാന്റിന് എതിർവശം മാവൂർറോഡിൽ ഓപൽ ഹോട്ടലിന് മുകളിൽ പ്രവർത്തനമാരംഭിച്ചിരിക്കുന്നു.

NB: പുതിയ SSLC അറബിക് ഗൈഡ് പുറത്തിറങ്ങി

**SHARAFEE PUBLICATIONS & NOBLE BOOKS**

Behind Opel Hotel, 2nd Floor
Mavoor Road - CLT-4
9447693385, 9142118011

വിചാരപഥം

• പിണങ്ങോട്

# ‘പിടി’വിടാത്തവരും വിടുന്നവും

**ലോ**കത്ത് പൊതുവിൽ എല്ലാം രണ്ടു ഭാഗമാണ്. സത്യം-അസത്യം, ഇരുട്ട്-വെളിച്ചം, കടൽ-കര, ആകാശം-ഭൂമി, പണ്ഡിതൻ-പാമരൻ അങ്ങനെ സ്രഷ്ടാവ്-സൃഷ്ടികൾ വരെ സത്യത്തിൽ രണ്ടു വിഭാഗമാണ് സംഗതികൾ.

എന്നാൽ, ഓരോന്നിലും വകഭേതങ്ങൾ കാണും. അങ്ങനെയാണു പലതും എണ്ണം കൂടിയത്. എ പി ഗ്രൂപ്പിലും രണ്ടു വിഭാഗം ഉരുത്തിരിഞ്ഞുവന്നിരിക്കുന്നു. ഒന്ന്, മുടി വിടാത്തവർ, രണ്ടു മുടി വിടുന്നവർ.

മുടിയിലെ പിടിവിടാത്ത വിഭാഗം പണിപതിനെട്ടും പയറ്റി നോക്കുന്നുണ്ട്. ഉള്ളവർ കൂടൊഴിഞ്ഞു പോകാതെ പിടിച്ചുനിർത്തി ആചാര്യനെ സുഖിപ്പിക്കാൻ ആവനാഴിയിലെ അവസാന അസ്ത്രവും പ്രയോഗിക്കുന്നുണ്ട്.

സിറാജ് പത്രത്തിൽ തുടർലേഖനങ്ങളെഴുതി നോക്കുന്നുണ്ട്. പക്ഷേ, വിനാശകാലേ വിപരീത ബുദ്ധി എന്നു പറഞ്ഞ പോലെ ഓരോ എഴുത്തിലും ധാരാളം അബദ്ധങ്ങളും അസത്യങ്ങളും വൈരുധ്യങ്ങളും കടന്നുവരുന്നു. അതു കാരണം ഉള്ള വറ്റും ചക്കയിലൊട്ടിയെന്ന വിധം അനുയായികൾ തന്നെ കൂട്ടം തെറ്റുകയാണ്.

ഇവർക്കൊരു എസ്‌വൈഎസ് ഉണ്ടായിരുന്നു. ഇപ്പോഴത് എന്തായി എന്ന് അവരുടെ പ്രസിഡന്റിനു തന്നെ തിട്ടം കാണില്ല. പിന്നെ എസ്എസ്എഫ് എന്നൊരു വിഭാഗവും ഉണ്ടായിരുന്നു. അതും ഏതാണ്ട് അസ്തമിച്ചു തീർന്നു. സുന്നി മാനേജ്മെന്റ് അസോസിയേഷൻ എന്നൊരു കമ്മിറ്റി വർഷത്തിലൊരിക്കൽ ഒരു പത്രപ്രസ്താവന വഴി ജീവിക്കുന്നുണ്ട്. പിന്നെ നാലാൾ പതിപ്പായ സിറാജും സെൻസിംഗും പൂട്ടി പൂട്ടിയില്ലന്ന മട്ടിൽ, ഉണ്ടോ എന്നു ചോദിച്ചാൽ ഉണ്ട്, എന്നാൽ ഇല്ലേ എന്നു ചോദിച്ചാൽ ഇല്ല എന്ന അവസ്ഥയിൽ ‘ഉണ്ടില്ല’ ന്ന വിധം നടന്നുപോകുന്നു.

ചേളാരി സമസ്താലയത്തിൽ അടിച്ചു തളിക്കാരനായാണ് എന്നെ സിറാജ് പരിചയപ്പെടുത്തിയത്. അതൊരു താഴ്ന്ന പണിയാണെന്നാവുമോ പേനാധരൻ വിചാരിച്ചുവച്ചത്. വൃത്തിയാക്കുന്ന പണിക്കെന്താ ഒരു പോരായ്മ എന്നെനിക്കു മനസ്സിലായിട്ടില്ല. ഏതായാലും കലശലായ സ്ഥലകാല ബോധമില്ലായ്മ വിഘടിത ഗ്രൂപ്പിനെ ബാധിച്ചിരിക്കുന്നു.

ഒരേ ലേഖനത്തിൽ തന്നെ നിരവധി വൈരുധ്യങ്ങൾ. തർക്കമില്ലാത്ത കാര്യങ്ങളെ സംബന്ധിച്ചു നെടുനീളൻ വിശദീകരണങ്ങൾ. കോഴിക്കോട്ടെ വ്യാജമുടിയെ സംബന്ധിച്ചാണ് തർക്കം! ഒർജിനൽ ആസാറുകളെ സംബന്ധിച്ചാണ് വിശകലനം!! നബി(സ്വ)യെ ബഹുമാനിക്കണം, അംഗീകരിക്കണം-ഇക്കാര്യങ്ങളിൽ തർക്കമില്ലല്ലോ. ഉള്ളത് മർക്കസിൽ പ്രത്യക്ഷപ്പെട്ട മുടിയെ സംബന്ധിച്ചാണ്. അത് വ്യാജനോ, ഒർജിനലോ?

സാമാന്യ ബുദ്ധിയുള്ളവരും സാധാരണക്കാരും ഏകകണ്ഠമായി അതു വ്യാജമാണെന്നു വിശ്വസിക്കുന്നു. കാന്തപുരത്തിന്റെ ‘പിരിവ് പൊടിക്കൈ’ എന്ന് ഉറച്ച് വിശ്വസിക്കുന്നു. എന്തുകൊണ്ടെന്നാൽ ‘സനദ്’ പറയുന്നില്ല. പറഞ്ഞതോ സനദല്ലതാനും. സനദുണ്ടെങ്കിൽ അതങ്ങ് പറഞ്ഞാൽ മതിയാവില്ലേ? ലേഖകൻ പറയുന്നത് ഇപ്രകാരം: ബറക്കാത്തി സാദാത്തുക്കളുടെ സനദ് ഞാൻ കണ്ടു. അബൂദാബിക്കാരന്റെ സനദ് സമ്മേളനത്തിൽ വച്ച് ഞാൻ കേട്ടു. ഒന്ന് കണ്ടു മറ്റൊന്നു കേട്ടു. ലേഖകൻ കേട്ടത് ഖസ്‌റജിയുടെ വംശപരമ്പരയായിരുന്നു എന്നത് നാട്ടുകാർക്കൊക്കെ ബോധ്യമുള്ളതു ലേഖകന് തിരിയുന്നില്ലെങ്കിൽ എന്തതിശയമേ.. എന്നല്ലാതെന്തു പറയാൻ.

പിന്നെ പറഞ്ഞതു കാന്തപുരം കോഴിക്കോട് നഗരത്തിലും പള്ളികൾ ഉണ്ടാക്കി എന്നാണ്. ആർക്കാണതിൽ തർക്കം. ഉണ്ടാക്കിയ പള്ളികൾ സ്ഥാനത്തോ, അസ്ഥാനത്തോ അതാണ് തർക്കം. സമസ്ത ഉലമാ സമ്മേളനത്തിൽ കസേരകൾ ആളില്ലാത്തതിനാൽ ഒഴിഞ്ഞുകിടന്നു എന്നൊരു പേജിൽ. മറ്റൊരു പേജിൽ സമ്മേളനത്തിൽ വന്നവരുടെ വൻനിര കാരണം കാന്തപുരം നിർമിച്ച പള്ളിയിൽ ജമാഅത്തിനു വന്നിട്ട് സൂചികുത്താനിടമില്ലാതെ നിറഞ്ഞുകവിഞ്ഞൊഴുകി എന്ന്. ഏതാണ്ട് സമാനമായ ശൈലിയിൽ തന്നെയാണ് സെൻസിംഗും എഴുതിയത്.

കാന്തപുരം ഗൾഫിൽ പോയി അറബികളെ കണ്ടു പള്ളിക്ക് പണം വാങ്ങി സത്യസന്ധമായി ചെലവഴിച്ചില്ലെന്ന തർക്കത്തിൽ നിന്നാണല്ലോ സംഗതികൾ തുടങ്ങിയതു തന്നെ. അരീക്കാട് പള്ളി മുതലാണു തർക്കം. പള്ളികൾ വ്യാപാര വസ്തുവല്ലെന്ന പണ്ഡിത പക്ഷത്തു ചേരാൻ അദ്ദേഹത്തിനു ഭാഗ്യമുണ്ടായില്ല. അക്കാരണത്താൽ മുബാറകായ സമസ്തയിൽ നിന്ന് കാന്തപുരത്തിന് ‘ഖുറൂജ്’ അടിക്കേണ്ടി വന്നു. അങ്ങനെ അദ്ദേഹത്തിന്റെ ലക്ഷ്യത്തിനു അദ്ദേഹം സ്വതന്ത്രനാക്കപ്പെട്ടു.

ഇക്കാര്യത്തിൽ ആർക്കെങ്കിലും തർക്കം ഉണ്ടോ?

ശംസുൽ ഉലമ വഹാബിയാക്കി, പിന്നെ പെരിയവർ തന്നെ ‘കഫറ’ ആരോപിച്ചു. കണ്ണിയത്ത് ഉസ്താദിനെ അത്തും പിത്തും പറഞ്ഞു; ഉപ്പും ചാക്കാണെന്ന് പരിഹസിച്ചു. ഈ രണ്ടു മഹാൻമാർക്കെതിരിൽ വിവിധ കോടതികളിൽ കേസുകൊടുത്തു പണം മുടക്കിയതാരാണ്? ഇപ്പോൾ പറയുന്നതു നേരെ മറിച്ചും. കണ്ണിയത്ത് ഉസ്താദും ശംസുൽ ഉലമയും മഹാൻമാർ ആയിരുന്നു എന്നാണിപ്പോഴത്തെ വാചകങ്ങൾ. പിന്നെന്തിന് അവരെ തള്ളിപ്പറഞ്ഞു? അവരുടെ നേതൃത്വം അംഗീകരിച്ചില്ല? സമസ്തക്കെതിരേ കേസുകൾ കൊടുത്തു? ഈ മാതിരി സിമ്പിൾ ചോദ്യങ്ങൾക്ക് പോക്രിത്തരം ഉത്തരം പറയുന്നതിലെ നീതിസാരമെന്താണ്?

കാന്തപുരം ഗ്രൂപ്പ് ക്ഷയിച്ചു ക്ഷയരോഗബാധിതരെ പോലെ എല്ലും തൊലിയുമാവുന്നതിന്റെ കാരണം വ്യക്തം. ഒരേ ലക്ഷ്യം മാത്രം-സമസ്തയെ തകർക്കണം. പരാജയപ്പെടുത്തണം. ധനസ്ഥിതി മെച്ചപ്പെടുത്തണം. ഈ കാര്യങ്ങൾ നേടാനുണ്ടാക്കിയ വിദ്രോഹ വിംഗാണ് എ.പി വിഭാഗമെന്നറിയാത്തവരായി അധിക പേരുണ്ടാവില്ല.

ഇപ്പോൾ അവതരിപ്പിക്കുന്ന ‘മുടി’ അല്ലാഹു ഈ കൂട്ടരെ സാധാരണ ജനങ്ങൾക്കിടയിൽ കൂടുതൽ അറിയാനുള്ള ഉപകരണമാക്കിയിരിക്കുന്നു. വ്യാജം പറയുന്നതു സഹിക്കാതെ അൽപസ്വൽപം ഈമാനുള്ളവർ ഗ്രൂപ്പ് വിട്ടു സമസ്തയിൽ അണിചേർന്നുവരികയാണ്. ജന്മവൈകല്യം വേട്ടയാടുന്ന കാന്തപുരം ഗ്രൂപ്പ് അധികം താമസിയാതെ പിരിച്ചുവിടാനാളില്ലാതെ പിരിഞ്ഞു തീരും. അതിനിനി എത്രകാലം എന്നേ തർക്കം പിടിക്കേണ്ടതുള്ളൂ.